കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 ഒക്ടോബർ
വില ₹20



# കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 25 പുസ്തകങ്ങൾ മുഖ്യമന്ത്രി പ്രകാശനം ചെയ്തു



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 25 പുസ്തകങ്ങളുടെ പ്രകാശനം തിരുവനന്തപുരത്ത് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. നാലു മുതൽ 17 വയസ്സു വരെയുള്ള കുട്ടികളുടെ പ്രായത്തിന്റെ പ്രത്യേകത കണക്കിലെടുത്തുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണം. അദ്ദേഹം പറഞ്ഞു. തലമുറകളായി കൈമാറിവന്നതും പിന്നീട് വരമൊഴിയായി മാറുകയും ചെയ്ത പാട്ടുകളും കഥകളും നന്നായി പാടിപ്പിച്ച് സിഡിയാക്കി സംരക്ഷിക്കാനും ശ്രമിക്കണം. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് അധ്യക്ഷനായിരുന്നു. ആധുനികത വളരുന്നതിനൊപ്പം മാനവികതയും വളരാനുതകുന്ന ആശയലോകം വായനയിലൂടെ സൃഷ്ടിക്കാൻ കഴിയുന്ന പുസ്തകങ്ങൾ ഉണ്ടാവണം. അദ്ദേഹം പറഞ്ഞു.

കവി സുഗതകുമാരി ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു.

മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവ് പ്രഭാവർമ്മ, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ വി മോഹൻകുമാർ, കേരള സാഹിത്യ അക്കാദമി നിർവാഹക സമിതി അംഗം വി എൻ മുരളി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി കാർത്തികേയൻ നായർ, സാക്ഷരതാമിഷൻ ഡയറക്ടർ പി എസ് ശ്രീകല എന്നിവർ പുസ്തകങ്ങൾ മുഖ്യമന്ത്രിയിൽനിന്നും ഏറ്റുവാങ്ങി.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ്, ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതിയംഗം ജി. രാധാകൃഷ്ണൻ എന്നിവരും സംസാരിച്ചു.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2017**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

ഉള്ളടക്കം

## ആറ്റിലേക്കച്ച്യുതാ ചാടൊല്ലേ ചാടൊല്ലേ..

6

**മുരളി തുമ്മാരുകുടി**

കേരളത്തിൽ മുങ്ങിമരിക്കുന്നത് അധികവും കുട്ടികളാണ്. അല്പം ശ്രദ്ധിച്ചാൽ ഒഴിവാക്കാവുന്ന ദുരന്തമാണ് ഓരോ മുങ്ങിമരണവും.





## നീലപ്പക്ഷികൾ

**പി വത്സല**

12

ഗ്രാമത്തിലുള്ള തങ്ങളുടെ പഴയ വീട് അവസാനമായി സന്ദർശിക്കാൻ പോകുന്ന രണ്ടു കുട്ടികൾ. പ്രകൃതിക്കൊപ്പം നടന്ന ആ കുട്ടികളുടെ കഥ.

## വല്ലം നിറ നിറയോ...

**ആലിന്തറ ജി കൃഷ്ണപിള്ള**

30





16

## പ്രൊഫസർ ഐൻസ്റ്റൈനെ വിലയ്ക്കു വാങ്ങാം

**എസ് ശിവദാസ്**

**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**....................5
എൻ ടി രാജീവ്
**കവിതാപരിചയം**....................10
സുഗതകുമാരി
**പിശുക്കൻ**....................11
**ഒരു പ്ലാവ് പഠിപ്പിച്ച പാഠം**....................20
ജെ ലളിതാംബിക
**കടപയാദി**....................24
പള്ളിയറ ശ്രീധരൻ
**എത്ര ഓണം**....................25
പള്ളിപ്പാട് മംഗലം വിഷ്ണുകുമാർ
**ആദ്യപ്രലോഭനം**....................26
സി പി നായർ
**ഇരുളരുടെ ഓണം**....................34
സിന്ധു സാജൻ
**തലമപ്പന്തുകളിക്കാർ**....................36
രാജഗോപാലൻ നാട്ടുകൽ
**സ്കൂൾഡേയ്സ്**....................37
എൻ ടി രാജീവ്
**ശൈലി വന്ന വഴി**....................38
എം ഗീതാഞ്ജലി
**താരകൾ**....................40
അമൃതകുമാരി എസ്
**ഉണരൂ**....................41
രാമകൃഷ്ണൻ കുമരനല്ലൂർ
**ഹവാമഹൽ**....................42
കെ യതീന്ദ്രനാഥൻ
**ടെന്നിസിലെ ശീതമനുഷ്യൻ**....................44
സനിൽ പി തോമസ്
**പാവസുന്ദരി**....................46
ജോൺ സാമുവൽ
**മഹാഭാരതം**....................50
**ഇളംതളിര്**....................52

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്, ലേഔട്ട്
**അരുണ ആലഞ്ചേരി**


ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**സചീന്ദ്രൻ കാറഡ്ക്ക**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സുധീർ പി വൈ



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഈ ജയന്തിദിനത്തിലെങ്കിലും നമുക്ക് ഗാന്ധിജിയെ സ്മരിക്കാം. വന്ദിക്കാം. ഇതുപോലെ നമുക്കു സ്വന്തം എന്നുപറയാൻ മറ്റൊരാളില്ല. ഇന്ത്യയ്ക്കു ലോകത്തിന്റെ മുന്നിൽ ഉയർത്തിപ്പിടിക്കുവാൻ ഇതിലും തെളിമയാർന്നൊരു മുഖമില്ല. അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നത് ഈശ്വരനിലും ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ സംസ്കാരത്തിലുമാണ്. നമ്മുടെ നാടിന്റെ സ്വതന്ത്രവും നിർഭയവുമായ നിലനിൽപ്പിന് രണ്ട് ഉറച്ച പാദങ്ങളുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിത്തന്നു. സത്യം, ധർമം. ഇവ രണ്ടുമുണ്ടെങ്കിൽ മാത്രമേ ഒരു നാടും സംസ്കാരവും നിലനിൽക്കയുള്ളൂ. ഒരു രാഷ്ട്രത്തിന് ഏറ്റവും പ്രധാനം സമ്പത്തും അധികാരവുമല്ല, എളിമയും മര്യാദയും പരസ്പരബഹുമാനവുമാണെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കാൻ ശ്രമിച്ചു. ഹിംസയും ആഡംബരവും ചൂഷണവും ജാതിമതവിദ്വേഷങ്ങളുമില്ലാത്ത ഒരു മഹാരാജ്യത്തെ അദ്ദേഹം സ്വപ്നം കണ്ടു.


എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പത്രം വായിക്കുന്നവരാണെന്നും വാർത്തകൾ ശ്രദ്ധിക്കുന്നവരാണെന്നും ഞാൻ കരുതുന്നു. ഈ നാട്ടിൽ എന്തൊക്കെ നടന്നു

വെന്ന് നിങ്ങൾ അറിയണം. ആലോചിക്കണം. പാഠപുസ്തകങ്ങളെമാത്രം ആശ്രയിച്ചാവരുത് നിങ്ങളുടെ പഠിത്തം. കണ്ണുകൾ തുറന്ന് ചുറ്റും നോക്കി മനസ്സിലാക്കുക. ഇങ്ങനെ യൊക്കെയാണോ കാര്യങ്ങൾ നടക്കേണ്ടത്? ഇതാണോ ഗാന്ധിജി വിഭാവന ചെയ്ത ഭാരതം...?

മുൻമൊഴിയിൽ ഇത്തവണ പറഞ്ഞ തൊക്കെ കുറെ ഗൗരവത്തിലായിപ്പോയി എന്നറിയാം. എങ്കിലും പറഞ്ഞുപോവുക യാണ്. നിങ്ങൾ ഗാന്ധിജിയുടെ ഇന്ത്യയിലെ കുഞ്ഞുങ്ങളാണ്. എളിമയുടെയും കാരുണ്യ ത്തിന്റെയും മര്യാദയുടെയും ധീരതയുടെയും ശക്തിയുടെയും സ്നേഹത്തിന്റെയും പാഠ ങ്ങൾ പഠിച്ചുവേണം നിങ്ങൾ വളർന്നുവരേ ണ്ടത്. നന്നായിവരട്ടെ....

സ്നേഹത്തോടെ
**സുഗതകുമാരി**

ഒരു രാഷ്ട്രത്തിന് ഏറ്റവും പ്രധാനം സമ്പത്തും അധികാരവുമല്ല, എളിമയും മര്യാദയും പരസ്പരബഹു മാനവുമാണെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കാൻ ശ്രമിച്ചു. ഹിംസയും ആഡംബരവും ചൂഷണവും ജാതിമതവിദ്വേ ഷങ്ങളുമില്ലാത്ത ഒരു മഹാരാജ്യത്തെ അദ്ദേഹം സ്വപ്നം കണ്ടു.



# ആറ്റിലേക്കച്ച്യുതാ ചാടൊല്ലേ ചാടൊല്ലേ!

**മുരളി തുമ്മാരുകുടി**

റിപ്പബ്ലിക്ദിനത്തിൽ രാജ്പഥത്തിലെ പരേഡിനിടെ കേരളത്തിന് അഭിമാനിക്കാൻ എല്ലാവർഷവും ഏതെങ്കിലും ധീരന്മാർ ആനപ്പുറത്തേറിയിട്ടുണ്ടാകും. പ്രസിഡന്റിന്റെ കൈയിൽ നിന്നും ധീരതയ്ക്ക് മെഡൽ നേടിയ ചുണക്കുട്ടികൾ. സ്വന്തം സഹോദരങ്ങളെയോ അയൽപക്കത്തുകാരെയോ സ്നേഹിതരെയോ ഇതല്ലെങ്കിൽ മറ്റാളുകളെയോ അതിസാഹസികവും ധീരവുമായി മരണത്തിൽനിന്ന്, മരണം സംഭവിച്ചേക്കാവുന്ന അപകടങ്ങളിൽനിന്ന് സ്വന്തം ജീവനെപ്പോലും തൃണവത്ഗണിച്ച് രക്ഷിച്ച മിടുമിടുക്കക്കുട്ടികൾ. മാധ്യമങ്ങളൊക്കെ ഈ ധീരവീരരെ വാനോളം പുകഴ്ത്തും. അവരുടെ ഗാഥകൾ വീണ്ടും വീണ്ടും നമ്മെ കേൾപ്പിക്കും. പക്ഷേ ഇതു ശരിയായ രീതിയല്ലെന്നേ ഞാൻ പറയൂ.

സസ്യശ്യാമളകോമളമാണ് കേരളം. 44 നദികളാണ് കേരളത്തെ വിഭജിച്ചുകൊണ്ടൊഴുകുന്നത്. 44 നദികൾ തന്നെയാണ് കേരളത്തെ ഒറ്റക്കെട്ടാക്കിനിർത്തുന്നത്. പിന്നെ കടൽ, കായൽ, തോട്, തടാകം എന്നുവേണ്ട എത്രമാത്രം ജലസമ്പന്നമാണ് നമ്മുടെ കൊച്ചുകേരളം. ഇടവപ്പാതിയും കർക്കിടകപ്പേമാരിയും തുലാവർഷവും മേടപ്പാതിയും എല്ലാംകൂടി കേരളത്തെ എപ്പോഴും നനയിച്ചുകൊണ്ടേയിരിക്കുകയാണ്. മഴക്കാലത്ത് റോഡ് തോടാകുന്ന അവസ്ഥ പോലുമുണ്ട്. ചെറിയ ചെറിയ തോടുകൾ കരകവിഞ്ഞൊഴുകും. തലേന്നു നടന്നുപോയ മണൽത്തിട്ടകൾ വെള്ളംകയറി നിറഞ്ഞുനിൽക്കും. പാടങ്ങൾ വെള്ളക്കെട്ടുകളാകും. കടൽ ഇളകിമറിഞ്ഞ് ആർത്തലച്ച് കരയെ വിഴുങ്ങും. കുളങ്ങളിൽ വെള്ളം നിറഞ്ഞു കവിയും. കേരളത്തെ സഞ്ചാരികൾ ഇഷ്ടപ്പെടുന്നതും ഈ ജലസമൃദ്ധി കൊണ്ടുതന്നെ. എന്നാൽ നാം വേണ്ടരീതിയിൽ ജലസുരക്ഷാബോധം ഉള്ളവരാണോ? അല്ലെന്നേ ഞാൻ പറയൂ.

ഞാനിങ്ങനെയൊക്കെപ്പറയുന്നതിന് മതിയായ കാരണങ്ങളും തെളിവുകളുമുണ്ട്. പറഞ്ഞുപറഞ്ഞുവരുമ്പോൾ ഇതൊക്കെ ശരിതന്നെയാണെന്ന് നിങ്ങൾക്കും തോന്നാം. ഒരു ദിവസത്തെ ഏതെങ്കിലുമൊരു ദിനപ്പത്രമെടുത്തു നോക്കൂ. ഒരു മുങ്ങിമരണമെങ്കിലും റിപ്പോർട്ടു ചെയ്യാത്ത പത്രമുണ്ടാവില്ല. സത്യമല്ലേ.


കായലിനരികിൽ കളിവള്ളമുണ്ടാക്കിക്കളിച്ച കുഞ്ഞുങ്ങളിലൊരാൾ മുങ്ങിമരിച്ചത് അടുത്തിടെയാണ്. വിനോദസഞ്ചാരത്തിനുപോയ കുട്ടികളിൽ ചിലർ കാട്ടാറിന്റെ ഭംഗി ആസ്വദിച്ച് നിലയില്ലാക്കയത്തിൽ അകപ്പെട്ടു മരണമടയുന്നു. അവധി ആഘോഷിക്കാൻ പോയവർ, കൂട്ടുകൂടി കാഴ്ചകാണാൻ പോകുന്നവർ, കളിക്കാൻ പോകുന്നവർ, കുളിക്കാൻ പോകുന്നവർ ഇവരിലെത്രപേരാണ് ഒരു ദിവസം ജലത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടു പോകുന്നത്. എന്തുകൊണ്ടാണിങ്ങനെ?

കുറ്റം ജലത്തിന്റേതല്ല. നമ്മുടേതാണ്. ജലം ഏറ്റവും സുന്ദരമായ വസ്തുവാണ്. അതു കാഴ്ചയ്ക്ക് കുളിർമ പകരുന്നു. ഒന്നു മുങ്ങിക്കുളിച്ചാൽ മതിയെന്നു തോന്നുന്ന എത്ര വേനൽക്കാലമാണ് നാം ഓരോ വർഷവും അനുഭവിച്ചു തീർക്കുന്നത്. വെള്ളച്ചാട്ടങ്ങൾ, അരുവികൾ,

കടൽത്തീരങ്ങൾ, തടാകങ്ങൾ, പാറമടകൾ, തോടുകൾ, കനാലുകൾ, കായലുകൾ ഇവയൊക്കെ വേനലിലും വസന്തത്തിലും മഴക്കാലത്തും നമ്മളെ മാടി വിളിച്ചുകൊണ്ടേയിരിക്കും. അനുപമമായ അതിന്റെ സൗന്ദര്യം കണ്ടു വരൂ.. വരൂ.. എന്ന്. ആ വിളി നമുക്കു കേൾക്കാതിരിക്കാനാവില്ല. കാണാതിരിക്കാനാവില്ല. കണ്ടാൽ മടങ്ങിപ്പോരാനുമാകില്ല. നാം ഇറങ്ങിപ്പോകും. പക്ഷേ പാടില്ല തന്നെ. മനസ്സിന്റെ ചപലതയെ കുറച്ചു നേരത്തേക്കെങ്കിലും നാം പിടിച്ചുകെട്ടിയേ പറ്റൂ. എന്തെന്നാൽ ധീരതയോ സാഹസമോ ഒന്നും നഷ്ടപ്പെടുന്ന ജീവനെ തിരിച്ചുതരില്ലതന്നെ.

കേരളത്തിലെ നിശ്ശബ്ദമായ ചില ജീവിതങ്ങളെയോ അവരുടെ ജീവിതസാഹചര്യങ്ങളെയോ മറന്നുകൊണ്ടല്ല ഞാനിങ്ങനെ പറയുന്നത് എന്നുകൂടി മനസ്സിലാക്കണം. ചില പ്രദേശങ്ങൾ ചിലപ്പോൾ ജലംകൊണ്ടുതന്നെ മറ്റു പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്നുണ്ടാകും. ഉണ്ടാകും എന്നല്ല ഉണ്ട്. അവരോട് വെള്ളത്തിലിറങ്ങരുത് എന്ന് നമുക്ക് പറയാനാകില്ല. അവർക്ക് സ്കൂളിൽപ്പോകാനും പുറംലോകവുമായുള്ള ബന്ധവുമൊക്കെ ഈ ജലരേഖ കടന്നുവേണം നിർവഹിക്കാൻ. അവരാകട്ടെ നീന്തൽ പഠിച്ചിട്ടുമുണ്ടാവും. അപ്പോൾ ഞാൻ പറഞ്ഞു വരുന്നതിതാണ്. ജലസുരക്ഷയെപ്പറ്റിയുള്ള അവബോധവും നീന്തൽപഠനവും നാം അത്യാവശ്യം നടപ്പിലാക്കിയേ മതിയാകൂ. മാത്രമല്ല നമ്മുടെ കൺമുന്നിൽ ഒരാൾ ജലത്തിൽ അപകടത്തിൽപ്പെട്ടാൽ എങ്ങനെ പ്രതികരിക്കണം എന്നൊക്കെ നാം മനസ്സിലാക്കിയിരിക്കണം. സുനാമി വന്നപ്പോൾ ഒറ്റയടിക്ക് ഉണ്ടായ മരണത്തെക്കാൾ കൂടുതലാണ് ഈ വർഷം കേരളത്തിൽ മുങ്ങിമരണം കൊണ്ടുണ്ടാകുന്നതെന്ന തിരിച്ചറിവിൽ നിന്നാണ് ഞാൻ ഇത്ര ഭീമമായ, എന്നാൽ ലളിതമായ ഒരു ആവശ്യം മുന്നോട്ടു വയ്ക്കുന്നത്. ദയവായി ഇതു ലളിതമായി കാണരുത്. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജലത്തെ ആശ്രയിക്കേണ്ടിവരുന്നവർക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങളെക്കാൾ എത്രയോ മടങ്ങാണ് അശ്രദ്ധ കൊണ്ട് കേരളത്തിൽ സംഭവിക്കുന്ന മുങ്ങിമരണങ്ങൾ എന്ന ആധികാരികമായ അറിവുകൊണ്ടാണ് ഞാനിപ്പോൾ ഇങ്ങനെ ഒരാവശ്യം ഉന്നയിക്കുന്നത്.

1967 മുതൽ കേന്ദ്ര സർക്കാരിന്റെ 'നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോ ആക്സിഡന്റ്സ് ആന്റ് സൂയിസൈഡ്



വര: ബോബി എം പ്രഭ

ഡെത്ത്സ് ഇൻ ഇന്ത്യ' എന്നൊരു വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. ഇന്ത്യയിൽ നടക്കുന്ന അപകടമരണം, ആത്മഹത്യ എന്നിവയുടെ സംസ്ഥാനം തിരിച്ചും നഗരംതിരിച്ചും ഉള്ള കണക്കുകൾ അതിലുണ്ട്. 2012 ൽ കേരളത്തിൽ 1811 പേരാണ് മുങ്ങിമരിച്ചതെന്ന് റിപ്പോർട്ടിൽപ്പറയുന്നു. ഇതു സത്യമാണെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരശ്രദ്ധ ഉണ്ടായേ മതിയാവൂ. 2014ലെ കണക്കനുസരിച്ച് ഒരുവർഷം ഒരു ലക്ഷത്തിന് 4പേർ എന്ന മട്ടിൽ മുങ്ങി മരിക്കുന്നു. റോഡപകടത്തെക്കുറിച്ചും വൈദ്യുതികൊണ്ടുള്ള അപകടങ്ങളെക്കുറിച്ചും റെയിൽവേയുമായി ബന്ധപ്പെട്ട മരണത്തെക്കുറിച്ചുമൊക്കെ നമുക്കു കണക്കുകളും അവയിൽനിന്ന് രക്ഷപ്പെടാനുള്ള നിർദേശങ്ങളുമുണ്ട്. അനവധി സർക്കാർസംവിധാനങ്ങൾ ഇവ ശ്രദ്ധിക്കുകയും അതിൽനിന്ന് രക്ഷനേടാനുള്ള ഉപായങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. എന്നാൽ കേരളത്തിൽ മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുന്ന ജീവനെക്കുറിച്ചോ അതിന്റെ കണക്കുകളോ ലഭ്യമല്ല.

കേരളത്തിൽ പലപ്പോഴും മുങ്ങിമരണം റിപ്പോർട്ട് ചെയ്യുമ്പോൾ അതിൽ ഒന്നിലധികം ആളുകൾ ഉൾപ്പെട്ടതായി കാണാം. ഒരാൾ ഒഴുക്കിലോ വെള്ളത്തിലോ അകപ്പെടുമ്പോൾ രക്ഷിക്കാൻ ശ്രമിച്ചാണ് മരണസംഖ്യ ഉയരുന്നത്.

ഇവിടെ നമുക്ക് ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട്. വെള്ളത്തിൽ മുങ്ങി ശ്വസനം തടസ്സപ്പെട്ട് മരണത്തിലേക്ക് മുങ്ങിപ്പോവുകയാണ് പല സാഹചര്യങ്ങളിലും. അപ്പോൾ അതിനുള്ള സാഹചര്യം ഒഴിവാക്കുകയോ തടയുകയോ ചെയ്യുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. മുങ്ങിപ്പോകുന്നതുകണ്ടാൽ അപകടത്തിൽപ്പെട്ടയാളെ എങ്ങനെ സുരക്ഷിതമായ സ്ഥലത്ത് എത്തിക്കാം എന്നാണ് ആദ്യമായി ആലോചിക്കേണ്ടത്. ചില കാര്യങ്ങൾ ഇവിടെയും ശ്രദ്ധിച്ചേ മതിയാകൂ. നമ്മൾ പറയുന്നതോ ചെയ്യുന്നതോ ആയ കാര്യങ്ങളോട് വെള്ളത്തിൽ മുങ്ങിപ്പോയ ആൾ പ്രതികരിക്കുകയാണെങ്കിൽ ഉടനടി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുക.

**എറിഞ്ഞുകൊടുക്കുക, ചാടിയിറങ്ങരുത്.**

1. നീളമുള്ള വടിയോ കയറോ പൊങ്ങിക്കിടക്കുന്ന സാധനങ്ങളോ ലൈഫ് ബോയയോ അപകടത്തിൽപ്പെട്ട ആളുകളുടെ അടുത്തെത്തിക്കുക.
2. അതിനു സാധിച്ചില്ലെങ്കിൽ തുഴഞ്ഞോ നീന്തിയോ എത്താവുന്ന ദൂരത്തിലാണെങ്കിൽ പൊങ്ങിക്കിടക്കുന്ന വസ്തുക്കളുപയോഗിച്ച് ലൈഫ്ബോയ, ചങ്ങാടം, ബോട്ട് എന്നിവയുടെ സഹായത്താലോ രക്ഷാപ്രവർത്തനം നടത്താം.
3. നീന്തലിൽ വൈദഗ്ധ്യം നേടിയ ആളാണെങ്കിൽ



**എന്തൊക്കെ മുൻകരുതലുകൾ നാം എടുക്കണം**

- മുതിർന്നവർ ഇല്ലാതെ വെള്ളത്തിലിറങ്ങരുത്. അത് ഫ്ളാറ്റിലെ സ്വിമ്മിങ്പൂളായാലും കടലായാലും കുളമായാലും.

- കൂട്ടുകാരുടെ കൂടെമാത്രം മീൻപിടിക്കാനോ കുളിക്കാനോ യാത്രയ്ക്കോ കളിക്കാനോ പോകരുത്. മുതിർന്നവർക്കൊപ്പംമാത്രമേ പോകാവൂ.

- വെള്ളത്തിൽവച്ച് കൂടാൻ സാധ്യതയുള്ള അസുഖങ്ങളുള്ളവർ (അപസ്മാരം, ചില ഹൃദ്രോഗങ്ങൾ, മസിലിന്റെ കോച്ചിവലിവ്) കൂട്ടുകാരോടും ബന്ധുക്കളോടും അക്കാര്യം അറിയിക്കണം.

- വെള്ളവുമായി സമ്പർക്കമുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ അപകടം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടിക്കണ്ട് കൂടെയുള്ളവരെ രക്ഷപ്പെടുത്താനുള്ള സംവിധാനവും കരുതണം. ഒരു വാഹനത്തിന്റെ വീർപ്പിച്ച ട്യൂബിൽ ഒരു നീണ്ട പ്ലാസ്റ്റിക് കയർ കെട്ടിയതായാൽപ്പോലും ധാരാളം.

- വെള്ളവുമായി സമ്പർക്കമുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ ധരിക്കുന്ന വസ്ത്രവും പ്രധാനമാണ്. വെള്ളത്തിൽ നിന്ന് രക്ഷപ്പെടാൻ ബുദ്ധിമുട്ടുണ്ടാക്കാത്ത വസ്ത്രങ്ങൾ ധരിക്കുക.

- വെള്ളത്തിലേക്ക് എടുത്തു ചാടരുത്. ചിലപ്പോൾ ആഴം കുറവായിരിക്കും. ചെളികാണും. പാറയോ, കൊമ്പോ കാണും. ആഴം കുറവായാൽ ദേഹത്തിനു ക്ഷതം പറ്റാം. ചെളിയിൽ പൂണ്ടുപോകാം. പാറയിലോ കൊമ്പിലോ പോയി അടിക്കാം.

- ആഴമില്ലാത്തതുകൊണ്ടുമാത്രം ഒഴുക്കുള്ള വെള്ളം സുരക്ഷിതമല്ല. ബാലൻസുതെറ്റി വീണാലും മുങ്ങിമരണം സംഭവിക്കാം.

- ഇരുട്ടിയതിനുശേഷം വെള്ളത്തിലിറങ്ങരുത്

- തിരക്കില്ലാത്ത ബീച്ച്, ആളുകൾ അധികം പോകാത്ത പുഴ, തടാകം എന്നിവിടങ്ങളിൽ തനിയെ പോകരുത്.

- ക്ഷീണംതോന്നിപ്പിക്കുന്ന, ഉറക്കം അനുഭവപ്പെടുത്തുന്ന മരുന്നുകൾ കഴിക്കുമ്പോഴോ അസുഖമുള്ളപ്പോഴോ വെള്ളത്തിലിറങ്ങരുത്.

- കമ്പോളത്തിൽക്കിട്ടുന്ന വായുനിറച്ച റിങ്, പൊങ്ങിക്കിടക്കുന്ന ഫ്ളോട്ട്, കൈയിൽക്കെട്ടുന്ന ഫ്ളോട്ട് ഇതൊക്കെ ഉള്ളതുകൊണ്ട് വെള്ളത്തിലിറങ്ങാം എന്ന് കരുതരുത്. അവയൊന്നും സുരക്ഷിതമല്ല.

ക്കൂടി ഇവയുടെ സഹായത്തോടു കൂടി മാത്രമേ രക്ഷാപ്രവർത്തനം നടത്താവൂ. അടിയൊഴുക്ക്, ചുഴികൾ, പായലുകൾ നിറഞ്ഞ സ്ഥലം, ചതുപ്പുപ്രദേശം എന്നിവ തിരിച്ചറിയാതെ പോയാൽ അപകടത്തിന്റെ തീവ്രത കൂടും.

4 വെള്ളത്തിൽ വീണയാൾക്ക് തലയ്ക്കോ, കഴുത്തിനോ, നട്ടെല്ലിനോ ചിലപ്പോൾ ക്ഷതം സംഭവിക്കാം. അപ്പോൾ ഒറ്റയ്ക്കു നീന്തിച്ചെന്ന് രക്ഷപ്പെടുത്തുന്നത് പ്രായോഗികമല്ല.

5 അപകടത്തിൽപ്പെട്ടയാളെ പുറത്തുകൊണ്ടുവന്ന് എത്രയുംപെട്ടെന്ന് പ്രാഥമിക ശുശ്രൂഷ നൽകണം. അത് പ്രത്യേകം പരിശീലിക്കുക തന്നെവേണം.

6 വയറ്റിലമർത്തി വെള്ളം കളയാൻ ശ്രമിക്കരുത്.

ഇത്തരം അപകടങ്ങളെക്കുറിച്ചും അപകടസ്ഥലങ്ങളെക്കുറിച്ചുമുള്ള ബോധവത്ക്കരണമാണ് ആദ്യം വേണ്ടത്. സുരക്ഷാ ഉദ്യോഗസ്ഥർ ഇത്തരം സ്ഥലങ്ങളിലുണ്ടെങ്കിൽ അവരുടെ നിർദേശങ്ങൾ പാലിക്കണം. സ്കൂൾ പാഠ്യപദ്ധതിയിൽ എൽ പി തലംമുതൽ നീന്തൽ പ്രത്യേകവിഷയമായി ഏർപ്പെടുത്തണം.

അശ്രദ്ധ, അമിതാവേശം, അവഗണന, അവബോധമില്ലായ്മ ഇവകൊണ്ട് എത്രമാത്രം വിലപ്പെട്ട ജീവനുകളാണ് വെള്ളത്തിൽ മുങ്ങിപ്പൊലിയുന്നത്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന് ഓർത്തുകൂടേ.

*(ഐക്യരാഷ്ട്ര പരിസ്ഥിതി സംഘടനയുടെ ദുരന്തലഘൂകരണവിഭാഗം തലവനാണ് മലയാളിയായ മുരളി തുമ്മാരുകുടി.)*

# രാജഘട്ടത്തിൽ

സുഗതകുമാരി

യമുനേ, നിന്നെക്കാണുമ്പോളെൻ
മിഴിയിണ വീണ്ടും നനയുന്നു
നിൻ കരയിൽ കുളിർ വീശും പാവന
മണ്ഡപസന്നിധി പൂകുമ്പോൾ
കരതാർ കൂമ്പി വണങ്ങീടുമ്പോൾ
സ്മരണകളായിരമുയരുന്നു.
അൻപിലനുഗ്രഹവർഷം ചൊരിയും
പുഞ്ചിരിതൻ മൃദുകിരണങ്ങൾ,
പിച്ച നടക്കാനെങ്ങൾ പഠിക്കാ-
നച്ഛൻ നീട്ടിയ തൃക്കൈകൾ
അടിമകൾ ഞങ്ങൾക്കൂരിത്തന്നോ-
രുടവാളിൻ സ്ഫുട രടിതങ്ങൾ
അടിയേറ്റവശം വീഴ്കെച്ചുറ്റും
വെടിമഴ പെയ്കെയിരുട്ടാകെ
തടവറ വായ പിളർക്കെ, ക്കേട്ടോ-
രമൃതത്വത്തിൻ വചനങ്ങൾ,
ഒടുവിൽ തൃക്കൊടിയുയരെപ്പാറി-
പ്പുതിയൊരു പുലരിയണഞ്ഞപ്പോൾ
ഉത്സവഘോഷപ്പൊലിമയിൽ, ദൂരെ-
ദുഃഖശതങ്ങൾ വിളിക്കുമ്പോൾ
കവിളിൽ കണ്ണീർ ധാരയൊടങ്ങോ-
ട്ടുഴറും കരുണാശോകങ്ങൾ.
പിന്നെയൊരന്തി... അനന്തസ്നേഹം
തിങ്ങി നിറഞ്ഞോരാ മാറിൽ...
കര കാണാത്തൊരു വാത്സല്യത്തോ-
ടിവരെയണയ്ക്കും വിരിമാറിൽ
തീയുണ്ടകൾ തന്നർച്ചന-രുധിരം
തൂവി,ത്തളരും കൈകൂപ്പി
ഹാ, ഞങ്ങൾക്കായോതിയ രാമ
മഹാനാമത്തിൻ ദൃഢശബ്ദം...
യമുനേ... നിന്നെക്കാണുമ്പോഴെൻ
മിഴിയിണ വീണ്ടും നിറയുന്നൂ
അൻപിലനുഗ്രഹ വർഷമണച്ചൊരു
പുഞ്ചിരിതൻ മൃദുകിരണങ്ങൾ
കരളിൽ കോരി നിറച്ചും കൊണ്ടീ-
ക്കൽത്തറ തൊട്ടു നമിക്കുന്നൂ...

വര: ബാബുരാജൻ



# പിശുക്കൻ

ഈ ഗാന്ധിയ പ്പൂപ്പൻ വലിയൊരു പിശുക്കനാണെന്ന് കുട്ടികൾക്കറിയാമോ? അദ്ദേഹം എഴുതാൻ വേണ്ടി ഒരു പെൻസിൽ ഭംഗിയായി മുന ചെത്തിമിനുക്കി ഉപയോഗിച്ചുതുടങ്ങും. എഴുത്തോടെഴുത്താണ്. വരുന്ന കത്തുകളുടെയും കടലാസുകളുടെയുമൊക്കെ മറുപുറം ഒഴിഞ്ഞു കിടക്കുന്നവയെല്ലാമെടുത്ത് അടുക്കി സൂക്ഷിക്കും. അവയിലൊക്കെയാണ് കുത്തിയിരുന്ന് എഴുതുന്നത്. അങ്ങനെ എഴുതിയെഴുതി പെൻസിൽ ചെറുതാകുമ്പോഴൊന്നും കളയുമെന്നു വിചാരിക്കേണ്ട. തേഞ്ഞുതേഞ്ഞ് കുറ്റിയാകും വരെ ഉപയോഗിക്കും. തീരെ കൈയിൽ പിടിക്കാൻ വയ്യാതാകുമ്പോൾ ഒരു പേനയുടെ അടപ്പോ മറ്റോ എടുത്ത് അതിൽ ആ കുറ്റി തിരുകി വെച്ച് എഴുതിത്തുടങ്ങും...! അതിന്റെ അവസാനത്തെ തരിവരെ പ്രയോജനപ്പെടുത്തും.

ഇതിനു കാര്യമെന്ത്? ഗാന്ധിജി പറയും ഇന്ത്യ ഒരു ദരിദ്രരാജ്യമാണ്. പാവപ്പെട്ടവരാണ് ഇവിടെ അധികവും. നാം ഒന്നും എറിഞ്ഞുകളയാൻ പാടില്ല. അതുപോലെ ഭൂമിയും ഒരുപാടു മക്കളുള്ള പാവപ്പെട്ട ഒരമ്മയാണ്. മക്കൾക്കു വേണ്ടതൊക്കെ അമ്മ കൊടുക്കും. പക്ഷേ അവർക്ക് എറിഞ്ഞുകളയാൻ തക്കവിധത്തിൽ അമ്മയുടെ പക്കൽ അത്രയ്ക്കൊന്നുമില്ല. എല്ലാമെല്ലാം നിങ്ങൾ ഏറ്റവും സൂക്ഷിച്ചേ ഉപയോഗിക്കാവൂ.

നിങ്ങൾ ആലോചിച്ചു നോക്കൂ. നിങ്ങൾ ഡോട്പേന ഉപയോഗിക്കുന്ന വിധം. കടലാസോ? നോട്ടുബുക്കോ? എത്ര നിസ്സാരമായി നാം എല്ലാം എറിഞ്ഞുകളയുന്നു! നാളെ ഭൂമിയുടെ പക്കൽ ഇതെല്ലാം ഉണ്ടാക്കാനുള്ള വിഭവങ്ങളുണ്ടാവുമോ?



# നീലപ്പക്ഷികൾ

പി വത്സല

നേരത്തെ സ്കൂൾ വിടുന്ന അവസരം കാത്തിരിക്കുകയായിരുന്നു കുട്ടികൾ. മഹീന്ദ്രയും വീരമണിയും. പഴയവീട്ടിലേക്കുള്ള വഴി അവർ നന്നായി മനസ്സിൽ വരച്ചുവച്ചിരുന്നു. കാരണം, വീടുവിട്ടവർക്ക് ആദ്യവീട് അവരുടെ ശൈശവത്തിന്റെ പാഠശാല ആയിരുന്നു. നല്ല ഉയരത്തിൽ, പുറകുവശത്തെ വനത്തിനോടു കിടപിടിക്കുന്ന ബംഗ്ലാവ്. വിദേശത്തെ ജോലികാരണം അച്ഛനുമമ്മയ്ക്കും ധാരാളം പണമുണ്ട്. എന്തും വിലയ്ക്കുവാങ്ങാം. കാറുകൾ, കളിപ്പാട്ടങ്ങൾ, പാർട്ടികൾ, വിനോദയാത്രകൾ... നാടെന്നു പറയുന്നയിടം കുഞ്ഞുങ്ങളുടെ ഓർമിയിലെങ്ങുമില്ല.

അതിനാൽ ഇതുതന്നെ തങ്ങളുടെ നാടുംവീടും ജീവിതവും. ഇക്കാര്യം അറിയാൻ അച്ഛനുമമ്മയ്ക്കും നേരമില്ല. ഉണരുക, വീടുവൃത്തിയാക്കുക, കത കടച്ചുപൂട്ടുക. നൂറുകിലോമീറ്ററകലെ കാത്തുനിൽക്കുന്ന തൊഴിലിടങ്ങളിലേക്കു പറക്കും കാറിൽ സഞ്ചരിക്കുക. കുഞ്ഞുകാലത്ത് ശരിക്കും പറക്കുകതന്നെ ആയിരുന്നു. വീട്ടിന്റെ രണ്ടാംനിലയുടെ പടിഞ്ഞാറും തെക്കും തുലാങ്ങൾ കൂട്ടിമുട്ടുന്ന കോണിൽ



വര: ടി ആർ രാജേഷ്

കുഞ്ഞുങ്ങൾക്കുവേണ്ടി നീലപ്പക്ഷികൾ കൂടുകൂട്ടുന്നുണ്ടായിരുന്നു. അവരിൽ മുട്ടയിടാൻ ധൃതിയായി പെൺപക്ഷിക്ക്. അവൾ പടിഞ്ഞാറെ മുറ്റത്തിന്റെ അതിരായ വനഭിത്തിയിലേക്കു കുറുകെപ്പറന്ന് പെന്നിന്റെ വണ്ണമുള്ള നേരിയ കമ്പുകൾ കണ്ടുപിടിക്കുന്നത് മഹീന്ദ്രയും വീരമണിയും കൗതുകത്തോടെ നോക്കിനിന്നു. കളിവണ്ടി ലോണിൽ നിർത്തിയിട്ട് പക്ഷികൾ എന്തിനാണ് പാടുപെടുന്നതെന്നാലോചിച്ചു.

പലതവണ കൊമ്പുകൊണ്ടും കൊക്കിനാലും കമ്പിന്റെ ബലം പരിശോധിച്ചു. അസ്തമിക്കാൻ സമയം കൂടുതലെടുക്കുന്ന കാലത്ത് മനുഷ്യക്കുഞ്ഞുങ്ങൾ പേരറിയാൻ പാടില്ലാത്ത പക്ഷികളുടെ അധ്വാനത്തെ ഉറ്റുനോക്കി. ഒരേ തരത്തിൽ, നടുവുലഞ്ഞു വളഞ്ഞ കമ്പുകളാണ് അവയുടെ പരിശോധനയ്ക്കു വിധേയമാക്കുന്നതെന്ന് ഏട്ടനായ മഹീന്ദ്ര കണ്ടെത്തി.

''വീരാ, നോക്കൂ. അവർ കമ്പു മുറിക്കുന്ന ചേല് കണ്ടോ?''

''കണ്ടു.''

''എന്ത് കണ്ടു?''

''ഒരേ നീളം.''

''പിന്നെ...''

''ഒരു ഭാഗത്ത് ഒരു കവരമോ ഒടിവോ?''

''മനസ്സിലായോ? കിളികൾ എന്തെടുക്കുവാ?''

''അവർ ഒരു വീടുകെട്ടുകയാണ്.''

''ഇതുവരെ പാർത്തിരുന്ന വീടെവിടെ?''

''അതു നമ്മുടെ വീടിന്റെ മേലെ മൂലയിലെ ഉത്തരങ്ങൾ കൂട്ടിച്ചേരുന്നിടത്താണ്.''

''പിന്നെന്തിനാ ഇപ്പഴ് മറ്റൊരു വീട്?''

''പെൺപക്ഷി മുട്ടയിടാമ്പോണു!''

അനിയൻ വീരമണി തുള്ളിച്ചാടി.

''നമുക്കൊന്നു കേറിക്കാണാൻ പറ്റുമോ?''

''ഇല്ലില്ല. കിളികളുടെ ജീവിതരീതി മനുഷ്യർക്ക് അകലങ്ങളിൽ നിന്നേ കാണാനൊക്കൂ. നമ്മെ അവറ്റ അടുപ്പിക്കില്ല.''

''അതെന്ത്?''

''നാം അവരെ അകത്താക്കും. ചെലപ്പോ വയറ്റിനകത്ത് അല്ലെങ്കിൽ കമ്പിക്കൂടിനകത്ത്.''

വീരമണി വിറച്ചുപോയി

''മഹി കണ്ടിട്ടുണ്ടോ മനുഷ്യര് കിളിയെ തിന്നുന്നത്?''

''പിന്നല്ലാതെ ചിക്കൻ! ചിക്കനെന്താ ജീവനുള്ള കിളിയായിരുന്നില്ലേ? സൂപ്പർ മാർക്കറ്റിലെ പാക്കറ്റിലെത്തിയതെങ്ങനെയാ?''

വീരമണിക്കു കരച്ചിൽ വന്നു.

''ഇനിമേൽ ചിക്കൻ കഴിക്കില്ല ഞാൻ.''

''കണ്ടോളൂ, ഡോക്ടറായ അപ്പനും ആപ്പീസറായ അമ്മയും നിന്നെ തന്നിഷ്ടത്തിനു വിടില്ല.''

അപ്പോൾ സന്ധ്യാസമയത്തെ പൊൻപ്രകാശത്തിനെതിരെ, പൊന്നുരുക്കി കുളിച്ചു പറക്കുന്ന കിളികൾ അവരുടേതായിരുന്ന മാളികയുടെ മോന്തായത്തിലേക്കു പറന്നുവന്നു. ഇരുവരുടെയും കൊക്കിൽ ഒരേ കോണിൽ ചേർന്ന ശിഖരങ്ങളുടെ ഓരോ കമ്പ്. കൂടുകെട്ടാൻ കഴുക്കോലുകൾ ശേഖരിക്കുകയാണ്.

''അവർക്ക് പണിത്തരങ്ങൾ മാർക്കറ്റിൽ പോയി മേടിക്കാൻ പറ്റില്ലല്ലോ അല്ലേ?''

''മാർക്കറ്റിലുള്ള കിളിക്കൂടുകൾ അവരെ തടവിലിടാൻ കൊള്ളാം.''

''മനുഷ്യർ ദുഷ്ടരാണല്ലേ?''

''ആണെന്നോ? അവർ വേണ്ടിവന്നാൽ കുഞ്ഞുങ്ങളേം ഉപേക്ഷിക്കും.''

മഹീന്ദ്ര പെട്ടെന്നു നിർത്തി. അവൻ അനിയന്റെ കവിളിലെ ഉണങ്ങിയ കണ്ണീർപ്പാട് കണ്ടെത്തി. ഏട്ടൻ കൈനീട്ടി അനിയന്റെ കീശയിലെ ടിഷ്യുപേപ്പർ എടുത്ത് അനിയന്റെ കവിൾ തുടച്ചുവൃത്തിയാക്കി. അവസാനിക്കുംവരെ വീരമണി ശ്വാസം പിടിച്ചുനിന്നു. ഏട്ടൻ കൈ പിൻവലിച്ചതും അവൻ പൊട്ടിക്കരഞ്ഞതും ഒരേ നിമിഷത്തിൽ.

മഹീന്ദ്ര ആകാശത്തിലേക്കു ചൂണ്ടി.

''നോക്കൂ, നീലത്താമരകൾ പൊന്നിലാറാടി വീടുനിൽക്കുന്ന മരക്കൊമ്പിലേക്കു പറന്നുവരുന്നു.''

''ഇതു നമ്മുടെ വീടായിരുന്നു!'' ചെറിയകുട്ടി പിറുപിറുക്കുന്നു.

അപ്പോൾ ചേട്ടൻ തങ്ങളുടേതായിരുന്ന വീടിന്റെ പുറകിലെ ലോണിൽ മേപ്പിൾ മരത്തടിക്കു തൊട്ടുനിൽക്കുന്ന കളിവണ്ടിയെ ചൂണ്ടിക്കാണിച്ചു.

''അതു നമ്മുടെ വണ്ടിയായിരുന്നു. ആദ്യം എന്റേത്.

മഹീന്ദ്ര പെട്ടെന്നു നിർത്തി. അവൻ അനിയന്റെ കവിളിലെ ഉണങ്ങിയ കണ്ണീർപ്പാട് കണ്ടെത്തി. ഏട്ടൻ കൈനീട്ടി അനിയന്റെ കീശയിലെ ടിഷ്യുപേപ്പർ എടുത്ത് അനിയന്റെ കവിൾ തുടച്ചുവൃത്തിയാക്കി. അവസാനിക്കുംവരെ വീരമണി ശ്വാസം പിടിച്ചുനിന്നു. ഏട്ടൻ കൈ പിൻവലിച്ചതും അവൻ പൊട്ടിക്കരഞ്ഞതും ഒരേ നിമിഷത്തിൽ.

ഞാനത് കേടുവരുത്താതെ സൂക്ഷിച്ചുവച്ചു. പിന്നെ നിനക്കുതന്നു. അപ്പോൾ സമ്മാനമായിട്ട് അപ്പനെനിക്കൊരു നല്ല ബൈസിക്കിൾ മേടിച്ചു തന്നു.''

''ഏട്ടനോ?''

''ഒരു ശരിയായ സൈക്കിൾ തന്നെ മേടിച്ചുതരും.''

അവരിരുവരും കൈകോർത്ത് വനത്തോടു ചേർന്നു നിൽക്കുന്ന മേപ്പിൾ മരങ്ങളുടെ കടയ്ക്കലേക്കു നടന്നു.

മഹീന്ദ്ര തന്നത്താൻ പറഞ്ഞു.

'കിളികൾക്കും മരങ്ങൾക്കും മൃഗങ്ങൾക്കും വനം, നമുക്ക് വീടുകൾ, നഗരം, ടൗൺഷിപ്പ്...'

നോക്കിനിൽക്കെ ഓരോ ചെടിയിലും വള്ളിപ്പടർപ്പിലും കൂറ്റൻ വൃക്ഷങ്ങളിലും അനേകം കിളിക്കൂടുകളുണ്ടെന്ന് അവർ കണ്ടെത്തി. മനുഷ്യഗൃഹങ്ങൾക്കു നേരെ ഒരു സൈന്യംപോലെ കാർമേഘങ്ങൾ നീങ്ങുന്നു. മഹീന്ദ്ര നോക്കി നിൽക്കുന്നു. മഴ പെയ്താലെന്തു ചെയ്യും? വീടിന്റെ കൊച്ചുവരാന്തയിൽ പഴയപടി ചെയ്യുമ്പോലെ കേറിനിൽക്കാം'.

നാലഞ്ചുപടവുകൾ. കേറിനിൽക്കാനിടമുണ്ട്. മഴ കാണുകയും ചെയ്യാം. നനയാതിരിക്കുകയും ആവാം.

ചിത്രാങ്കിതമായ ഗ്ലാസ് കതകിന്റെ കനത്തപാളികൾ തങ്ങൾക്കുവേണ്ടി ഇനി ഒരിക്കലും ആരും തുറന്നു തരില്ല. പോക്കറ്റിൽ ഒരു താക്കോലും ഇല്ല. രണ്ട് കാറുകൾക്കു കേറിയിരുന്നു വിശ്രമിക്കാനുള്ള വലിയൊരു ഷെഡ് ചുണ്ടുചേർത്തടച്ച് ഗൗരവക്കാരനായൊരു കാവൽഭടനെപ്പോലെ, നടയിൽ നോട്ടമുറപ്പിച്ചു നിൽക്കുന്നു. തുറക്കില്ല, നമ്മൾക്കായിട്ട്. അതിനകത്ത് നമ്മൾ ഉപേക്ഷിച്ചു പോയതോ മറന്നുവച്ചതോ ആയ ചില കളിപ്പാട്ടങ്ങൾ കാണും. എടുത്തുകൊണ്ടുപോകാൻ വേണ്ടതിലധികം ഉണ്ടായിരുന്നു. ഗെയിം കമ്പ്യൂട്ടറുകൾ, കൊച്ചു കാറുകൾ, തീവണ്ടികൾ, ബുൾഡോസർ. സെക്യൂരിറ്റിക്കാരൻ എല്ലാം ഒഴിവാക്കീട്ടുണ്ടാവും.

മഴക്കാറുകൾ പടഹധ്വനി മുഴക്കുകയും, മരങ്ങൾ നെഞ്ചത്തലച്ചുകരയുകയും ചെയ്യാൻ തുടങ്ങുന്നു.

കുട്ടികൾ ഒരു ഭയവും ഇല്ലാതെ, വീടിനു ചേർന്ന് ഇപ്പോഴും പുഷ്പിച്ചുകൊണ്ടിരിക്കുന്ന പനിനീർക്കൂടാരങ്ങളെ നോക്കിനിന്നു. അവയ്ക്കു കരച്ചിലല്ല. സന്തോഷക്കണ്ണീരാണ്.

വീരമണി മഴവീഴുന്ന ഇറയത്തേക്കിറങ്ങി പനിനീർക്കുഞ്ഞുങ്ങളുടെ കവിളിൽ ഉമ്മ നൽകി.

''കേറി നിൽക്ക്! അപ്പയും അമ്മയുമില്ല ശകാരിക്കാനിവിടെ!''

അനിയൻ ഞെട്ടി! ഏട്ടൻ, കുട്ടിയുടെ മുഖം സൂക്ഷ്മമായി പരിശോധിക്കുന്നു. ഒരു നിയമവും നോക്കാതെ ബെൽറ്റിന്റെ പിടുത്തത്തിൽ നിന്നു വലിച്ചൂരിയ തന്റെ ഉടുപ്പിന്റെ അറ്റം ചുരുട്ടി അനിയന്റെ മുഖം തോർത്തുന്നു.

ഒരു വൻമഴ കഴിഞ്ഞു.

രാത്രിയായിട്ടും സൂര്യനസ്തമിക്കാത്ത ഉഷ്ണകാല മഴ തത്കാലം തോർന്നു.

അപ്പോൾ തുറന്നുകിടക്കുന്ന പാതയിലൂടെ ഒരു പുത്തൻകാർ പതുക്കെ വന്നു നിന്നു. കാർഷെഡ്ഡിന്റെ ഒരു കതക് മർമ്മരത്തോടെ





തുറന്നു. ലൈറ്റ് തെളിഞ്ഞു. പിന്നെ ഷെഡ്ഡിന്റെ കതകടഞ്ഞു. കാറിൽ വന്നിറങ്ങിയ ആൾ പുതിയ വീട്ടുകാരനാണെന്നു മഹീന്ദ്ര അനിയനോടു പറഞ്ഞു.

''ഏട്ടനറിയാമോ?''

''അറിയാം. അയാളുടെ ഭാര്യ നാട്ടീന്ന് എത്തീട്ടില്ല.''

''നമ്മുടെ അമ്മയോ?'' കുട്ടിയുടെ വായിൽ നിന്നു സമ്മതംകൂടാതെ ഒരു ചോദ്യം ഉതിർന്നു വീണു.

''അതോ... അത്...മമ്മി ഇപ്പോൾ മറ്റൊരിടത്തു പുതിയ ജോലി കിട്ടിപ്പോയിരിക്കുന്നു. വരും. പെട്ടെന്ന് ലീവെടുക്കാൻ പറ്റ്വോ?''

കുട്ടി അവിശ്വാസത്തോടെ ചേട്ടന്റെ മുഖത്തുനോക്കി. ഇപ്പോൾ അവന്റെ കവിളിലെ കണ്ണീർച്ചാലിൽ മഴത്തുള്ളികൾ ഒളിച്ചുകേറി.

അടുത്ത നിമിഷം പൂമുഖവാതിൽച്ചില്ല പിളർന്നു അകത്തൂടെ ഒരപരിചിതൻ മുമ്പിൽ പ്രവേശിക്കുന്നു.

അയാൾ കുട്ടിയെക്കണ്ട് മന്ദസ്മിതം തൂകി.

''നിങ്ങൾ സിദ്ധാർഥന്റെയും ഡോക്ടർ പത്മാവതിയുടെയും മക്കളാണല്ലേ?''

കുട്ടികൾ മിണ്ടാതെ തലയിളക്കി.

അടുത്ത നിമിഷം രണ്ടാമത്തെ കാറും ഇരച്ചെത്തി. ഇടതുവശത്തെ കതകു നേരിയ ശബ്ദത്തിൽ ഉരുണ്ടുകേറി. വണ്ടി കൂടണഞ്ഞു. ചില്ലുകതക് കുറച്ചുകൂടി തുറന്ന് ഒരു സ്ത്രീ തലകാണിച്ചു.

അവർ സന്തോഷത്തോടെ ചോദിക്കുന്നു.

''ഓ! നിങ്ങൾ ഡോക്ടറുടെ മക്കൾ...?''

''അതെ.''

ഇരുവരും ഒറ്റ ശബ്ദത്തിൽ പറഞ്ഞു.

''മിഠായി കഴിക്കാൻ അനുവാദമുണ്ടോ?''

''വേണ്ട. താങ്സ്.''

''എന്തേ വന്നത്?''

ചെറിയകുട്ടി പറഞ്ഞു.

''കിളികളെ കാണാൻ.''

ഏട്ടൻ പറഞ്ഞു.

''ഒരിക്കൽക്കൂടി ഈ വീട് ഒന്നു കണ്ടിട്ടുപോകാൻ.''

മുറ്റത്തുനിന്ന് അവർ കണ്ടു.

നീലത്താമരകൾ രണ്ടും ചുണ്ടിൽ ആഹാരവുമായി അവരുടെ വീട്ടിനുനേർക്കു പറന്നടുക്കുന്നു. ഒരു മനുഷ്യനെയും നോക്കാതെ കൂട്ടിനകത്തേക്കു നുഴഞ്ഞുകയറുന്നു.

''ഇനി കമ്പുകളുടെ ആവശ്യം കാണില്ല.''

കുട്ടി പറഞ്ഞു.

ഇറയത്തും തോട്ടത്തിലും മുഖം മങ്ങിനിൽക്കുന്ന ചെടികളെ തടവി കുട്ടികളുടെ കണ്ണുകൾ സഞ്ചരിച്ച് നടകഴിഞ്ഞു പൊതുഫുട്പാത്തിൽ കയറി. ആദ്യം കാണപ്പെട്ട തുറസ്സിലൂടെ അവർ ഒരിക്കൽക്കൂടി വീടിന്റെ മുഖം ദർശിച്ചു. പഴയ മരങ്ങളെയെല്ലാം മുറിച്ചുകളഞ്ഞിരിക്കുന്നു. ചിലതിന്റെ കവരങ്ങളും. എന്നാലും അവയിലെല്ലാം നിറയെ കൂടുകളുണ്ടായിരുന്നല്ലോ. കാർഡിനൾ കിളികളുടെ പൂശാരി വേഷങ്ങൾ, പച്ചപ്രാവുകൾ, കൂരിക്കിളികൾ, എണ്ണമില്ലാത്ത അണ്ണാന്മാർ, മുറ്റത്ത് ചിക്കിനടന്നിരുന്ന ടർക്കിപ്പക്ഷി, വേട്ടയാടാനെത്തുന്ന കാട്ടുകുറുക്കൻ, മേയാൻ വരുന്ന പുള്ളിമാനുകൾ, വലിയ കൊമ്പുള്ള ചെമ്പൻ മാനുകൾ...

കുട്ടി കിതപ്പോടെ ഏട്ടന്റെ ബൈസിക്കിൾ സീറ്റിലിരുന്നു. ഏട്ടന്റെ ചവിട്ടിൽ സൈക്കിൾ മഴനനഞ്ഞു കരച്ചിൽ വിട്ടിട്ടില്ലാത്ത റോഡിലൂടെ പറപറന്നു.

# പ്രൊഫസർ ഐൻസ്റ്റൈനെ വിലയ്ക്കു വാങ്ങാം

**എസ് ശിവദാസ്**



"ഇന്ന് നമ്മൾ ഐൻസ്റ്റൈനെ കാണാൻ പോവുകയാണ്.''

ശ്രീധരൻ മാഷ് പ്രഖ്യാപിച്ചു.

''ഐൻസ്റ്റൈനെയോ! ലോകം കണ്ട ഏറ്റവും വലിയ ശാസ്ത്രജ്ഞനല്ലേ ആൽബർട്ട് ഐൻസ്റ്റൈൻ? അദ്ദേഹത്തെ കാണാൻ കഴിയുക ഒരു മഹാഭാഗ്യം തന്നെ. പക്ഷേ അദ്ദേഹം ജീവിച്ചിരിപ്പില്ലല്ലോ?''

രാധിക ഒരു സംശയം ചോദിച്ചു.

''ശരിയാ, ശരിയാ. ഐൻസ്റ്റൈൻ ജീവിച്ചിരിപ്പില്ല.''

ദിവ്യയും ദീപയും സെലിനും ദീപുവും അപ്പുവും വിവേകും എല്ലാം ചോദ്യങ്ങളുമായി ചാടി എഴുന്നേറ്റു.

കേരളത്തിൽനിന്നും ഹോങ്കോങിൽ എത്തിയവരായിരുന്നു അവർ. ഒരു സയൻസ് ക്വിസ് മത്സരവിജയികൾ. സൗജന്യമായി ഒരു ഹോങ്കോങ് യാത്ര തരപ്പെട്ടവർ. ഗണിത വിദഗ്ധനായ പള്ളിയറ ശ്രീധരൻ മാസ്റ്ററായിരുന്നു അവരുടെ ടൂർ ലീഡർ.

ഹോങ്കോങ് മുഴുവൻ കാണിക്കുമെന്നേ പറഞ്ഞിരുന്നുള്ളൂ. ഇപ്പോഴിതാ ഐൻസ്റ്റൈനെ കാണാമെന്ന്!

''ശ്രീധരൻ മാസ്റ്റർ ഉണ്ടയില്ലാവെടി പൊട്ടിച്ചതല്ലേ!''

വിവേക് ഒരു കമന്റ് പാസാക്കി.

''ഇത് ഉണ്ടയുള്ള വെടി തന്നെയാണ്. നമ്മൾ കൃത്യം എട്ടുമണിക്ക് പുറപ്പെടും. എട്ട് മുപ്പതിന് പ്രശസ്ത റോബോട്ടിക്സ് കമ്പനിയായ ഹാൻസൺ റോബോട്ടിക്സിൽ (Hanson Robotics) എത്തും. ആ കമ്പനിയുടെ സി ഇ ഒ ഡോ. ഡേവിഡ് ഹാൻസൺ നമ്മളെ കാത്ത് അവിടെ ഇരിപ്പുണ്ടാകും. അടുത്ത് പ്രൊഫസർ ഐൻസ്റ്റൈനും.''

ശ്രീധരൻ മാഷ് ഗൗരവത്തിലായിരുന്നു പറഞ്ഞത്. അതിനാൽ ആരും തർക്കിക്കാൻ പോയില്ല.

കൃത്യസമയത്തുതന്നെ അവർ ഡേവിഡ് ഹാൻസണിന്റെ മുറിയിലെത്തി. അദ്ദേഹം എല്ലാവരെയും

കേരളത്തിൽനിന്നും ഹോങ്കോങിൽ എത്തിയവരായിരുന്നു അവർ. ഒരു സയൻസ് ക്വിസ് മത്സരവിജയികൾ. സൗജന്യമായി ഒരു ഹോങ്കോങ് യാത്ര തരപ്പെട്ടവർ. ഗണിത വിദഗ്ധനായ പള്ളിയറ ശ്രീധരൻ മാസ്റ്ററായിരുന്നു അവരുടെ ടൂർ ലീഡർ.

ഹോങ്കോങ് മുഴുവൻ കാണിക്കുമെന്നേ പറഞ്ഞിരുന്നുള്ളൂ. ഇപ്പോഴിതാ ഐൻസ്റ്റൈനെ കാണാമെന്ന്!




സ്വാഗതം ചെയ്യും മുമ്പു തന്നെ അടുത്തുനിന്നും ഒരു ശബ്ദം.

"മഹാത്മാഗാന്ധിയുടെ നാട്ടിൽനിന്നു വന്നിരിക്കുന്ന നിങ്ങൾക്കു സ്വാഗതം."

കുട്ടികൾ തിരിഞ്ഞു നോക്കി. അതാ ഐൻസ്റ്റൈൻ! ഐൻസ്റ്റൈന്റെ അതേ മുഖം, അതേ തലമുടി, അതേ നരച്ച മീശ, അതേ ഭാവം, അതേ ശബ്ദവും. സാക്ഷാൽ ഐൻസ്റ്റൈൻ കണ്ടാലും ഇതു ഞാൻ തന്നെയല്ലേ എന്നു പറഞ്ഞുപോകും. അത്രയേറെ സാദൃശ്യം.

ഒറ്റ വ്യത്യാസം മാത്രം. അവിടെ നിന്നിരുന്ന ഐൻസ്റ്റൈന് പതിനാലര ഇഞ്ചു മാത്രമേ പൊക്കമുണ്ടായിരുന്നുള്ളൂ. ഐൻസ്റ്റൈൻ നടന്നുവരുന്നത് അവർ നോക്കിനിന്നു. എത്ര സ്വാഭാവികം. ഒരു ചെറുപുഞ്ചിരിയോടെ അദ്ദേഹം എല്ലാവരുടെയും കൈപിടിച്ചുകുലുക്കി. എന്നിട്ടു പറഞ്ഞു.

"ദയവായി എല്ലാവരും ഇരിക്കൂ. സയൻസ് ക്വിസിൽ സമ്മാനം കിട്ടിയ മിടുക്കരല്ലേ നിങ്ങൾ? മിടുക്കർക്കാവുമ്പോൾ ധാരാളം സംശയങ്ങൾ ഉണ്ടാകണം. ചോദിച്ചോളൂ, മത്സരിച്ച്."

അതു കേട്ടതും എല്ലാവരും മത്സരിച്ചു ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. പ്രൊഫസർ ഐൻസ്റ്റൈൻ ചോദ്യങ്ങൾക്കെല്ലാം ലളിതമായി ഉത്തരം പറയാനും തുടങ്ങി. അതിനിടയിൽ രാധിക ഒരു സംശയം ചോദിച്ചു.

"സർ സമയം ആപേക്ഷികമാണ്. പരമമായ സമയം എന്നൊന്നില്ല. ചലനം ആപേക്ഷികമാണ്. പരമമായ സ്ഥലമെന്ന് ഒന്നില്ല. ഇങ്ങനെയൊക്കെയുള്ള വലിയ തത്വങ്ങൾ അങ്ങു കണ്ടുപിടിച്ചതല്ലേ?

പക്ഷേ ഈ സമയം ആപേക്ഷികമാണ് എന്നു വിശ്വസിക്കാനാകുന്നില്ല."

ചോദ്യം കേട്ടതും പ്രൊഫസർ ഐൻസ്റ്റൈൻ പൊട്ടിച്ചിരിച്ചു. ചിരിച്ചുകൊണ്ടു പറഞ്ഞു.

"പണ്ടൊരു ചെറുപ്പക്കാരനും ഈ ചോദ്യം ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞ തമാശ വീണ്ടും പറയാം.

നിങ്ങൾ പ്രേമിക്കുന്ന സുന്ദരിയുടെ അഥവാ സുന്ദരന്റെ അടുത്ത് നിങ്ങൾ ഇരുന്നു സംസാരിക്കുകയാണെന്നു കരുതുക. നിങ്ങൾക്ക് അപ്പോൾ ഒരു മണിക്കൂർ ഒരു മിനിറ്റായി തോന്നും. എന്നാൽ ചുട്ടുപഴുത്ത ഒരു പ്ലേറ്റിൽ നിങ്ങൾ വിരൽതൊട്ടുകൊണ്ടിരിക്കുകയാണെന്നു കരുതുക. അപ്പോൾ നിങ്ങൾക്ക് ഒരു നിമിഷം ഒരു മണിക്കൂറായി തോന്നും."

ആ തമാശകേട്ട് എല്ലാവരും ചിരിച്ചുപോയി. ഉടൻ സെലിൻ മറ്റൊരു സംശ

## ആൽബർട്ട് ഐൻസ്റ്റൈൻ

അമേരിക്കയിലെ ടൈംമാസിക കഴിഞ്ഞ സഹസ്രാബ്ദത്തിലെ ഏറ്റവും മഹാനായ മനുഷ്യനായി തെരഞ്ഞെടുത്തത് ആൽബർട്ട് ഐൻസ്റ്റൈനെയാണ്.

1905 ലാണ് ഐൻസ്റ്റൈന്റെ ലോകപ്രശസ്തമായ മൂന്നു ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്. ആദ്യപ്രബന്ധം പ്രകാശവൈദ്യുത പ്രഭാവത്തെ ക്വാണ്ടം സിദ്ധാന്തമുപയോഗിച്ച് വിശദീകരിക്കുന്നതായിരുന്നു. അതിനാണ് അദ്ദേഹത്തിനു നോബൽ സമ്മാനം 1921 ൽ ലഭിച്ചത്. (ആപേക്ഷികതാസിദ്ധാന്തത്തിനല്ല). രണ്ടാം പ്രബന്ധം ബ്രൗണിയൻ ചലനത്തെ സാംഖ്യകരീതിയുപയോഗിച്ച് വ്യാഖ്യാനിക്കുന്നതായിരുന്നു. മൂന്നാം പ്രബന്ധമായിരുന്നു ഏറ്റവും പ്രധാനം. പിന്നീടു പ്രശസ്തവുമായത്. വിശിഷ്ട ആപേക്ഷികതാ സിദ്ധാന്തം (Special Theory of Relativity) അതിലൂടെയായിരുന്നു അവതരിപ്പിക്കപ്പെട്ടത്.

ഈ പ്രബന്ധങ്ങൾ ഐൻസ്റ്റൈനെ എക്കാലത്തെയും ഏറ്റവും വലിയ ശാസ്ത്രജ്ഞനാക്കി എന്നു പറയാം.

യവും ഉന്നയിച്ചു.

''പ്രപഞ്ചത്തിലെ ഏറ്റവും കൂടിയ പ്രവേഗം പ്രകാശ പ്രവേഗമല്ലേ സർ. എനിക്കൊന്ന് ആ പ്രവേഗത്തിൽ സഞ്ചരിക്കാൻ വലിയ മോഹമാണേ. നടക്കുമോ സർ?''

''വലിയ സ്വപ്നം തന്നെയാ കുട്ടീ അത്. പക്ഷേ നടക്കാത്ത സ്വപ്നം. ഒരു കണം പ്രകാശപ്രവേഗത്തോടടുക്കുമ്പോൾ എന്തു സംഭവിക്കുമെന്നോ? പ്രവേഗം കൂടുമ്പോൾ മാസ് കൂടും. കാരണം മാസും ആപേക്ഷികമാണ്. പ്രവേഗം പ്രകാശപ്രവേഗമാകുമ്പോൾ മാസ് ഇൻഫിനിറ്റി ആകണം. അപ്പോൾ ചലനത്തിനുള്ള പ്രതിരോധവും (resistance) ഇൻഫിനിറ്റി ആകണം. അങ്ങനെ ചിന്തിച്ചാൽ ഒരു വസ്തുവിനും പ്രകാശ പ്രവേഗത്തിൽ സഞ്ചരിക്കാനാകില്ല.''

''സെലിൻ വെറുതെ അത്തരം ഭ്രാന്തൻ സ്വപ്നമൊന്നും കാണേണ്ട.''

ശ്രീധരൻ മാഷ് ഉപദേശിച്ചു.

ചോദ്യോത്തരവേള സമാപിച്ചപ്പോൾ പ്രൊഫസർ ഐൻസ്റ്റൈൻ തന്റെ അടുത്തുനിന്ന ആളിനെ പരിചയപ്പെടുത്തി.

''മീറ്റ് മിസ്റ്റർ ഡേവിഡ് ഹാൻസൺ, മൈ ക്രീയേറ്റർ.''

ഹാൻസൺ ചിരിച്ചു പോയി. തന്റെ ശില്പിയെ പരിചയപ്പെടുത്തുകയായിരുന്നു പ്രൊഫസർ ഐൻസ്റ്റൈൻ.

അപ്പോൾ ഡോ. ഹാൻസൺ രഹസ്യങ്ങളെല്ലാം വിശദീകരിച്ചു. ജീവൻ തുടിക്കുന്ന, തികച്ചും സ്വാഭാവികമായ ഭാവങ്ങൾ ഉള്ള റോബോട്ടുകൾ നിർമിക്കുന്നതിൽ വൈദഗ്ധ്യം ഉള്ള കമ്പനിയാണ് ഹാൻസൺ റോബോട്ടിക്സ്. ഡേവിഡ് ഹാൻസനാണ് കമ്പനി സ്ഥാപിച്ചത്. ആൻഡി റിഫ്കിൻ (Andy Rifkin) കമ്പനിയിലെ പാവനിർമാണ വിദഗ്ധൻ. രണ്ടുപേരും ഐൻസ്റ്റൈന്റെ ആരാധകർ. അങ്ങനെയാണ് 'പ്രൊഫസർ ഐൻസ്റ്റൈൻ' നിർമാണമെന്ന ആശയം അവർക്കിടയിൽ ജനിച്ചത്.

അവർ ഐൻസ്റ്റൈന്റെ അനേകം ചിത്രങ്ങൾ പരിശോധിച്ചു. അമ്പതോളം യഥാർഥഭാവങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തു. ഓഡിയോ ഡയറക്ഷൻ, ഡിറ്റക്ഷൻ, ഫേഷ്യൽ ട്രാക്കിങ് തുടങ്ങിയ സാങ്കേതികവിദ്യകൾ വഴി ഭാവങ്ങൾ കൃത്യമായി ഒപ്പിയെടുത്തു.

അങ്ങനെ യഥാർഥ ഐൻസ്റ്റൈന്റെ ഒരു റോബോട്ടിക് പതിപ്പ് ഡിസൈൻ ചെയ്തു. പതിനാലര ഇഞ്ചിൽ ഒരു ഐൻസ്റ്റൈൻ റോബോട്ട്. പിന്നെ അതിന്റെ കോപ്പികൾ അനേകം നിർമിച്ചു.

''ഇതാ അങ്ങനെ 'പ്രൊഫസർ ഐൻസ്റ്റൈൻ' റെഡി. വില 249 യു എസ് ഡോളർ. സ്റ്റോക്ക് പരിമിതം. വേണ്ടവർ ഉടൻ ഓർഡർ നൽകണം. കൂടുതൽ വിവരങ്ങൾ അറിയണോ? professor einstein.com സന്ദർശിക്കുക.''

ഡോ. ഹാൻസൺ പറഞ്ഞതുകേട്ട് പ്രൊഫസർ ഐൻസ്റ്റൈൻ ഒരു തമാശ പൊട്ടിച്ചു.

''കേട്ടോ നിങ്ങൾ? ഒരു ഐൻസ്റ്റൈന്റെ വില വെറും 249 ഡോളർ! കഴിഞ്ഞ സഹസ്രാബ്ദത്തിലെ ഏറ്റവും മഹാനായ മനുഷ്യനായിരുന്നു ഐൻസ്റ്റൈൻ എന്നു മറക്കേണ്ട!''

''വീട്ടിൽ ചെന്നാലുടൻ വിസിറ്റ് ചെയ്യണേ.''

പിരിയുംമുമ്പ് ഹാൻസൺ എല്ലാവരോടും അഭ്യർഥിച്ചു.

തിരിച്ചുപോരുമ്പോൾ ഒരു സദ്യ ഉണ്ട പ്രതീതിയായിരുന്നു എല്ലാവർക്കും. 'റോബോട്ടിക്സ്' എന്ന പുതിയ ശാസ്ത്രശാഖയെപ്പറ്റി അപ്പോൾ ശ്രീധരൻ മാഷ് പറഞ്ഞു.

**അടുത്തുതന്നെ വിലകുറഞ്ഞ റോബോട്ടുകൾ മാർക്കറ്റിലെത്തും. വൈവിധ്യമുള്ളവ. അവ അനേകം പ്രവൃത്തികളിലേർപ്പെടും. വീടുവൃത്തിയാക്കൽ മുതൽ വൃദ്ധജനങ്ങളെ പരിപാലിക്കൽ വരെ. റോബോട്ടുകൾ അധ്യാപകർ വരെ ആകും. റോബോട്ടിക്സ് ഭാവിയുടെ വാഗ്ദാനമാണ്.**

അനന്തമായ സാധ്യതകളാണ് ആ മേഖല വാഗ്ദാനം ചെയ്യുന്നത്. അടുത്തുതന്നെ വിലകുറഞ്ഞ റോബോട്ടുകൾ മാർക്കറ്റിലെത്തും. വൈവിധ്യമുള്ളവ. അവ അനേകം പ്രവൃത്തികളിലേർപ്പെടും. വീടുവൃത്തിയാക്കൽ മുതൽ വൃദ്ധജനങ്ങളെ പരിപാലിക്കൽ വരെ. റോബോട്ടുകൾ അധ്യാപകർ വരെ ആകും. റോബോട്ടിക്സ് ഭാവിയുടെ വാഗ്ദാനമാണ്. ശ്രീധരൻ മാഷ് വിശദീകരിച്ചു.

''ഞങ്ങൾക്കും ഭാവിയിൽ നല്ല റോബോട്ടിക്സ് വിദഗ്ധരാകാൻ പറ്റുമോ?''

അവസാനമായി രാധിക അങ്ങനെ ഒരു സംശയവും ഉന്നയിച്ചു.

''തീർച്ചയായും. അതിന് നന്നായി ഗണിതവും ശാസ്ത്രവും പഠിക്കണം. രസിച്ചു പഠിക്കണം. ചോദ്യങ്ങൾ ചോദിച്ചുപഠിക്കണം. ചിന്തിച്ചു പഠിക്കണം. പിന്നെ വലിയ സ്വപ്നങ്ങൾ കാണാനും പഠിക്കണം. അപ്പോൾ ഭാവിയിൽ പ്രൊഫസർ ഐൻസ്റ്റൈൻ റോബോട്ടിനേക്കാൾ ഗംഭീരമായ റോബോട്ടുകൾ ഉണ്ടാക്കാൻ നിങ്ങൾക്കു കഴിയും. മാഡം ക്യൂറി റോബോട്ട് മുതൽ മഹാത്മാഗാന്ധി റോബോട്ടുകൾ വരെ. കൃത്രിമ ബുദ്ധിയുള്ള അപാരമായശേഷിയുള്ള സൂപ്പർ കമ്പ്യൂട്ടർ റോബോട്ടുകൾ വരെ. എന്താ എല്ലാവരും തയ്യാറല്ലേ?''



# ഒരു പ്ലാവു പഠിപ്പിച്ച പാഠം

ജെ ലളിതാംബിക



വര: വെങ്കി

ഞാൻ സെക്രട്ടറിയേറ്റിൽ ജോലി ചെയ്തിരുന്ന കാലത്ത് ചില ദിവസങ്ങളിൽ വളരെ വൈകി മടങ്ങേണ്ടി വരുമ്പോൾ ചില സെക്ഷനുകളിൽ ആ സമയത്തും ചിലരിരുന്നു ജോലി ചെയ്യുന്നതു കണ്ടിട്ടുണ്ട്. ആരെയും ബോധ്യപ്പെടുത്താനല്ല. കൂടുതൽ ജോലി ചെയ്യുന്നതുകൊണ്ട് അവർക്ക് പ്രത്യേക പരിഗണനയും കിട്ടാനില്ല. മേലുദ്യോഗസ്ഥർ കൂടുതൽ ജോലി അവരെ ഏൽപ്പിക്കുമെന്നു മാത്രം.

കാസർഗോഡോ, വയനാടോ ഉള്ള ഒരു പ്രശ്നത്തിൽ തിരുവനന്തപുരത്തിരുന്ന് തീരുമാനം എടുക്കുമ്പോൾ കീഴുദ്യോഗസ്ഥരുടെ റിപ്പോർട്ടുകളെ ആശ്രയിക്കേണ്ടിവരും. പ്രധാനപ്പെട്ട കേസുകളിൽപ്പോലും വകുപ്പധ്യക്ഷർക്ക് സ്ഥലത്തുപോയി നേരിട്ട് അന്വേഷണം നടത്താൻ സാധിക്കുകയില്ല. ചില കേസുകളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരും ഒരു കക്ഷിക്കുവേണ്ടി വളരെ ശക്തമായ വാദമുഖങ്ങൾ നിരത്തി കാര്യമായി ശുപാർശ ചെയ്തിട്ടുണ്ടാകും. അത്തരം റിപ്പോർട്ടുകളെ ഞാൻ ചെറിയ സംശയത്തോടെ ആയിരുന്നു പരിഗണിച്ചിരുന്നത്. കാരണം അപ്പോൾ എന്റെ മനസ്സിൽ ഒരു

വലിയ പ്ലാവും വയസ്സായ ഒരു അമ്മയും ഓടിയെത്തും.

നാൽപ്പതു വർഷങ്ങൾക്കു മുമ്പാണ്. ഞാൻ പാലക്കാട് സബ് കളക്ടറായി ജോലി ചെയ്യുന്ന കാലം. അക്കാലത്ത് പാലക്കാട് ഒരു വനിതാ ഐ എ എസ് ആഫീസർ അത്ര സാധാരണമായിരുന്നില്ല. എങ്കിലും നാട്ടുകാർ എനിക്ക് വേണ്ടത്ര സഹകരണവും സ്നേഹവും ലോപമില്ലാതെ തന്നു എന്ന് ഞാൻ നന്ദിപൂർവം സ്മരിക്കുന്നു. എന്നെക്കാൾ പ്രായത്തിൽ വളരെ മുതിർന്ന ഉദ്യോഗസ്ഥരും അവരുടെ കുടുംബാംഗങ്ങളും എന്നെ അവരുടെ വീട്ടിലെ ഒരംഗമായി കരുതി. സബ് കളക്ടർ എക്സിക്യൂട്ടീവ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കൂടിയാണ്. നല്ല നടപ്പ് ജാമ്യം, വഴിതടസ്സം, അയൽക്കാരന്റെ ഉപദ്രവം തുടങ്ങിയവയാണ് മുഖ്യമായ കേസുകൾ.


പാലക്കാട്ടെ രണ്ടു വർഷത്തെ ഔദ്യോഗിക ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുക കൈകൂപ്പി നിൽക്കുന്ന വൃദ്ധയായ അമ്മയും ഒരു പ്ലാവുമാണ്. ആ സംഭവത്തിലേക്ക്...

ഒരു ദിവസം സാധാരണ പോലെ കോടതി നടപടികൾ ആരംഭിച്ചു. പരാതിക്കാരൻ തമിഴ്നാട്ടിൽ ജോലി ചെയ്യുന്ന ഉയർന്ന പോലീസുദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ ഗ്രാമത്തിലുള്ള തറവാട്‌വീടിന്റെ തൊട്ടടുത്തുള്ള പുരയിടത്തിലെ ഒരു പഴയപ്ലാവ് ഏതുനിമിഷവും വീടിനു പുറത്തേക്ക് മറിഞ്ഞു വീഴാവുന്ന അപകടനിലയിലാണ്. വീട്ടിൽ താമസക്കാരനായി ഒരു കാവൽക്കാരൻ മാത്രമേയുള്ളൂ. അവധിക്കാലത്തു മാത്രമേ ഉദ്യോഗസ്ഥനും കുടുംബാംഗങ്ങളും വീട്ടിൽ എത്താറുള്ളൂ. അയൽവാസിയോട് പല പ്രാവശ്യം അപേക്ഷിച്ചിട്ടും മരം മുറിച്ചു മാറ്റുന്നില്ല. അയൽവാസിക്ക് ആ മരംകൊണ്ട് പ്രയോജനം ഒന്നുമില്ല. പഴയ പ്ലാവാണ്. മുറിച്ചുമാറ്റിയാൽ തടിയുടെ വിലയെങ്കിലും കിട്ടും. പരാതിക്കാരനെ ഉപദ്രവിക്കുക എന്ന ഒറ്റ ഉദ്ദേശ്യം കൊണ്ടു മാത്രമാണ് എതിർകക്ഷി ഇത്ര നിന്ദ്യമായ രീതിയിൽ പ്രവർത്തിക്കുന്നത്. അന്യനാട്ടിൽ ജനങ്ങൾക്കുവേണ്ടി രാപകൽ ഭേദമില്ലാതെ കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനു കോടതി നീതി ലഭ്യമാക്കണം. ഇങ്ങനെപോയി വാദഗതികൾ. പാലക്കാട് ബാറിലെ പ്രഗത്ഭനായ ഒരു വക്കീലാണ് പരാതിക്കാരനുവേണ്ടി ഹാജരായത്.

എതിർകക്ഷി ഒരു സ്ത്രീയാണ്. ഒരു യുവ അഭിഭാഷകനാണ് അവർക്കുവേണ്ടി

**പരാതിക്കാരനെ ഉപദ്രവിക്കുക എന്ന ഒറ്റ ഉദ്ദേശ്യം കൊണ്ടു മാത്രമാണ് എതിർകക്ഷി ഇത്ര നിന്ദ്യമായ രീതിയിൽ പ്രവർത്തിക്കുന്നത്. അന്യനാട്ടിൽ ജനങ്ങൾക്കുവേണ്ടി രാപകൽ ഭേദമില്ലാതെ കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനു കോടതി നീതി ലഭ്യമാക്കണം. ഇങ്ങനെ പോയി വാദഗതികൾ.**







വാദിച്ചത്. പ്ലാവ് അവിടെ നിൽക്കുന്നതുകൊണ്ട് എതിർകക്ഷിയുടെ വീടിന് ഒരു ദോഷവും സംഭവിക്കുകയില്ല എന്നും തന്റെ കക്ഷി, വിധവയായ വൃദ്ധയ്ക്ക് ആ പ്ലാവ് ഏക വരുമാനമാർഗമാണെന്നും വക്കീൽ വാദിച്ചപ്പോൾ പരാതിക്കാരന്റെ വക്കീൽ കളിയാക്കി ചിരിച്ചു. ഒരു പ്ലാവ് ഏകവരുമാനമാർഗമാണത്രേ!

ഞാൻ റിപ്പോർട്ടുകളെല്ലാം വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിലെയും പോലീസിലെയും റിപ്പോർട്ടുകൾ എല്ലാംതന്നെ പരാതിക്കാരനുവേണ്ടി ശുപാർശ ചെയ്യുന്നവയായിരുന്നു. ഉടൻ തന്നെ ആ പ്ലാവ് മുറിച്ചുമാറ്റിയില്ലെങ്കിൽ ആ പ്രദേശത്ത് ഈ മരം വീണ് ഒരു ഭൂകമ്പം തന്നെ ഉണ്ടായേക്കാം എന്ന മട്ടിലാണ് റിപ്പോർട്ടുകൾ. കൂട്ടത്തിൽ പ്രബലനായ കക്ഷിക്കുവേണ്ടിയുള്ള ഇത്ര ശക്തമായ റിപ്പോർട്ടുകൾ കണ്ടപ്പോൾ എനിക്കാകെ ഒരു സംശയം.

പെട്ടെന്ന് വൃദ്ധയായ ഒരു സ്ത്രീ എന്റെ മുന്നിലേക്കു വന്നു. കൈകൂപ്പിക്കൊണ്ട് അവർ പറഞ്ഞു.

''എനിക്കൊരപേക്ഷയുണ്ട്. സാറ് വന്ന് സ്ഥലം പരിശോധിക്കണം. പ്ലാവ് കാണണം. അതിനുശേഷം എന്തുത്തരവ് ഇറക്കിയാലും ഞാൻ ആ ദിവസം തന്നെ അതു നടപ്പിലാക്കിക്കൊള്ളാം.''

പരാതിക്കാരന്റെ വക്കീൽ ഇടപെട്ടു.

''അവിടംവരെ കാറൊന്നും പോകുകയില്ല. മാഡത്തിന് നടക്കാൻ സാധിക്കുകയില്ല. വല്ലാതെ ബുദ്ധിമുട്ടേണ്ടിവരും.''

ഞാൻ അദ്ദേഹത്തിനോട് ചോദിച്ചു.

''ഈ ദുഷ്ടൻപ്ലാവിനെ താങ്കൾ കണ്ടിട്ടുണ്ടോ?''

അദ്ദേഹം പറഞ്ഞു.

''ഇല്ല.''

തമാശമട്ടിൽ അദ്ദേഹം തുടർന്നു.

''എനിക്കു വാദിക്കേണ്ടി വരുന്ന ഇത്തരം കേസുകളിൽ സ്ഥലപരിശോധന നടത്താൻ പോയാൽ വേറൊന്നിനും സമയം കിട്ടുകയില്ല. അതുകൊണ്ടാണ്.''

അപ്പോഴും എന്റെ മുന്നിൽ കൈകൂപ്പി നിന്നിരുന്ന, എന്റെ അമ്മയെക്കാൾ പ്രായമുള്ള മീനാക്ഷിയമ്മയോട് ഞാൻ ചോദിച്ചു.

''എത്ര ദൂരം നടക്കേണ്ടി വരും?''

അവർപറഞ്ഞു.

''അധികം ദൂരം ഒന്നുമില്ല. കഷ്ടിച്ച് ഒരു മൈൽസ്.''

ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

''ഒരു മൈൽസ് നടക്കാൻ എനിക്കു ബുദ്ധിമുട്ടൊന്നുമില്ല.''

ഉടൻതന്നെ സ്ഥലപരിശോധനയ്ക്കുള്ള ദിവസം നിശ്ചയിച്ചു. ആ ദിവസം വന്നെത്തി. രണ്ടു കക്ഷികളുടെയും വക്കീലന്മാർ, വില്ലേജ് ആഫീസർ, തഹസീൽദാർ അങ്ങനെ ഒരുകൂട്ടം അനുയായികളു

മായി ഞാൻ യാത്രയായി. കുറെദൂരം കാറിൽ, പിന്നെ ജീപ്പിൽ, അതു കഴിഞ്ഞ് കാൽനടയായി യാത്ര ആരംഭിച്ചു. റോഡ് വരമ്പായി മാറുന്നിടത്ത് മീനാക്ഷിയമ്മ കാത്തുനിന്നിരുന്നു. നടന്നിട്ടും നടന്നിട്ടും സ്ഥലത്ത് എത്തുന്നില്ല. ഞാൻ മീനാക്ഷിയമ്മയോട് ചോദിച്ചു.

''അമ്മേ, ഒരു മൈൽസ് ഇതുവരെ ആയില്ലേ?''

ഗ്രാമീണതയുടെ നിഷ്കളങ്കതയോടെ അവർ പറഞ്ഞു.

''അടുത്തുപോയി, ഇപ്പോഴെത്തും.''

കുറെ പുരുഷന്മാരും ചെറുപ്പക്കാരിയായ ഒരു സ്ത്രീയും കൂടി നടക്കുന്നതുകണ്ട് ചാഞ്ഞിട്ടും ചരിഞ്ഞിട്ടും ഒന്നുമില്ല. ആ പ്ലാവ് വർഷം മുഴുവൻ കായ്ക്കുന്ന ഇനമാണ്. അതിലെ ചക്കകൾ വിറ്റിട്ടാണ് ആ അമ്മ ജീവിച്ചു പോകുന്നത്.

ഞാൻ അർഥവത്തായി ചിരിച്ചുകൊണ്ട് പരാതിക്കാരന്റെ വക്കീലിനോടു ചോദിച്ചു.

''താങ്കൾ എന്തു പറയുന്നു? പ്ലാവ് വലിയ അപകടാവസ്ഥയിലാണോ? താങ്കളുടെ കക്ഷിയുടെ വീട് നശിച്ചു പോകുമോ?''

ഒരു ചെറിയ ചമ്മലോടെ അദ്ദേഹം പറഞ്ഞു.

''മാഡം, ഒരു വക്കീലിനെ സംബന്ധിച്ചിടത്തോളം കക്ഷി പറയുന്നതല്ലേ സത്യം?''

ഞാൻ മീനാക്ഷിയമ്മയെ സമാധാനപ്പെടുത്തി.

**പ്ലാവിനെക്കണ്ട് ഞാൻ അത്ഭുതപ്പെട്ടു നിന്നു. ഇലയോ, തടിയോ കാണാൻ വയ്യാത്ത മട്ടിൽ മൂട് മുതൽ തലപ്പറ്റം വരെ കായ്ച്ചു കിടക്കുന്ന ഒരൊത്ത പ്ലാവ്. അതിനോട് ചേർന്ന് മീനാക്ഷിയമ്മയുടെ കുടിൽ. ഈ മരത്തിൽനിന്ന് അകലെയാണ് തൊട്ടടുത്ത പുരയിടത്തിലെ അയൽക്കാരൻ പോലീസുദ്യോഗസ്ഥന്റെ തലയുയർത്തി നിൽക്കുന്ന തറവാട് വീട്.**

വഴിയിൽനിന്ന ചിലരുംകൂട്ടത്തിൽകൂടി. അങ്ങനെ ഒരു വലിയ ജനക്കൂട്ടമായിത്തന്നെ നടന്നുനടന്ന് ഒടുവിൽ സ്ഥലത്തെത്തി. കഥാനായകൻ പ്ലാവിനെക്കണ്ട് ഞാൻ അത്ഭുതപ്പെട്ടു നിന്നു. ഇലയോ, തടിയോ കാണാൻ വയ്യാത്ത മട്ടിൽ മൂട് മുതൽ തലപ്പറ്റം വരെ കായ്ച്ചു കിടക്കുന്ന ഒരൊത്ത പ്ലാവ്. അതിനോട് ചേർന്ന് മീനാക്ഷിയമ്മയുടെ കുടിൽ. ഈ മരത്തിൽനിന്ന് അകലെയാണ് തൊട്ടടുത്ത പുരയിടത്തിലെ അയൽക്കാരൻ പോലീസുദ്യോഗസ്ഥന്റെ തലയുയർത്തി നിൽക്കുന്ന തറവാട് വീട്. പ്ലാവോ അതിന്റെ ശിഖരങ്ങളോ അടുത്ത കെട്ടിടത്തിലേക്ക്

''പ്ലാവ് മുറിക്കേണ്ട. അമ്മ ഈ വീട്ടിൽ തന്നെ താമസിച്ച് ചക്കകൾ വിറ്റും ചക്കപ്പഴം തിന്നും ചക്കപ്പായസം ഉണ്ടാക്കിയും കഴിയണം. നാളത്തന്നെ ഞാൻ ഉത്തരവിറക്കാം. അമ്മ ഇന്ന് സമാധാനത്തോടെ സുഖമായി ഉറങ്ങിക്കൊള്ളൂ.''

നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ അവർ എന്നോട് പറഞ്ഞു.

''എനിക്ക് ഭർത്താവും മക്കളും ആരുമില്ല. ഈ സ്ഥലവും പ്ലാവുമാണ് എനിക്ക് ആകെയുള്ള സ്വത്ത്. ഇത് മുറിച്ചു കഴിഞ്ഞാൽ എനിക്ക് ജീവിക്കാൻ വേറെ വഴി ഒന്നുമില്ല. എന്റെ ഈ പത്തുസെന്റ് സ്ഥലം നിസ്സാരവിലയ്ക്ക് അടിച്ചെടുക്കാൻ വേണ്ടിയാണ് ഈ കേസ്. ഈ പ്ലാവ് മുറിച്ചു കഴിഞ്ഞാൽ എനിക്ക് ഈ സ്ഥലം വിൽക്കേണ്ടി വരും.''

ആ അമ്മയെ ചേർത്തു നിർത്തി ആശ്വസിപ്പിച്ചിട്ട് ഞാൻ വീണ്ടും കൂട്ടപദയാത്ര കൂടുതൽ ഉത്സാഹത്തോടും സന്തോഷത്തോടും ആരംഭിച്ചു.

പിറ്റേദിവസം പ്ലാവ് മുറിക്കേണ്ടതില്ല എന്ന് ഉത്തരവിറക്കിയപ്പോൾ എനിക്ക് വളരെ അധികം സന്തോഷവും സംതൃപ്തിയും തോന്നി. സ്ഥലം പരിശോധിക്കാൻ എനിക്ക് തോന്നിയ ആ നിമിഷത്തിന് ഞാൻ നന്ദി പറഞ്ഞു. എന്റെ ഔദ്യോഗിക ജീവിതാരംഭത്തിൽ ആ പ്ലാവ് എന്നെ ഒരു വലിയ പാഠം പഠിപ്പിച്ചു. സമൂഹത്തിലെ ദുർബലർക്കും പാവപ്പെട്ടവർക്കുംവേണ്ടി നിലകൊള്ളാൻ അധികംപേർ കാണുകയില്ല.

ശക്തരെയും സ്വാധീനമുള്ളവരെയും തുണയ്ക്കാനാണ് എല്ലാവർക്കും താത്പര്യം. സ്വന്തം ഗ്രാമത്തിലെ വിധവയായ സ്ത്രീക്ക് അർഹതപ്പെട്ട അവകാശം നിഷേധിച്ച് അന്യനാട്ടിൽ ജോലി ചെയ്യുന്ന ഉന്നതനായ പോലീസുദ്യോഗസ്ഥനെ സഹായിക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പരസ്പരം മത്സരിക്കുകയായിരുന്നു.

ആ അമ്മ ഈ ലോകം വിട്ടു പോയിട്ടുണ്ടാകണം. പക്ഷേ, നിറകണ്ണുകളോടെ കൈകൂപ്പി നിൽക്കുന്ന വൃദ്ധയായ ആ അമ്മയുടെ രൂപം എന്റെ മനസ്സിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നു...

*(മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ലേഖിക.)*

# ആനകളെ ഭാഗിക്കാം

**പള്ളിയറ ശ്രീധരൻ**

ഒരു ധനികന് പതിനേഴ് ആനകളുണ്ടായിരുന്ന ഒരു കഥയുണ്ട്. തന്റെ മൂന്ന് മക്കൾ ആനകളെ എങ്ങിനെ വീതിച്ചെടുക്കണമെന്ന് അദ്ദേഹം ഒരു വിൽപ്പത്രം എഴുതിവെച്ചിരുന്നു. 1/2, 1/3, 1/9 എന്ന കണക്കിൽ വീതിച്ചെടുക്കാനാണ് വിൽപ്പത്രത്തിൽ അദ്ദേഹം നിർദേശിച്ചിരുന്നത്.

പിതാവിന്റെ മരണശേഷം അവർ ആനകളെ വീതിച്ചെടുക്കാൻ തീരുമാനിച്ചു. വിൽപ്പത്രം വായിച്ചപ്പോൾ അവർ അമ്പരന്നു! മൂത്തയാൾക്ക് 1/2 ആണ് അനുവദിച്ചിട്ടുള്ളത്. അതായത് പകുതി. പതിനേഴാനയെ എങ്ങിനെ പകുതിയാക്കും? പതിനേഴിനെ മൂന്നിൽ ഒരു ഭാഗമാക്കാനും, ഒമ്പതിൽ ഒരു ഭാഗമാക്കാനും പ്രയാസം തന്നെ. അവർ മൂന്നു പേരും ഒരു ഗണിതപണ്ഡിതന്റെ അടുത്തെത്തി തങ്ങളുടെ വിഷമം അറിയിച്ചു..

ഇവരുടെ പ്രയാസവും അമ്പരപ്പും കണ്ടപ്പോൾ ഗണിതപണ്ഡിതന് ചിരിയാണ് വന്നത്.


''തൽക്കാലം വീട്ടിലേക്ക് തിരിച്ചു പോകൂ. ഞാൻ നാളെ വന്ന് പ്രശ്നം പരിഹരിച്ചുതരാം''

എന്ന് പറഞ്ഞ് അവരെ മടക്കി അയച്ചു.

പിറ്റേ ദിവസം ഗണിതപണ്ഡിതൻ തന്റെ ആനപ്പുറത്ത് കയറി അവരുടെ വീട്ടിലെത്തി. അവരുടെ പതിനേഴ് ആനകളെ വരിവരിയായി നിർത്താനാവശ്യപ്പെട്ടു. തന്റെ ഒരു ആനകൂടി അവയുടെ ഒപ്പം നിൽക്കട്ടെ എന്ന് ഗണിതപണ്ഡിതൻ പറഞ്ഞു.

മൂന്ന് മക്കൾക്കും വലിയ സന്തോഷമായി. ഗണിതപണ്ഡിതൻ എത്ര ഉദാരനാണ്. പക്ഷേ തങ്ങളുടെ സഹായത്തിനെത്തിയ ആളുടെ ആനയെക്കൂടി ഭാഗിച്ചു കിട്ടുന്നത് ശരിയല്ല എന്നും അവർക്ക് അഭിപ്രായമുണ്ടായി. ഒരു വലിയ പ്രശ്നം പരിഹരിക്കാനാണല്ലോ സാരമില്ല എന്നായി ഗണിതപണ്ഡിതൻ.

വിൽപത്ര പ്രകാരം പകുതി ആന മൂത്ത മകനുള്ളതാണ്. പതിനെട്ടിന്റെ പകുതിയായ ഒമ്പത് ആനകളെ മൂത്ത മകന് നൽകി. രണ്ടാമന് മൂന്നിലൊന്ന്



വര: ബോണുരാജൻ

ആനകളാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. പതിനെട്ടിന്റെ മൂന്നിലൊന്ന് ആറെണ്ണം വരും. അത്രയും ആനകളെയും മാറ്റി നിർത്തി.

മൂന്നാമന് ഒമ്പതിൽ ഒന്ന് ആനകളാണ് കിട്ടേണ്ടത് പതിനെട്ടിന്റെ ഒമ്പതിൽ ഒന്ന് എന്നാൽ രണ്ടെണ്ണം. അപ്പോൾ ആകെ 9+6+2 =17 ആനകൾ മൂന്നുപേർക്കുമായി കിട്ടി. ഗണിതപണ്ഡിതൻ തന്റെ ആനയുമായി സന്തോഷത്തോടെ മടങ്ങി.

ഇതേ പോലുള്ള രണ്ട് പ്രശ്നങ്ങൾ കൂടി നമുക്ക് പരിചയപ്പെടാം.

ഒരു പിതാവിന് 34 സ്വർണനാണയങ്ങൾ ഉണ്ടായിരുന്നു. തന്റെ മൂന്നു മക്കൾ 1/2, 1/3, 1/9 എന്ന കണക്കിൽ വീതിക്കാനാണ് പിതാവ് വിൽപ്പത്രമെഴുതിയത്. സ്വർണനാണയങ്ങൾ മുറിക്കാതെ എങ്ങിനെ വീതിക്കാമെന്ന് നിങ്ങൾക്ക് പറയാമോ?

ഇവിടെ രണ്ട് സ്വർണനാണയങ്ങൾ കൂടി ചേർത്ത് വിഭജനം നടത്താം. 34 ന്റെ കൂടെ രണ്ട് നാണയങ്ങൾ കൂടി ചേരുമ്പോൾ 36 ആകും. മുപ്പത്താറിന്റെ പകുതി 18; 36 ന്റെ മൂന്നിൽ ഒന്ന് 12; 36 ന്റെ ഒമ്പതിൽ ഒന്ന് 4. അപ്പോൾ ആകെ 18 + 12 + 4 = 34 എണ്ണം. എന്താ പ്രശ്നം തീർന്നില്ലേ?

ഇനി ഭാഗിക്കേണ്ടത് 51 സ്വർണനാണയങ്ങളാണ്, 1/2, 1/3, 1/9 എന്നീ കണക്കിൽ. എങ്ങിനെ ഭാഗിക്കാമെന്ന് നിങ്ങൾ സ്വയം കണ്ടുപിടിക്കുമല്ലോ.

palliyarasreedharan@gmail.com

കവിത

# എത്ര ഓണം

പള്ളിപ്പാട് മംഗലം വിഷ്ണുകുമാർ

ഈയ്യോണം
നമ്മടോണം
നല്ലോണം
ഓർത്തോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.

വന്നോണം
ഇരുന്നോണം
കേട്ടോണം
കണ്ടോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.

എഴുതിക്കോണം
വായിച്ചോണം
പഠിച്ചോണം
ജയിച്ചോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.

പാടിക്കോണം
കളിച്ചോണം
ചാടിക്കോണം
ഓടിക്കോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.

എഴുന്നേറ്റോണം
തൊഴുതോണം
കൊടുത്തോണം
വാങ്ങിച്ചോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.

നാളയോണം
അങ്ങുപോണം
എപ്പപ്പോണം
ഇപ്പപ്പോണം
തൈയ്തത്തിം തക തിന്ത
തൈയ് തത്തിം തക
തിന്ത തൈ.



വര: സുരേഷ് പരിയാരത്ത്

# ആദ്യപ്രലോഭനം

**സി പി നായർ**

സംഭവം ഞാൻ സെക്കൻഡ് ഫാറത്തിൽ പഠിക്കുമ്പോഴാ യിരുന്നു എന്നാണ് ഓർമ.

## എന്റെ ആദ്യ പ്രലോഭനം

മാവേലിക്കര വിൽപ്പനനികു തിആഫീസ് പ്രവർത്തിച്ചിരു ന്നത് ഞങ്ങളുടെ വക കെട്ടി ടത്തിലാണ്. ശ്രീ. പി എ കാസിം ആണ് സെയിൽസ് ടാക്സ് കമ്മീഷണർ. കുടും ബസുഹൃത്തായ അദ്ദേഹം സർക്കീട്ടു വരുമ്പോഴൊക്കെ ആഫീസ് പരിശോധനയ്ക്കു ശേഷം ഞങ്ങളുടെ വീട്ടി ലേക്കും ഒന്നു കടക്കും.

കാസിം സാഹിബിനെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങളാണ്. ഒരു തീവ്ര യത്നശുചീകരണപരിപാടി ആരംഭിക്കുന്നു. സ്വീകരണ മുറിയിൽനിന്ന് എന്റെ പാഠ പുസ്തകങ്ങളുൾപ്പെടെയുള്ള അലവലാതി സാധനങ്ങൾ നിഷ്കരുണം നീക്കുന്നു. ആണ്ടിലൊരിക്കൽ മാത്രം വെളിച്ചം കാണുന്ന പച്ച സാറ്റിൻ മേശവിരി വെളിയിൽ വന്ന് വട്ടമേശയെ അലങ്കരി ക്കുന്നു. വട്ടമേശമേൽ വിഭവ ങ്ങൾ നിരക്കുന്നു. ആഫീസ് പരിശോധന എന്ന വഴിപാടി നുശേഷം വി ഐ പി എത്തി ച്ചേരുന്നു. തുടർന്ന് കുശല പ്രശ്നങ്ങൾ. സാമാന്യം ഗുരു വായ ലഘുഭക്ഷണത്തിനു ശേഷം അദ്ദേഹം സ്ഥലം വിടുന്നു. ഇതാണ് പരിപാടി യുടെ സാമാന്യരൂപം.

കീഴ്നടപ്പനുസരിച്ച് കമ്മീ ഷണറദ്ദ്യം പരിശോധനയ്ക്കു വന്നിട്ടുള്ള വിവരം വിൽപ്പന നികുതി ആഫീസിലെ ശിപായി പുഷ്കരൻ വീട്ടിൽ വന്നറിയിച്ചു.

സ്വാഗതസംഘത്തിന്റെ സ്ഥിരം അധ്യക്ഷ അമ്മൂമ്മ യാണ്.

'മോൻ പിടീന്ന് കോട്ടയ് ക്കകത്തു ചെന്ന് പട്ടരുടെ കടേന്ന് പത്തു ലഡു വാങ്ങി ച്ചുകൊണ്ടുവാ. നേരമങ്ങു പോയി. ബാക്കിയൊക്കെ ഇവിടെയുണ്ടാക്കാം.'

അമ്മൂമ്മ എനിക്കു നിർ ദേശം തന്നു.

ലഡു! ആ പേരുതന്നെ എത്ര മധുരം! നിർദേശം ലഭി ക്കാത്ത താമസം, ഞാൻ ഒന്നര



വര: സചീന്ദ്രൻ കാറഡ്ക്ക

**ആദിപാപം ചെയ്തുപോയ ആദമിനെപ്പോലെ ഞാൻ അടിമുടി വിറച്ചു. ലഡ്ഡുവിന്റെ എണ്ണം എട്ടായി കുറഞ്ഞിരിക്കുന്നു! അമ്മൂമ്മയോട് എന്തു സമാധാനം പറയും? എന്റെ കണ്ണിൽ ഇരുട്ടുകയറി. തല കറങ്ങുന്നതുപോലെ തോന്നി. നാക്കും ചിറിയും വരണ്ടു. നേരെ പടിഞ്ഞാറോട്ടു നോക്കിയപ്പോൾ കണ്ടത് കോട്ടയ്ക്കകത്ത് ശ്രീകൃഷ്ണസ്വാമിക്ഷേത്രമാണ്. ഹൃദയം തകർന്ന് ഞാൻ പ്രാർഥിച്ചു.**

മൈൽ ദൂരെയുള്ള കുളത്തു അയ്യൻസ്വാമിയുടെ ഉടുപ്പി ശരവണഭവ ഹോട്ടൽ ലക്ഷ്യമാക്കി യാത്രയായി. ടി ഹോട്ടലാണ് ഞങ്ങളുടെ നാട്ടിലെ ഏക ബ്രാഹ്മണാൾ കാപ്പി ശാപ്പാട് ഹോട്ടൽ. സ്വാമിയുടെ മധുരപലഹാരങ്ങളോ, സ്വാദിന് ജഗത് പ്രസിദ്ധം. പരിശുദ്ധമായ പശുവിൻ നെയ്യിൽ തയ്യാർ ചെയ്തത്. നോ അഡൽറ്ററി!

വിയർത്തൊലിച്ചു ഞാൻ ഹോട്ടലിലെത്തി. സ്വാമി ഉച്ചയൂണു കഴിഞ്ഞ് രണ്ടു ബഞ്ചുകൾ ചേർത്തിട്ട് ടോപ്ലെസ്സായി മലർന്നുകിടന്നു കൂർക്കം വലിച്ചുറങ്ങുകയാണ്. കുടുമ്മി അഴിഞ്ഞുലഞ്ഞു കിടക്കുന്നു. മന്വന്തരങ്ങളായി ജലസ്പർശമേറ്റിട്ടില്ലാത്ത, വേണ്ടതിലേറെ കരിയും പുകയറയും എണ്ണമെഴുക്കും പേരറിഞ്ഞുകൂടാത്തതും എന്നാൽ കണ്ടാൽ അറിയാവുന്നതുമായ മറ്റനവധി മാലിന്യങ്ങളും ചേർന്നു വർണശബളമാക്കിയ, ഒറ്റത്തോർത്തുമാത്രം ഉടുത്തിട്ടുണ്ട്.

ഞാൻ അൽപ്പം ഉച്ചത്തിലൊന്നു ചുമച്ചു. സ്വാമി ഈർഷ്യയോടെ കണ്ണുതുറന്നു.

''യാര് നീ?''

''കമലാലയത്തീന്നു വരുകാ!''

''എന്ന വേണം?''

''ലഡ്ഡു പത്തെണ്ണം!''

ലഡ്ഡുവിന്റെ പേരു പറയുമ്പോൾത്തന്നെ എന്റെ വായിൽ വെള്ളമൂറി.

സ്വാമി ഒരു തുടർനോവൽ പോലെ നീണ്ട കോട്ടുവാവിട്ട് എഴുന്നേറ്റിരുന്നു. അകത്തോട്ടു നോക്കി ഉച്ചത്തിൽ ചോദിച്ചു.

''അലമേലു! ലഡ്ഡു പണ്ണിയിരുക്കാ?''

മദാം കുളത്തു എത്തി നോക്കി.

''പണ്ണിയാച്ച്.''

''ഇവനുക്ക് പത്തു ലഡ്ഡു പൊതിഞ്ചു കൊടും.''

അലർമേൽമങ്കൈ വാട്ടിയ വാഴയിലയിൽ ലഡ്ഡു പൊതിഞ്ഞ്, പഴയ പത്രക്കടലാസുകൊണ്ട് അതിന് ഒരു ഹാർഡ് കവർ ഇട്ട് പായ്ക്ക് ചെയ്യുന്നതിനിടയിൽ എന്റെ കണ്ണുകൾ അറിയാതെ സ്വാമിയുടെ പലഹാരലമാരിയിലേക്ക് ആർത്തിയോടെ തിരിഞ്ഞു. എക്സ്പയറി ഡേറ്റ് കഴിഞ്ഞ ഏതാനും വടകളും സുഖിയന്മാരും പിന്നെ ഒരു ഈർക്കിൽ പാർട്ടിയിലെ ഏകനായ എം എൽ എയെപ്പോലെ ഒരു മൂലയിൽ മാറിയിരിക്കുന്ന ഒരൊറ്റ വത്സനും.

കൊണ്ടുവന്ന സർക്കാർ അരരൂപാ സ്വാമിയെ ഏൽപ്പിച്ച് ബാക്കി ഒന്നരച്ചക്രം വാങ്ങി പോക്കറ്റിലിട്ട് പലഹാരപ്പൊതിയുമായി ഞാൻ നടന്നു.

## പ്രലോഭനം ഇവിടെ ആരംഭിക്കുന്നു

നെയ്യുടെ ഹൃദ്യമായ ഗന്ധം വാഴയിലയെയും കടലാസ്സിനെയും അതിലംഘിച്ച് ഉയരുന്നു. എന്റെ ഹൃദയം തുടിച്ചു. വായിൽ വെള്ളം പെരുകി. ഏറ്റവും ഇഷ്ടപ്പെട്ട മധുരപലഹാരം. കുങ്കുമം ചുമക്കുന്ന *ഗർദ്ദഭത്തെപ്പോലെ ഞാൻ ചുമന്നുകൊണ്ടുപോകുകയാണ്. എന്റെ തലയിലെഴുത്ത്!

ഞാൻ കോട്ടയ്ക്കകത്തു കിഴക്കെ നടയിലുള്ള ശ്രീബുദ്ധന്റെ പ്രതിമയുടെ തണലിലിരുന്നു.

ഒരു പ്രലോഭനം നേരിടാനുള്ള ഫലപ്രദമായ മാർഗം ഒന്നേയുള്ളൂ, അതിനു കീഴടങ്ങുക! പറഞ്ഞത് ഓസ്കർ വൈൽഡ് ആണെന്നു തോന്നുന്നു.

വിലക്കപ്പെട്ട കനി ഭക്ഷിക്കാൻ തന്നെ തീരുമാനിച്ചു. പൊതി അഴിച്ച്, ജനാബ് പി എ കാസിം സാഹിബ്, സെയിൽസ് ടാക്സ് കമ്മീഷണർ അവർകളുടെ വി ഐ പി ഉദരത്തെ ഉദ്ദേശിച്ചുള്ള ലഡ്ഡു രണ്ടെണ്ണം ഞാൻ ആർത്തിയോടെ വിഴുങ്ങി.

ആദിപാപം ചെയ്തുപോയ ആദമിനെപ്പോലെ ഞാൻ അടിമുടി വിറച്ചു. ലഡ്ഡുവിന്റെ എണ്ണം എട്ടായി കുറഞ്ഞിരിക്കുന്നു! അമ്മൂമ്മയോട് എന്തു സമാധാനം പറയും? എന്റെ കണ്ണിൽ ഇരുട്ടുകയറി. തല കറങ്ങുന്നതുപോലെ തോന്നി. നാക്കും ചിറിയും വരണ്ടു.

നേരെ പടിഞ്ഞാറോട്ടു നോക്കിയപ്പോൾ കണ്ടത് കോട്ടയ്ക്കകത്ത് ശ്രീകൃഷ്ണസ്വാമിക്ഷേത്രമാണ്. രണ്ടു കൈകളും കൂപ്പി ഞാൻ ഹൃദയം തകർന്നു പ്രാർഥിച്ചു. ഭഗവാനേ! എനിക്ക് അടി കൊള്ളല്ലേ!

ആഫ്റ്ററാൾ, ആ ശ്രീകോവിലിനകത്തിരിക്കുന്ന കൊച്ചുകള്ളനും ഒട്ടേറെ പ്രലോഭനങ്ങൾക്കു കീഴടങ്ങിയ ആളാണല്ലോ. ദ്വാപരയുഗത്തിൽ കുളത്തു അയ്യൻസ്വാമിയും

*കഴുത



ലഡുവും ഇല്ല. ശരിതന്നെ. പക്ഷേ, പാലും വെണ്ണയും തൈരും വേണ്ടതിലേറെ കട്ടു തിന്നുകയും ശിക്ഷ അനുഭ വിക്കുകയും ചെയ്ത സ്ഥിരം കുറ്റവാളിയാണ് അവിടുന്ന്. അദ്ദേഹം എന്റെ പ്രാർഥന അനുഭാവപൂർവം കേൾക്കും എന്ന വിശ്വാസത്തോടെ ഞാൻ നടന്നു വീട്ടിലെത്തി.

തിണ്ണയിൽ കയറിയ ഞാൻ സ്തംഭിച്ചുപോയി. ചാരുകസേരയിൽ കിടക്കു ന്നത് ഉഗ്രമൂർത്തിയായ ഒരു വകയിൽ കൊച്ചപ്പൂപ്പനാണ്. ഹിറ്റ്ലർ വേലുപ്പിള്ള. പെൻ ഷൻ ഇൻചാർജ്. കരടകൻ. ഞാൻ ഭയംകൊണ്ടു വിറച്ചു. പൊന്നുണ്ണിക്കൃഷ്ണനെ മന സ്സിൽ സ്മരിച്ചു.

''കൊണ്ടുവാ, കൊണ്ടു വാ, അദ്യം വരാറായി.'' കൊച്ചപ്പൂപ്പൻ പൊതി തട്ടി പ്പറിച്ച് അഴിച്ച് ലഡുവിന്റെ എണ്ണം തിട്ടപ്പെടുത്തി.

തൂക്കുമരത്തിൽ കയറ്റി നിറുത്തിയ കൊലപ്പുള്ളിയെ പ്പോലെ ഞാൻ ശിക്ഷയ്ക്കു വേണ്ടി കാത്തുനിന്നു. എന്റെ ഹൃദയമിടിപ്പ് എനിക്കുതന്നെ കേൾക്കാമായിരുന്നു. ഹിറ്റ്ലർ സംശയത്തോടെ എന്റെ വിള റിയ മുഖത്തേക്കു തുറിച്ചു നോക്കി.

''പതിറ്റൊന്നു പത്ത്, പതി റ്റിക്കാൽ രണ്ടര, പന്ത്രണ്ടര ച്ചക്രം. ബാക്കി ഒന്നരച്ചക്രം. അല്യോടാ? അതെ. കണക്കു ശരി. പക്ഷേ, രണ്ട് ലഡു എവിടെപ്പോയി?''

മറുപടി പറയാതെ ഞാൻ നിന്നു.

ഹിറ്റ്ലറുടെ രോമനിബി ഡമായ പുരികങ്ങൾ വക്രിച്ചു. കൊമ്പൻമീശ വിറച്ചു. കുറ്റി ത്തലമുടി എഴുന്നുനിന്നോ എന്നു സംശയം. ചുവന്ന വട്ടക്കണ്ണുകളുരുട്ടി രൂക്ഷ മായി എന്നെ ഒരു നോട്ടം. കൈയിൽ കിട്ടിയ ഒരു കുറു വടിയുമായി അദ്ദേഹം ക്രുദ്ധ നായി എന്നെ കടന്നുപിടിച്ചു.

ഹിറ്റ്ലറുടെ രോമനിബിഡമായ പുരികങ്ങൾ വക്രിച്ചു. കൊമ്പൻമീശ വിറച്ചു. കുറ്റിത്തലമുടി എഴുന്നുനിന്നോ എന്നു സംശയം. ചുവന്ന വട്ടക്കണ്ണുകളുരുട്ടി രൂക്ഷമായി എന്നെ ഒരു നോട്ടം. കൈയിൽ കിട്ടിയ ഒരു കുറുവടിയു മായി അദ്ദേഹം ക്രുദ്ധനായി എന്നെ കടന്നുപിടിച്ചു.

''കൊച്ചു കഴുവേറി! വഴി യിൽവച്ച് ആരാനും കാൺകെ അലപ്പെടുത്തു രണ്ടു ലഡു കട്ടുതിന്നേച്ചു കേറിവന്നിരി ക്കുന്നു അല്യോടാ?''

''അമ്മൂമ്മോ!''

നിസ്സഹായനായ ഞാൻ ഉച്ചത്തിൽ നിലവിളിച്ചു.

''കൊച്ചുവേലൂ! വിടവനെ, രണ്ടു ലഡു തിന്നെങ്കിൽ പോകട്ടെ. ആകപ്പാടെ ഉള്ള ഒരു നരന്തുചെറുക്കനാ, എഴു ന്നേറ്റു നടക്കാൻ ശക്തിയി ല്ലാത്ത അതിനെ തല്ലണ്ടാ.''

വാത്സല്യനിധിയായ

അമ്മൂമ്മ എന്റെ രക്ഷയ്ക്കെത്തി.

ഹിറ്റ്ലർ മനസ്സില്ലാമനസ്സോടെ എന്റെ കൈവിട്ടു. ഇര നഷ്ടപ്പെട്ട ഒരു വന്യമൃഗത്തെപ്പോലെ നിരാശയോടും ക്രോധത്തോടും എന്നെ തുറിച്ചുനോക്കി. ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ട് അമ്മൂമ്മയെ കെട്ടിപ്പിടിച്ചു.

''കരയാതെ കരയാതെ, മക്കള് കാപ്പി കുടിച്ചിട്ടു പോയി കളിച്ചോ.''

ഞാൻ ആശ്വാസത്തോടെ പറമ്പിലേക്ക് ഇറങ്ങിയോടി.

വിശിഷ്ടാതിഥി യഥാസമയം എത്തി. മേശപ്പുറത്ത് പതിവിൻപ്പടി വിഭവങ്ങൾ നിരന്നു. പരിപ്പുവട, ഉണ്ണിയപ്പം, അരിയുണ്ട, വെണ്ണപോലെ വേവുന്ന ഏത്തയ്ക്കാച്ചീനി പുഴുങ്ങി മുളകും ഉഴുന്നുപരിപ്പും കറിവേപ്പിലയും എല്ലാം ചേർത്ത് കടുകു വറുത്തത്. കാന്താരിമുളകു ചതച്ചരച്ച ചമ്മന്തി. വിശിഷ്ടഭോജ്യമായി കുളത്തു അയ്യൻബ്രാൻഡ് ലഡു.

''ഒന്നാംതരം മരച്ചീനി! ഇത്ര സ്വാദുള്ള മരച്ചീനി ഇതുവരെ തിന്നിട്ടില്ല. അമ്മേ!''

കാസിം സാഹിബ് ഉത്സാഹത്തോടെ ചീനി പുഴുങ്ങിയതു മുഴുവൻ അകത്താക്കി. ലഡു എന്ന ആഢ്യനെ അദ്ദേഹം തിരിഞ്ഞുനോക്കിയതുപോലുമില്ല.

ഒളിച്ചുനിന്ന് സ്വീകരണരംഗം നിരീക്ഷിച്ചുകൊണ്ടു നിന്ന എന്റെ ഹൃദയത്തിൽ ഒരു പ്രതീക്ഷ മൊട്ടിട്ടു. കാസിം സാഹിബ് ലഡു തിന്നിട്ടില്ല. അമ്മൂമ്മ ലഡു തിന്നുകയുമില്ല. അതിന്റെ മുഴുവൻ ഏകഅവകാശി ഞാനാണെന്നു ചുരുക്കം! ചാടിവീണ് ലഡുപാത്രം കരസ്ഥമാക്കി ഓടണമെന്ന് എനിക്കു തോന്നി.

വിശിഷ്ടാതിഥി യാത്ര പറഞ്ഞു പോയി.

## കഥ ശോകസങ്കലമായി മാറുന്നു

ഒറ്റയക്ഷരം പറയാതെ ഒരു മൂലയ്ക്ക് ഒതുങ്ങിനിന്ന ഹിറ്റ്ലർ ചാടിവീണ് പാത്രത്തിൽനിന്നും ലഡു എട്ടെണ്ണവും വാരിയെടുത്തു. സ്തബ്ധനായി നിന്ന എന്റെ കൺമുന്നിൽവച്ച് വന്യമായ ആവേശത്തോടെ ഭക്ഷിച്ചു. നാഴുരിക്കിണ്ടിക്ക് ഒരു കിണ്ടി കാപ്പിയും കുടിച്ച് ദീർഘിച്ച രണ്ട് ഏമ്പക്കവും വിട്ട് കശ്മലൻ ഒന്നും സംഭവിക്കാത്തതുപോലെ കൈ മുണ്ടിൽ തുടച്ചു.

''എന്നാൽ ഇച്ചേച്ചി ! ഞാനിറങ്ങുന്നു.''

എന്റെ കൈയിൽ നിന്നും പിടിച്ചുപറിച്ച ഒന്നരച്ചക്രം മടിയിൽ ഭദ്രമായി തിരുകി വൃകോദരൻ ഭാര്യവീട്ടിലേക്കു യാത്രയായി. എനിക്കു പൊട്ടിക്കരയാൻ തോന്നി.

*(മുൻ ചീഫ് സെക്രട്ടറിയാണ് സി പി നായർ.)*



## പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ ആശയങ്ങൾ



വര: സുധീർ പി വൈ

*മരങ്ങൾ നമുക്കു നൽകുന്ന പാഠങ്ങൾ പഠിക്കുക എന്ന ആശയം സൂക്ഷിക്കുന്നത് അഭികാമ്യമാണ്. സൂര്യന്റെ ചൂട് സഹിച്ച് അവ നമുക്ക് കുളിരും തണലും നൽകുന്നു. പക്ഷേ നാം അവയോട് എന്താണ് ചെയ്യുന്നത്?*

*പ്രകൃതിയുടെ സംഭാവനകൾ എത്ര വേണമെങ്കിലും നമുക്ക് സ്വീകരിക്കാം. പക്ഷേ അവ അതേ അളവിൽ തിരിച്ചുകൊടുക്കണം എന്നു മാത്രം.*

*യഥാർഥസംഘർഷം വികസനവും പരിസ്ഥിതിയും തമ്മിലല്ല, മറിച്ച് മനുഷ്യർ ഭൂമിയുടെമേൽ വീണ്ടുവിചാരമില്ലാതെ നടത്തുന്ന ചൂഷണവും പരിസ്ഥിതിയും തമ്മിലാണ്.*

# വല്ലം നിറ നിറയോ...

ആലിന്തറ ജി കൃഷ്ണപിള്ള

*('വല്ലം നിറ വല്ലം നിറ വല്ലം നിറ നിറയോ...' പാടി, വട്ടത്തിൽ കോലടിച്ചു കളിച്ച് കുട്ടികൾ വേദിയിലേക്കു കടന്നുവരുന്നു. വട്ടത്തിനു നടുവിൽ ഒരു കുട്ടി വല്ല (പുൽക്കൂട) ത്തിന്റെ ഒരു മാതൃക തലയിലേന്തി ഒപ്പം ചുവടുവച്ച്, പാടിക്കളിച്ച് വേദി ചുറ്റി വന്നു വട്ടത്തിലിരിക്കുന്നു. നാടകത്തിൽ ഉപയോഗിക്കേണ്ട മുഖംമൂടികൾ ചിലരുടെ തോളത്തു തൂക്കിയിട്ടുണ്ട്. മധ്യത്തിൽ, വല്ലവുമായി വന്ന കുട്ടി പുല്ലുതേടി നടക്കുന്ന അഭിനയം. ഈ സമയം വട്ടത്തിലിരിക്കുന്നവർ ഒരുമിച്ചു പറയുന്നു.)*





വര: കെ സുധീഷ്

''ഒരിക്കൽ ഒരു കന്നുകാലി ചെക്കൻ പുല്ലു തേടി നടന്നു. കാടും മേടും താണ്ടി ഏറെ ദൂരം നടന്നു. ഒരു പുൽനാമ്പുപോലും കാണാതെ പാവം നടന്നലഞ്ഞു...''

ചെക്കൻ : (നടന്നു തളർന്നു) ഓ.... കാലു തളരണ്... കൈയും തളരണ്... ഓ... വയ്യ...

കുട്ടികൾ : പൂവാലിപ്പശുവിനു പുല്ലു തേടീ... കാലുതളരണ്... കൈയു തളരണ്...

*(ഇത് ആവർത്തിച്ച് ഏറ്റുപാടി മറ്റു കുട്ടികൾ ഒരു പ്രത്യേക ഫോർമേഷനിൽ. ഇതിനിടയിൽനിന്നും ഉരുത്തിരിഞ്ഞ് പുല്ലുകൾ... പുല്ലിന്റെ ഡിസൈനിൽ ഉള്ള തൊപ്പികൾ ധരിച്ച മൂന്നോ നാലോ കുട്ടികൾ മുൻ വേദിയുടെ ഒരറ്റത്ത് മുട്ടുകുത്തിയിരിക്കുന്നു. കൈവിരലുകൾ വിടർത്തി പിടിച്ച് ചലിപ്പിച്ച് കാറ്റിലാടുന്ന അഭിനയം. ചെക്കൻ നടന്നു തളർന്നു. അവശൻ... പുല്ലിനെ കാണുന്നു.)*

ചെക്കൻ : ഹായ്! പുല്ല്! ഇളം പുല്ല്!! പക്ഷേ.... കാലു തളരണ് കൈയു തളരണ്.... (പുല്ലിനോട്) പുല്ലേ തളിരിളം പുല്ലേ...

പാട്ട് : കാലു തളരണ്... കൈയു തളരണ്...
താനേ നീ വന്നീ വല്ലം നിറയ്ക്ക്...
(കുട്ടികൾ ഏറ്റുപാടുന്നു)

പുല്ലുകൾ : (ചൊടിച്ച്) കാലു തളരട്ടെ കൈയു തളരട്ടെ ... വല്ലം നിറയ്ക്കാൻ വയ്യിപ്പം ചെക്കാ

ചെക്കൻ : ങ്ഹേ! പുല്ലിനു വയ്യെന്നോ?

കുട്ടികൾ : (പാട്ട്) പുല്ലിനു വയ്യെന്നോ, ഈ പുല്ലിനു വയ്യെന്നോ?
താനേ വന്നീ വല്ലം നിറയ്ക്കാൻ പുല്ലിനു വയ്യെന്നോ...? ഈ പുല്ലിനു വയ്യെന്നോ..?

*(കുട്ടികൾ ഏറ്റുപാടുന്നു. ചെക്കൻ ധമിം ധിമിം ചവുട്ടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു... )*

''താനേ വല്ലം നിറയ്ക്കാത്ത പുല്ലിനെ

പാഠം പഠിപ്പിക്കും.
ഞാനൊരു പാഠം പഠിപ്പിക്കും.''
*(ഏറ്റുപാടി കുട്ടികൾ മറ്റൊരു ഫോർമേഷനിൽ. ഇതിനിടയിൽനിന്നും പുൽചാടി ചാടി വരുന്നു.)*



ചെക്കൻ : പുൽച്ചാടീ... ഏയ് പുൽച്ചാടീ...
വല്ലം നിറയ്ക്കാത്ത പുല്ലിനെതിന്നെന്റെ
പൊന്നു പുൽച്ചാടീ... കൊമ്പൻ പുൽച്ചാടീ...
*(കുട്ടികൾ ആവർത്തിച്ചു പാടുന്നു. പുൽച്ചാടി ചാടിച്ചാടി വേദി ചുറ്റുന്നു. ചെക്കൻ പിന്നാലെ. പുൽച്ചാടി പുല്ലുകൾക്കടുത്തെത്തി പുല്ലിനെ ഒന്നു സ്പർശിക്കുവാൻ ശ്രമിച്ചിട്ട്)*
പുൽച്ചാടി : അയ്യോ പള്ള വീർത്തിരിക്കുന്നേ... പുല്ലു തിന്നാൻ തോന്നുന്നില്ലേ... (പിന്നോട്ടു മാറിയിരുന്ന് ഉറക്കം.)
ചെക്കൻ : ങ്ഹേ!?
കുട്ടികൾ : പുല്ലോ വല്ലം നിറച്ചില്ല,
പുൽച്ചാട്യോ പുല്ലിനെ തിന്നില്ല
(ആവർത്തനം)
ചെക്കൻ : (ചുറ്റിനടന്ന് അന്വേഷണം)
വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാട്യേ ഞാനൊരു പാഠം പഠിപ്പിക്കും.
ഒരു പാഠം പഠിപ്പിക്കും...
കുട്ടികൾ : (ഏറ്റുപാടി ചലനം. മറ്റൊരു ഫാർമേഷൻ... കുളം. അതിനു നടുവിൽ തവള)
ചെക്കൻ : പുല്ലിനെ തിന്നാത്ത പുൽച്ചാട്യേ
തിന്നെന്റെ
പൊന്നു തവളേ... പൊന്തൻ തവളേ...
കുട്ടികൾ : വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാട്യേ തിന്നെന്റെ പൊന്നു
തവളേ... പൊന്തൻ തവളേ... (ആവർത്തനം)
*(തവള വേദി ചുറ്റുന്നു. കൂടെ ചെക്കനും. പുൽച്ചാടിക്കടുത്തെത്തിയ തവള ഒന്നു മണത്തു നോക്കിയിട്ട് പുറകോട്ടു മാറിയിരിക്കുന്നു)*
തവള: അയ്യോ, പള്ള വീർത്തിരിക്കുന്നേ.... പുൽച്ചാട്യേ തിന്നാൻ തോന്നുന്നില്ലേ... (ഉറക്കം)
കുട്ടികൾ : (പാട്ട്) പുല്ലോ വല്ലം നിറച്ചില്ല...
പുൽച്ചാട്യോ പുല്ലിനെ തിന്നില്ല...
തവളയോ പുൽച്ചാട്യേ തിന്നില്ല...
ചെക്കൻ : (അരിശം മൂത്ത്)
വല്ലം നിറയ്ക്കാത്ത, പുല്ലിനെ
തിന്നാത്ത പുൽച്ചാട്യേ തിന്നാത്ത
തവളയെ ഞാനൊരു പാഠം പഠിപ്പിക്കും...
(ധമിം ധിമിം ചവുട്ടി വേദി ചുറ്റുന്നു.)
കുട്ടികൾ : (ഏറ്റുപാടി ചലനം) ഫോർമേഷൻ- മാളം. അതിൽനിന്നും ചീറി പുറത്തേക്കു വരുന്ന പാമ്പ്)
ചെക്കൻ : പാമ്പേ...,
പുൽച്ചാട്യേ തിന്നാത്ത തവളയെ
തിന്നെന്റെ
പൊന്നു പാമ്പേ... മൂർഖൻ പാമ്പേ...
(പാമ്പ് അതിശീഘ്രം വേദി ചുറ്റി പായുന്നു. കൂടെ ചെക്കനും. ഈ സമയം കുട്ടികൾ പാടുന്നു.)
വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാട്യേ തിന്നാത്ത തവളയെ
തിന്നെന്റെ
പൊന്നു പാമ്പേ... മൂർഖൻ പാമ്പേ....
(ആവർത്തനം)
പാമ്പ് : (വേദി ചുറ്റിവന്ന് തവളയെ ഒന്നു മണത്തുനോക്കി പിന്നോട്ടുമാറി)
അയ്യോ പള്ള വീർത്തിരിക്കുന്നേ... തവളയെ തിന്നാൻ തോന്നുന്നില്ലേ... (ഉറക്കം)
ചെക്കൻ : ങ്ഹേ? (ദേഷ്യം അന്വേഷണം)
വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാട്യേ തിന്നാത്ത തവളയെ
തിന്നാത്ത



പാമ്പിനെ ഞാനൊരു പാഠം പഠി
പ്പിക്കും.

*(കുട്ടികൾ ഏറ്റുപാടി മറ്റൊരു ഫോർമേഷൻ– പരുന്തിൻ കൂട്. അതിൽ പരുന്തും കുഞ്ഞും.)*

ചെക്കൻ : (പരുന്തിനോട്)

തവളേ തിന്നാത്ത പാമ്പിനെ
തിന്നെന്റെ പൊന്നു പരുന്തേ...
കൃഷ്ണപ്പരുന്തേ...
വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാടേ്യ തിന്നാത്ത തവളേ
തിന്നാത്ത പാമ്പിനെ തിന്നെന്റെ
പൊന്നു പരുന്തേ... കൃഷ്ണപ്പരുന്തേ...

(പരുന്ത് വട്ടംചുറ്റി പറന്നു പാമ്പിനടുത്തെത്തി ഒന്നു മണത്തു നോക്കി)

പരുന്ത് : അയ്യോ... പള്ള വീർത്തിരിക്കുന്നേ...
പാമ്പിനെ തിന്നാൻ തോന്നുന്നില്ലേ...
(പിന്നോട്ടു മാറിയിരുന്ന് ഉറക്കം)

ചെക്കൻ : (അന്വേഷണം)

വല്ലം നിറയ്ക്കാത്ത പുല്ലിനെ
തിന്നാത്ത
പുൽച്ചാടേ്യ തിന്നാത്ത തവളേ
തിന്നാത്ത
പാമ്പിനെ തിന്നാത്ത പരുന്തിനെ
ഞാനൊരു പാഠം പഠിപ്പിക്കും.

(കുട്ടികൾ ഏറ്റുപാടുന്നു)

*(വീണ്ടും പരുന്തിന്റെ കൂട് ഫോർമേഷൻ 'കീയോ കീയോ' വിളിച്ച് കൂടിനകത്ത് പരുന്തിന്റെ കുഞ്ഞ്. ചെക്കൻ ചാടി പരുന്തിൻ കുഞ്ഞിനെ പിടിച്ച് ഒക്കത്തിറുക്കി ആർത്തു വിളിച്ച് ചുറ്റിനടക്കുന്നു. കുഞ്ഞ് സ്വതന്ത്രമായ ഒരു ചിറകിട്ടടിച്ച് കരയുന്നു.)*

ചെക്കൻ : ഹായ്! ഹായ്! ഹായ്!

പരുന്തിന്റെ കുഞ്ഞിനെ ഞാൻ പിടി
ച്ചേ...
കുഞ്ഞിപ്പരുന്തിനെ ഞാൻ പിടിച്ചേ....
(ആവർത്തനം)

കുട്ടികൾ : (ഏറ്റുപാടി പിൻവേദിയിൽ അർധ വൃത്താകൃതിയിൽ നിരക്കുന്നു.)

പരുന്ത് :(കിയോ കിയോ വിളിച്ച് പറന്നടുക്കുന്നു. കരഞ്ഞ്)

എൻ കുഞ്ഞ് പൊൻകുഞ്ഞ് വിട്ടു
തായോ...
കുഞ്ഞിപ്പരുന്തിനെ വിട്ടുതായോ...
(ആവർത്തനം)

കുട്ടികൾ : (ഏറ്റുപാടുന്നു)

ചെക്കൻ : വിട്ടുതരാം... വിട്ടു
തരാം... പാമ്പിനെ തിന്നൂ...

പരുന്ത് : തിന്നാമേ...തിന്നാം...
(പാമ്പിനടുത്തേക്ക് പറന്നടുക്കുന്നു.)

പാമ്പ് : (അയ്യോ... പള്ള
വീർത്ത പരുന്തേ...
എന്നെ തിന്നല്ലേ...
എന്നെ തിന്നല്ലേ...

പരുന്ത്: തിന്നില്ലാ... തിന്നി
ല്ലാ... തവളയെ തിന്നൂ...

പാമ്പ് : തിന്നാമേ... തിന്നാം
(തവളയ്ക്കടുത്തേക്ക് ചീറിയടുക്കുന്നു)

തവള : അയ്യോ പള്ള വീർത്ത
പാമ്പേ...
എന്നെ തിന്നല്ലേ....
എന്നെ തിന്നല്ലേ...

പാമ്പ് : തിന്നില്ലാ... തിന്നില്ലാ...
പുൽച്ചാടേ്യ തിന്നൂ...

തവള : (തിന്നാമേ... തിന്നാം...
പുൽച്ചാടിക്കടുത്തേക്ക്)

പുൽച്ചാടി : അയ്യോ പള്ള വീർത്ത
തവളേ എന്ന തിന്നല്ലേ എന്നെ
തിന്നല്ലേ



തവള :  തിന്നില്ലാ തിന്നില്ലാ... പുല്ലിനെ തിന്നൂ...
പുൽച്ചാടി തിന്നാമേ തിന്നാം.... (പുല്ലിനടുത്തേക്കു പായുന്നു)
കുട്ടികൾ : പരുന്തോ പാമ്പിനെ തിന്നാൻ ചെന്നൂ...
പാമ്പോ തവളയെ തിന്നാൻ ചെന്നൂ
പുൽച്ചാടിയോ പുല്ലിനെ തിന്നാൻ ചെന്നൂ...
തവളയോ പുൽച്ചാട്യേ തിന്നാൻ ചെന്നൂ
പുല്ലോ ഓടി പുല്ലോ ഓടി
പുല്ലോ ഓടി വല്ലം നിറനിറ (വല്ലത്തിനു ചുറ്റാകെ കറങ്ങി അമരുന്ന അഭിനയം)
കുട്ടികൾ: കന്നാലിച്ചെക്കന്റെ വല്ലം നിറഞ്ഞു. ചക്കിപ്പരുന്തിന്റെ കുഞ്ഞിനേം കിട്ടി. സന്തോഷം.
*(ചെക്കൻ വല്ലം തലയിലേറ്റി കളിച്ചു വേദി ചുറ്റുന്നു. അവനു ചുറ്റും കറങ്ങി തുള്ളിക്കളിച്ച് പുല്ലുകളും)*
ചെക്കൻ : വല്ലം നിറഞ്ഞെന്റെ വല്ലം,
പൂവാലിപ്പശുവിനു കോള്(4) (പാട്ട് മുറുകുന്നു.)





(വേഷങ്ങൾ ക്രമേണ മാറ്റി മറ്റുള്ളവയും ഒപ്പം കളിക്കുന്നു)
(കൂടുതൽ വേഗം)
കുട്ടികൾ : ങ്ഹാ...
വല്ലം നിറ വല്ലം
നിറ വല്ലം നിറ നിറ നിറയോ (4)
ങ്ഹാ... ഇല്ലം നിറ ഇല്ലം നിറ ഇല്ലം നിറ നിറ നിറയോ
(ആവർത്തനം. ഒപ്പം കോലടിച്ചു വട്ടത്തിൽ കളിച്ച് വേദി ഒഴിയുന്നു)

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.  തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ, തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**



ഫീച്ചർ



ഭാഷാവൈവിധ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സംസ്ഥാനമാണല്ലോ കേരളം. കേരളത്തിൽ മുപ്പത്തിരണ്ടോളം ആദിവാസി ഗോത്രവിഭാഗങ്ങളാണ് വസിക്കുന്നത്. കേരളത്തിൽ ജീവിക്കുന്നുവെന്നതുകൊണ്ട് മാതൃഭാഷ മലയാളം എന്നുപറയാൻ നിർബന്ധിതരായവർ. ഗോത്രജനതയുടെ ഓണസങ്കൽപ്പങ്ങൾ എന്താണ്? അവരുടെ ഓണക്കളികളെന്തെല്ലാമാണ്? എന്തെല്ലാമായിരിക്കും അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും? ഇവയെക്കുറിച്ചുള്ള അന്വേഷണമാണ് സിന്ധു സാജൻ തയ്യാറാക്കിയ ഈ ലേഖനത്തിൽ.

# അട്ടപ്പാടിയിലെ ഇരുളരുടെ ഓണം

**സിന്ധു സാജൻ**

കേരളത്തിൽ ജനിച്ച്, കേരളത്തിൽ ജീവിക്കുന്ന, മലയാളികൂടിയായ, മാതൃഭാഷ 'മലയാള'മായ ഒരു ഗോത്രജനതയുടെ ഓണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്തെല്ലാമാണ്? ഒരന്വേഷണമാവാം.

(ഗോത്രജനതയുടെ മാതൃഭാഷ മലയാളമല്ല; ഓരോ ഗോത്രവിഭാഗത്തിനും തനതു മാതൃഭാഷയുണ്ട്. എന്നിട്ടും ആധികാരികരേഖകളിൽ മാതൃഭാഷ മലയാളമെന്ന് രേഖപ്പെടുത്തുന്നതു മൂലം മലയാളിയായി ഗണിക്കപ്പെടുന്നു.)

ഗോത്രജനതയുടെ ഓണസങ്കൽപ്പങ്ങൾ എന്താണ്? മാവേലിയെക്കുറിച്ച്, മാവേലി പാതാളത്തിൽനിന്ന് കേരളജനതയെ കാണാനെത്തുന്നതിനെക്കുറിച്ച് എന്തെല്ലാമായിരിക്കും അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും? ഓണസദ്യയെക്കുറിച്ചും അടപ്രഥമനെക്കുറിച്ചുമുള്ള ഗോത്രജനതയുടെ അറിവുകളും ശീലങ്ങളുമെന്തെല്ലാമാണ്? അവരുടെ ഓണക്കളികളെന്തെല്ലാമാണ്?

ഗോത്രജനതയ്ക്ക് ഓണമെന്ന സങ്കൽപ്പമേയില്ല എന്നതാണ് യാഥാർഥ്യം.

എന്നാൽ ഗോത്രവർഗങ്ങൾക്കിടയിലെ ഉത്സവങ്ങളും ചടങ്ങുകളുമെല്ലാം കൃത്യമായ കാർഷികപാരമ്പ

ര്യവുമായി ഇണങ്ങിച്ചേർന്ന വയാണ്. കാടിനോടും കൃഷി യോടും ചേർന്നു നിൽക്കു ന്നവ. കാർഷികപാരമ്പര്യവു മായി ബന്ധപ്പെട്ട് അട്ടപ്പാടി യിലെ 'ഇരുള' വിഭാഗത്തിന്റെ ഏറ്റവും പ്രധാന ചടങ്ങാണ് കമ്പളം. വിത്തിടൽ ചടങ്ങു കൂടിയാണിത്. ഗോത്രപാരമ്പ ര്യത്തിൽ പണ്ട് ഒരു കുടുംബ ത്തിനുമാത്രമായി ഒരു വലിയ അളവ് കൃഷിയിടം കാണും. അതുകൊണ്ടുതന്നെ കൃഷി യിടത്തിലെ മുഴുവൻ ജോലി കളും ഒരു കുടുംബത്തിന് മാത്രമായി ചെയ്തു തീർക്കാ വുന്നവയല്ല. അതിനായി നട ത്തുന്ന ചടങ്ങാണ് കമ്പളം. ഊരിലെ മുഴുവൻ കുടുംബ ങ്ങളെയും ക്ഷണിച്ചുകൊണ്ട് വലിയ ആഘോഷമായാണ് ഈ ചടങ്ങ് സംഘടിപ്പിക്കു ന്നത്. യാതൊരു പ്രതിഫ ലവും പറ്റാതെ ഒരുമിച്ച് പണിയെടുത്ത് ഒരുമിച്ചുണ്ട് ജോലികൾ തീർത്ത് അവർ മടങ്ങും. ഊരിലെ 'മണ്ണു ക്കാരൻ' (കൃഷിക്കാര്യങ്ങൾ നോക്കി നടത്തുന്നയാളുടെ സ്ഥാനപ്പേര്) ആണ് വിത്തി ടൽ ചടങ്ങ് നടത്തുക. ആട്ട വും പാട്ടുമൊക്കെയായി ജോലികൾ ഒരാഘോഷം തന്നെയാകും. ഇങ്ങനെ ഊഴ മനുസരിച്ച് ഓരോ കുടുംബ ത്തിലും മാറിമാറി ജോലി കൾ തീർക്കും.

വിളവെടുക്കുന്നതും മണ്ണു ക്കാരന്റെ നേതൃത്വത്തിൽ ആഘോഷമായിത്തന്നെയാണ്. പുതിയ വിളവെടുത്ത് കുല ദൈവങ്ങളായ 'പശാത്'ന് സമർപ്പിച്ച ശേഷം മണ്ണുക്കാ രനെയും ഊട്ടിയശേഷമേ ബാക്കി വിളവെടുക്കുകയു ള്ളൂ. ഈ പുത്തരി തിന്നൽ ചടങ്ങിന് 'തോട് തിന്നൽ' എന്നാണു പേര്. (ഓരോ ഗോത്രവിഭാഗത്തിനും സമാ

**കാർഷിക പാരമ്പര്യവുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിലെ 'ഇരുള' വിഭാഗത്തിന്റെ ഏറ്റവും പ്രധാന ചടങ്ങാണ് കമ്പളം. വിത്തിടൽ ചടങ്ങുകൂടിയാണിത്. ഗോത്രപാരമ്പ ര്യത്തിൽ പണ്ട് ഒരു കുടുംബത്തിനു മാത്രമായി ഒരു വലിയ അളവ് കൃഷിയിടം കാണും. അതുകൊണ്ടുതന്നെ കൃഷിയിടത്തിലെ മുഴുവൻ ജോലികളും ഒരു കുടുംബ ത്തിനു മാത്രമായി ചെയ്തു തീർക്കാവുന്നവയല്ല. അതിനായി നടത്തുന്ന ചടങ്ങാണ് കമ്പളം.**

നമായ ചടങ്ങുകളുണ്ട്.)

കൃഷിയിടത്തിൽ വിള വെടുത്ത റാഗി തിരികല്ലിൽ കുത്തിയെടുത്ത് പൊടിയാ ക്കിയശേഷം വലിയ മൺകല ത്തിൽ വെള്ളവും ഉപ്പും മാത്രം ചേർത്ത് വേവിച്ചുണ്ടാ ക്കുന്ന 'റായിക്കളി'യും വിവി ധതരം ഇലക്കറികളുമാണ് പ്രധാന ആഹാരം. ഏക ദേശം 135 തരം ഇലക്കറികൾ സ്വന്തമായുള്ളവരായിരുന്നു ഗോത്രജനത. പൂർണമായും പോഷകസമ്പുഷ്ടമായ, കീട നാശിനിയോ രാസവളപ്രയോ ഗമോ ഇല്ലാത്ത ധന്യങ്ങളായ ചാമ, ചോളം, വരഗ് എന്നി വയും ഒപ്പം വിവിധങ്ങളായ പച്ചക്കറികളാലും സമ്പുഷ്ട മായിരുന്നു അവരുടെ ഭക്ഷണം. അനാവശ്യനിറ ങ്ങളും രുചിക്കും മണത്തി



നുമൊക്കെയായി മറ്റെന്തെങ്കിലുമോ ചേർക്കുന്ന പതിവും ഇവർക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ 'വിഭവസമൃദ്ധമായ സദ്യ ഗോത്രജനതയ്ക്കു പരിചിതമല്ലായിരുന്നു, അഥവാ അതിന്റെ ആവശ്യമില്ലായിരുന്നു.

ഗോത്രജനതയുടെ ഈശ്വരസങ്കൽപ്പം കൗതുകമാർന്നതും ശ്രദ്ധേയവുമാണ്. മരിച്ചുപോയ മുഴുവൻ പൂർവികരെയും കുടിയിരുത്തുന്ന 'പശാത്മട' കളിലെ 'പശാത്' നെ (കുലദൈവങ്ങളെ) യാണ് ഗോത്രജനത ആരാധിക്കുന്നത്.

ഊരിലെ പ്രധാന കുടുംബങ്ങളിലൊന്നിൽ ഈ 'പശാത്മട' കാണാം. വീടിനകത്ത് പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഇടത്ത് സ്ഥാപിച്ചിട്ടുള്ള വലിയ മൺകലത്തിലാണ് 'പശാത്' കുടിയിരിക്കുന്നത്.

വിവാഹത്തിന് വരൻ വധുവിന് നൽകുന്ന 'പരിയപ്പണം' (ഗോത്രവർഗത്തിൽ സ്ത്രീധന സമ്പ്രദായമില്ല. പുരുഷന്മാർ സ്ത്രീക്കാണ് ധനം നൽകുക) ഈ 'പശാത് 'നു മുൻപിലാണ് സമർപ്പിക്കുക. ആദ്യവിളവെടുപ്പ്, കുഞ്ഞിന്റെ ജനനം തുടങ്ങി ജീവിതത്തിലെ പ്രധാനപ്പെട്ട മുഴുവൻ കാര്യങ്ങൾക്കും സാക്ഷ്യം വഹിക്കുന്നത് ഈ 'പശാത്' ആയിരിക്കും. രോഗശമനത്തിനായി ആശ്രയിക്കുന്നതും ഈ 'പശാത്' നെയാണ്. ഊരിലെ ആചാരാനുഷ്ഠാനങ്ങളുടെ ചുമതല വഹിക്കുന്ന 'ഗുരുവൻ' ആണ് സാധാരണയായി പശാത് മടയുടെ ചുമതലയും ഉണ്ടാവുക.

ഗോത്രജനതയ്ക്ക് വിഷ്ണു, കൃഷ്ണൻ തുടങ്ങിയ ദൈവസങ്കൽപ്പങ്ങളേയില്ല. പൂർവികരായ കുലദൈവങ്ങളെക്കൂടാതെ മലദൈവങ്ങളും വനഭദ്രകാളിയുമൊക്കെയാണ് ഇപ്പോഴും പ്രധാന ദൈവങ്ങൾ. മല്ലീശ്വരൻ എന്ന ശിവസങ്കൽപ്പവുമുണ്ട്.

അമ്പലങ്ങളോ പ്രത്യേക ആരാധനാലയങ്ങളോ കെട്ടിപ്പൊക്കുന്ന പതിവ് ഇല്ലായിരുന്നു. എന്നാൽ ഈയടുത്ത കാലത്ത് ചുരുക്കം ചില അമ്പലങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.



# തലമപ്പന്തുകളിക്കാർ

**രാജഗോപാലൻ നാട്ടുകൽ**

മുഴുതിങ്കളിൻ സ്വർണ-
മുത്തളിരോലപ്പന്തുമായ്
വിരിവിണ്ണിൻ മുറ്റത്തിതാരെല്ലാം?
തലമപ്പന്തിന്റെ
കളിയാണിവർക്കൊക്കെ
നിരയായിട്ടെത്തുന്നൂ താരങ്ങൾ!
പിടിവാശി, വൈരാഗ്യം
കിടമത്സരങ്ങളും
കടുകോളം കരളാത്ത കരളുള്ളോർ!
തിരുവോണപ്പൂനിലാ-
വഴകു പൂത്തിടുന്ന
പരമാനന്ദത്തിന്റെ പൂക്കാലം!
ഒരുമയും പെരുമയും
ചിരിയും കിനാക്കളും
തലകുത്തി മറിയുന്ന പൂമുറ്റം!



വര: സുരേഷ് പരിയാരത്ത്


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
അച്ഛാ... മണിക്കുട്ടിക്കുള്ള ഉടുപ്പും മേടിച്ചില്ലേ...? അവളെന്റെ ബസ്റ്റ്ഫ്രണ്ടാ....
ഓ.... രണ്ടാൾക്കും വാങ്ങിയിട്ടുണ്ട്.... രണ്ടുംനോക്കി നിനക്കിഷ്ടപ്പെട്ടത് ഒന്ന് തിരഞ്ഞെടുക്ക്...
രണ്ടും ഇഷ്ടായി... എന്നാലും ഈ റോസാ കൂടുതൽ ഇഷ്ടം.
എന്നാലാ മഞ്ഞ നമുക്ക് മണിക്കുട്ടിക്ക് കൊടുക്കാം. ഇങ്ങ് താ.
അങ്ങിനെയാണെങ്കിൽ എനിക്കീ മഞ്ഞയാ കൂടുതൽ ഇഷ്ടം. ഇത് കൊടുത്തോ!
ഇത്ര ചെറുതിലേ ഇവളുടെ വർത്താനം കണ്ടില്ലേ...!
നമ്മുടെ ചിന്തയാ ചെറുതായിപ്പോയേ!

# ഈജിയൻ തൊഴുത്ത്

**എം ഗീതാഞ്ജലി**

ദേവന്മാരുടെ രാജാവായ സ്യൂസ്ദേവന് ഒരു മനുഷ്യസ്ത്രീയിലുണ്ടായ മകനാണ് ഹെർക്കുലിസ്. തന്റെ ഭർത്താവിന് ഇങ്ങനെയൊരു മകൻ ഉണ്ടായതിൽ ദേവലോകത്തെ റാണിയായ ഹീരാദേവിക്ക് അതികഠിനമായ അമർഷവും ദേഷ്യവും ഉണ്ടായിരുന്നു. മറ്റുള്ള മക്കളോടുള്ളതിനേക്കാൾ സ്നേഹം സ്യൂസ്ദേവൻ ഹെർക്കുലിസിനോട് കാണിക്കുന്നുണ്ടെന്നു തോന്നിയപ്പോൾ റാണിയുടെ ദേഷ്യം വർധിച്ചു. അതുകൊണ്ടുതന്നെ ഹെർക്കുലിസിനെ ദേവനാക്കാൻ സ്യൂസ് ശ്രമിച്ചപ്പോൾ ഹീരാറാണി എതിർത്തു. ഹെർക്കുലിസ് ധീരനും വീരനുമാണെന്ന് തെളിയിക്കാതെ അവനെ ദേവനാക്കാൻ സമ്മതിക്കില്ല എന്നു പറഞ്ഞായിരുന്നു ഹീരാദേവി എതിർത്തത്. യുവാവാകുമ്പോൾ പന്ത്രണ്ടു സാഹസികപ്രവൃത്തികൾ ചെയ്ത് തന്റെ ധൈര്യവും ശക്തിയും തെളിയിച്ചാലേ അവനെ ദേവനാക്കാൻ പറ്റൂ എന്ന് റാണി തീർത്തുപറഞ്ഞു.

സ്യൂസ്ദേവന് അതു സമ്മതിക്കേണ്ടിവന്നു. വളർന്നു യുവാവായ ഹെർക്കുലിസിന് ചില കാരണങ്ങളാൽ യുറിസ്ത്യൂസ് രാജാവിന്റെ സേവകനായി ജീവിക്കേണ്ടി വന്നു. ഈ കാലത്ത് അതിസാഹസികമായ പന്ത്രണ്ട് കാര്യങ്ങൾ ചെയ്യാൻ ഹെർക്കുലിസിനോട് രാജാവ് ആവശ്യപ്പെട്ടു.

ഈ പന്ത്രണ്ട് കാര്യങ്ങളിൽ അഞ്ചാമതായി രാജാവ് നിർദേശിച്ചത് എലിസിലെ രാജാവായ ഈജിയാസിന്റെ കാലിത്തൊഴുത്ത് വൃത്തിയാക്കാനായിരുന്നു. ഒരു കാലിത്തൊഴുത്ത് വൃത്തിയാക്കൽ ഇത്ര ദുഷ്കരമായ പണിയോ? അത് ഈജിയാസിന്റെ തൊഴുത്തിന്റെ കഥ കേട്ടാലേ മനസ്സിലാവൂ.

ഹിലിയൂസ് അഥവാ സൂര്യദേവന്റെ പുത്രനായിരുന്നു ഈജിയാസ്. ആയിരക്കണക്കിന് കന്നുകാലികൾ അയാൾക്കുണ്ടായിരുന്നു. നല്ല തീറ്റ കാരണം ആരോഗ്യമുള്ളവയായിരുന്നു അവ. രോഗങ്ങളോ മരണമോ അവർക്കില്ല. അതുകൊണ്ടു



വര: ടി ആർ രാജേഷ്



**അനേകായിരം പശുക്കളും കാളക്കൂറ്റന്മാരും നിറഞ്ഞ ആ തൊഴുത്ത് പരിചാരകർക്ക് ആർക്കും തന്നെ വൃത്തിയാക്കാൻ കഴിയുമായിരുന്നില്ല. ഭീമാകാരന്മാരായ കാളക്കൂറ്റന്മാരെ പേടിച്ച് പരിചാരകർക്ക് തൊഴുത്തിനടുത്തേക്ക് പോകാൻതന്നെ വയ്യെന്നായി.**



തന്നെ ഓരോ വർഷവും അവയുടെ എണ്ണം കൂടിക്കൂടി വന്നു. കരുത്തന്മാരായ കാളക്കൂറ്റന്മാർ മറ്റുള്ള ജന്തുക്കളുടെ ആക്രമണങ്ങളിൽനിന്ന് തൊഴുത്തിലെ പശുക്കളെയും കിടാങ്ങളെയും സംരക്ഷിച്ചുപോന്നു.

അനേകായിരം പശുക്കളും കാളക്കൂറ്റന്മാരും നിറഞ്ഞ ആ തൊഴുത്ത് പരിചാരകർക്ക് ആർക്കും തന്നെ വൃത്തിയാക്കാൻ കഴിയുമായിരുന്നില്ല. ഭീമാകാരന്മാരായ കാളക്കൂറ്റന്മാരെ പേടിച്ച് പരിചാരകർക്ക് തൊഴുത്തിനടുത്തേക്ക് പോകാൻതന്നെ വയ്യെന്നായി. അങ്ങനെ ചാണകവും മൂത്രവുംകൊണ്ട് തൊഴുത്തെല്ലാം നിറഞ്ഞു. ക്രമേണ പരിസരങ്ങളിലുള്ള നിലങ്ങളിലേക്കും അവ ഒഴുകിപ്പടർന്നു. കുന്നുകൂടിക്കിടന്ന ചാണകംകൊണ്ട് ആർക്കും അങ്ങോട്ടും കടന്നുചെല്ലാൻ തന്നെ നിവൃത്തിയില്ലാതായി. തൊട്ടടുത്ത കൃഷിനിലങ്ങളെല്ലാം ചാണകവും തൊഴുത്തിലെ മാലിന്യവുംകൊണ്ട് നിറഞ്ഞതിനാൽ കൃഷിക്കാർക്ക് കൃഷിയൊന്നും ചെയ്യാനാവാതായി.

ഇങ്ങനെ വലിയ ബുദ്ധിമുട്ടിലായിരിക്കുന്ന കാലത്താണ് യൂറിസ്ത്യൂസിന്റെ ദാസനായി ഹെർക്കുലിസ് അവിടെ എത്തിയത്. തൊഴുത്തുവൃത്തിയാക്കൽ വലിയ പാടുപിടിച്ച പണിയല്ല എന്നു കരുതി എത്തിയ ഹെർക്കുലിസ് അവിടത്തെ സ്ഥിതി കണ്ട് അമ്പരന്നു. എന്താ കഥ! ഒരൊറ്റദിവസംകൊണ്ട് തൊഴുത്തു വൃത്തിയാക്കണമെന്നാണ് രാജാവിന്റെ വ്യവസ്ഥ.

അമ്പരന്നു നോക്കി നിൽക്കുന്ന ഹെർക്കുലിസിന്റെ അരികെ ഔജിയാസ് എത്തി. ഇത്രയും അസാധ്യമായ ജോലി ഏറ്റെടുത്തതിന് ഹെർക്കുലിസിനെ അയാൾ പരിഹസിച്ചു. മാത്രമല്ല, ഒരു മുഴുവൻ ദിവസം ഇതിനായി തരില്ലെന്നും ഒരു പകൽകൊണ്ട് തൊഴുത്ത് വൃത്തിയാക്കൽ തീർക്കണമെന്നും അയാൾ പറഞ്ഞു.

അപ്പോൾ ഒരുദിവസം മുഴുവനുമില്ല! ഒരു പകൽ മാത്രം. ഹെർക്കുലിസ് സമ്മതിച്ചു. പക്ഷേ ഒരു കരാർ അയാളും മുന്നോട്ടു വച്ചു.

''ഒരു മുഴുവൻ ദിവസവുമുണ്ടെന്നാണ് എന്നോട്

ആദ്യം പറഞ്ഞിരുന്നത്. ഒരൊറ്റ പകൽമാത്രമേ തരൂ എന്നാണെങ്കിൽ എനിക്ക് ഒരു കരാർ ഉണ്ട്.''

''എന്താണത്?''

''ഒരു പകൽകൊണ്ട് പണി ഞാൻ തീർത്താൽ ഈ തൊഴുത്തിലെ പത്ത് കാലികൾക്ക് ഒന്ന് എന്ന തോതിൽ എനിക്കു കൂലി തരണം.''

ഈജിയാസ് സമ്മതിച്ചു. ആർക്കും വൃത്തിയാക്കാൻ പറ്റാത്ത ഈ കാലിത്തൊഴുത്ത് വൃത്തിയായി കിട്ടുകയാണ് ആവശ്യം.

പിറ്റേന്നു രാവിലെ ഹെർക്കുലിസ് തൊഴുത്ത് വൃത്തിയാക്കാനെത്തി. ആദ്യം തന്നെ അയാൾ ചെയ്തത് തൊഴുത്തിന്റെ മുന്നിലും പിന്നിലുമുള്ള ചുമർ പൊളിച്ചുമാറ്റുകയായിരുന്നു. എന്നിട്ട് സമീപത്തുകൂടി ഒഴുകിയിരുന്ന നദിയിൽനിന്ന് തൊഴുത്തിലേക്ക് ഒരു വലിയ ചാൽ കീറി. നദിയിൽ നിന്ന് ശക്തിയിൽ വെള്ളം തൊഴുത്തിലേക്ക് ഒഴുകിയെത്തി. തൊഴുത്തിലെ മുഴുവൻ ചാണകവും മാലിന്യവും ശേഖരിച്ചുകൊണ്ട് വെള്ളം മറുവശത്തുകൂടി ഒഴുകിപ്പോയി. സന്ധ്യയ്ക്കു മുൻപു തന്നെ തൊഴുത്ത് വളരെ വൃത്തിയായി. മാത്രമോ, പരിസരപ്രദേശത്ത് കുന്നുകൂടി കിടന്നിരുന്ന ചാണകം മുഴുവനും ആ ജലപ്രവാഹത്തിൽ ഒരുപോലെ എല്ലാ നിലങ്ങളിലേക്കും പരന്നൊഴുകി. അതുകൊണ്ട് തൊഴുത്തു മാത്രമല്ല, സമീപപ്രദേശങ്ങളും വൃത്തിയായി. ചുറ്റുമുള്ള നിലങ്ങളെല്ലാം കൃഷിചെയ്യാൻ പറ്റുന്ന വിധത്തിലായി.

ചാണകക്കുന്നിനുള്ളിൽ ക്കിടന്ന് ഹെർക്കുലിസ് കഷ്ടപ്പെടുന്നത് കാണാനായി സന്ധ്യയ്ക്ക് എത്തിച്ചേർന്ന ഈജിയാസ് കണ്ടത് ഏറെ വൃത്തിയുള്ള തൊഴുത്താണ്. കരാറനുസരിച്ച് പത്തിലൊന്ന് കന്നുകാലികളെ കൂലിയായി കൊടുക്കേണ്ടിയും വന്നു. ഇതാണ് ഹെർക്കുലിസ് കാലിത്തൊഴുത്ത് വൃത്തിയാക്കിയ കഥ.

ഏതായാലും ഈ കഥയിൽ നിന്നാണ് 'ഈജിയൻ തൊഴുത്ത്' (Augean stable) എന്ന ശൈലി ഇംഗ്ലീഷുഭാഷയിൽ വന്നത്.

ഈ ശൈലി സൂചിപ്പിക്കുന്നത് ഏറ്റവും കുത്തഴിഞ്ഞതും ഒരിക്കലും നേരെയാക്കാൻ പറ്റാത്തതും കുഴപ്പങ്ങൾ നിറഞ്ഞതുമായ സങ്കീർണാവസ്ഥയെയാണ്. 'ആ സ്ഥാപനം ഒരു ഈജിയൻ തൊഴുത്താണ്' എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവിടത്തെ സ്ഥിതി നമുക്ക് ഊഹിക്കാവുന്നതാണ്.



കുട്ടിക്കവിത

# താരകൾ

**അമൃതകുമാരി എസ്**

അന്തിമയങ്ങണ നേരത്ത്,
വാനിലുദിക്കണ താരങ്ങളെ
ഇത്രനേരം നിങ്ങളെങ്ങുപോയി
കണ്ണിൽപ്പെടാതെയൊളിച്ചിരുന്നോ?
അർക്കനെ പേടിച്ചൊളിച്ചതാണോ?
പകലുറക്കം പതിവുള്ളതാണോ?



വര: സുധീർ പി വൈ

# ഉണരൂ

**രാമകൃഷ്ണൻ കുമരനല്ലൂർ**

ആരോ കോരിയൊഴിച്ചു പരന്നൊരു
പുലരിവെളിച്ചത്തിൽ
എന്തു തിളക്കം! പൂവിതളിൻമേൽ
ചാഞ്ഞൊരു മഞ്ഞുകണം

ദൂരത്തെങ്ങോ ചിറകുകുടഞ്ഞു
പറന്നൊരു പാട്ടിന്റെ
മധുകണമിറ്റും മുറ്റത്തേക്കു-
വിളിപ്പതു കേൾക്കുന്നു

ചില്ലകൾ തോറും പിച്ച നടന്നു
കളിക്കും ചെറുകാറ്റേ
കുളിരിൻ പൂക്കളുതിർക്കല്ലേ,യെ-
ന്നുള്ളു തണുക്കുന്നു

പാതനിറച്ചും കാല്പെരുമാറ്റം
തൊടിയിൽ പുതുജീവൻ
അടുക്കളയ്ക്കു പുറത്തേക്കെത്തും
സ്നേഹത്തിൻ ഗന്ധം

എങ്കിലുമിത്തിരി നേരം കൂടി-
ചുരുണ്ടുറക്കത്തിൻ
തോണിയിലേറീട്ടൊറ്റയ്ക്കിങ്ങനെ-
യൊഴുകി നടക്കുമ്പോൾ

വിളിക്കയാണീ ചെമ്പുലരിക്കതിർ
ഉണർന്നെണീറ്റാലും....
കണ്ണും കാതും മെയ്യുമൊരുക്കുക
തെളിഞ്ഞെണീറ്റാലും..!



വര: സുജിത്ത് പി വി



ഫോട്ടോ Firoze Edassery

# 42 ഹവാമഹൽ

**കെ യതീന്ദ്രനാഥൻ**

രാജസ്ഥാനിലെ ജയ്പൂരിൽ സ്ഥിതിചെയ്യുന്ന മനോഹരസൗധമാണ് ഹവാമഹൽ. കാറ്റുകൊട്ടാരം എന്നാണ് ഇതിനെ അറിയപ്പെടുന്നത്. ചെറിയ ജനാലകളോടുകൂടി അഞ്ചുനിലകളിൽ പണിതിരിക്കുന്ന ഈ സൗധം നിർമിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നു. കൊട്ടാരത്തിനുള്ളിൽ തളയ്ക്കപ്പെട്ട സ്ത്രീകളുടെ സങ്കടത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാനാണത്രേ ഇതു പണിതത്.

പിങ്ക് സിറ്റി എന്ന അപരനാമത്തിൽ പ്രസിദ്ധമായ ജയ്പുരിലെ ഒരു മനോഹരസൗധമാണ് 'ഹവാമഹൽ' അഥവാ 'കാറ്റുകൊട്ടാരം'. ശരിക്കു പറഞ്ഞാൽ റോയൽ സിറ്റിപാലസിന്റെ ഒരു ഭാഗമാണീ മന്ദിരം.

ഹവാമഹലിനു തുല്യം ചാർത്താൻ ഇന്ത്യയിലെന്നല്ല ലോകമൊട്ടാകെ പരതിയാലും ഒരു കൊട്ടാരം കാണാനാവില്ല. അത്രയ്ക്കാണ് ഇതിന്റെ പ്രത്യേകതകൾ. ഈ എടുപ്പിന്റെ ഏറ്റവും മനോഹരമെന്നു വിളിക്കാവുന്ന ഭാഗം ഒരു പിൻചുവരാണ്. ഈ ചുവരിൽ 953 കിളിവാതിലുകൾ (ജനാലകൾ) ഉണ്ട്. വാതിലുകൾ ഒന്നുപോലുമില്ല. കൊട്ടാരത്തിന്റെ അത്ര ആകർഷകമല്ലാത്ത മുൻഭാഗത്തുകൂടി വേണം അകത്തേക്കു കയറാൻ.

ഈ ചുവരിന് ഒരു കിരീടത്തിന്റെ ആകൃതിയാണുള്ളത്. ശ്രീകൃഷ്ണന്റെ കിരീടത്തെ ഓർമിപ്പിക്കുന്ന വിധമാണ് അന്നത്തെ പ്രസിദ്ധശില്പി ലാൽചന്ദ് ഉസ്താദ് ഇത് നിർമിച്ചതെന്നാണ് പറയപ്പെടുന്നത്. രജപുത്രരാജാവായ സവായ് പ്രതാപ്സിംഗിന്റെ ഇഷ്ടദേവനായിരുന്നു ശ്രീകൃഷ്ണൻ. ഈ ചുവരിന് അടിത്തറ നിർമിച്ചിട്ടില്ല എന്നത് മറ്റൊരു വിസ്മയം. അകത്തേക്ക് അല്പം ചരിഞ്ഞ് പണിതിരിക്കുന്ന ഈ ചുവരും അതടങ്ങുന്ന മുറികളും എല്ലാം പണിഞ്ഞത് 1799ലാണെന്നോർക്കുക. ഇന്നേവരെ പറയത്തക്ക കേടുപാടുകൾ ഒന്നും സംഭവിച്ചിട്ടില്ല.

ഒരു സ്ക്രീൻപോലെ തോന്നിക്കുന്ന ഈ ചുവരിലെ ജനാലകൾ വഴി ശുദ്ധവായു

അകത്തെ മുറികളിലേക്കു കടക്കുന്നു. അതുകൊണ്ടാണിതിന് ഹവാമഹൽ എന്നു പേരിട്ടത്. അകത്തെ മുറികളിരുന്നാൽ എയർകണ്ടിഷൻ ചെയ്തതുപോലെ തോന്നും.

ഇത്തരം ഒരു സൗധം നിർമിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നു. കൊട്ടാരത്തിലെ അന്തേവാസികളായ രജപുത്രസ്ത്രീകൾക്ക് കിളിവാതിലിനു പിന്നിലിരുന്ന് തെരുവിലെ ജനജീവിതം കാണാൻ കഴിയണം, അതേസമയം അവരെ മറ്റാരും കാണുകയുമരുത്. കൊട്ടാരത്തിനുള്ളിൽ തളയ്ക്കപ്പെട്ട സ്ത്രീകളുടെ സങ്കടത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുകയാണ് രാജാവ് ചെയ്തത്. ചുവട്ടിൽ നടക്കുന്ന ആഘോഷങ്ങൾ, ഘോഷയാത്രകൾ എന്നിവയെല്ലാം കാണാൻ ഈ സംവിധാനം പ്രയോജനപ്പെട്ടു.

ഈ ചുവരിനു പിന്നിലെ കൊട്ടാരത്തിന്റെ മുൻഭാഗത്തു കൂടി കൊട്ടാരക്കെട്ടിലേക്കു പ്രവേശിച്ചാൽ ആദ്യം കാണുന്നത് വിശാലമായ മുറ്റമാണ്. ഇതിന്റെ മൂന്നുവശത്തും രണ്ടു നിലക്കെട്ടിടങ്ങൾ നിലകൊള്ളുന്നു. വലിയ കൊത്തുപണികളോ, ചിത്രാലങ്കാരങ്ങളോ ഇല്ലാത്ത ഇവിടത്തെ മുറികളിലാണ് രാജാവും റാണിയും മറ്റു ബന്ധുക്കളും താമസിക്കുന്നത്.


**കൊട്ടാരത്തിലെ അന്തേവാസികളായ രജപുത്രസ്ത്രീകൾക്ക് കിളിവാതിലിനു പിന്നിലിരുന്ന് തെരുവിലെ ജനജീവിതം കാണാൻ കഴിയണം, അവരെ മറ്റാരും കാണുകയുമരുത്. കൊട്ടാരത്തിനുള്ളിൽ തളയ്ക്കപ്പെട്ട സ്ത്രീകളുടെ സങ്കടത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുകയാണ് രാജാവ് ചെയ്തത്.**

മുറികളിൽനിന്നും ഹവാമഹലിലേക്കു ചെന്നെത്താൻ പടികളില്ലാത്ത റാമ്പുകൾ (നടപ്പാതകൾ) കാണാം. പിൻചുവരിന്റെ അഞ്ചാം നിലവരെ സജ്ജീകരിച്ചിരിക്കുന്ന മുറികളിലേക്ക് ഇങ്ങനെ നടന്നു ചെല്ലാനാകും. താഴത്തെ മൂന്നു നിലകളിൽ വീതി കൂടുതലാണ്. ഒന്നിലേറെ മുറികളുമുണ്ടാകും. എന്നാൽ നാലാമത്തെയും അഞ്ചാമത്തെയും നിലകളിൽ ഓരോ മുറി വീതമേയുള്ളൂ. അത്രയ്ക്കു വീതിയേ ഉള്ളൂ. ഈ മുറികളിലിരുന്നാണ് സ്ത്രീകൾ കിളിവാതിലിലൂടെ കാഴ്ചകൾ കണ്ടിരുന്നത്.

ഇനി നമുക്ക് കിളിവാതിലുകളടങ്ങിയ പിൻചുവരിലേക്കു നോക്കാം. രജപുത്രരുടെയും മുഗളരുടെയും ശൈലികൾ അലിയിച്ചു ചേർത്താണ് ഇവ നിർമിച്ചിരിക്കുന്നത്. ആർച്ചുകൾ, ജാളികൾ (സുഷിരങ്ങളുള്ള ഇഷ്ടികപ്പണി), ഇഷ്ടികകൾ കെട്ടിയിരിക്കുന്നതിന്റെ രീതി, ചുവപ്പും പിങ്കും നിറമുള്ള സാന്റ്സ്റ്റോണും മാർബിളും മാത്രം കൊണ്ടുള്ള ഇഷ്ടികകൾ ഒരുക്കുന്ന വർണജാലം, പിരമിഡുപോലെ മുകളിലേക്കു കൂർത്തുപൊങ്ങുന്ന ആകൃതി എന്നിവയെല്ലാം ഈ ശൈലിയുടെ പ്രത്യേകതകളാണ്.

ഇന്നിത് കേന്ദ്ര ആർക്കിയോളജിക്കൽ വകുപ്പിന്റെ കീഴിലാണു സംരക്ഷിക്കപ്പെടുന്നത്. കൊട്ടാരവളപ്പിൽ ഒരു മ്യൂസിയവും പ്രവർത്തിച്ചുവരുന്നു.

ഈ വിസ്മയം കാണാൻ വിദേശികളടക്കം ധാരാളം ടൂറിസ്റ്റുകൾ എത്തുന്നു.



ഹവാമഹലിനു പിൻഭാഗത്തെ ഒരു ദൃശ്യം

ഫോട്ടോ: Wiki-uk



ഫോട്ടോ: Roland Gerrits Anefo



# ബോർഗ്
## ടെന്നിസിലെ ശീതമനുഷ്യൻ

സനിൽ പി തോമസ്

**ലോക ടെന്നിസിൽ ആരെയൊക്കെ അറിയാം എന്നു ചോദിച്ചാൽ നിരവധി ഉത്തരങ്ങൾ കിട്ടും. പക്ഷേ അവരിൽ നിന്നൊക്കെ വ്യത്യസ്തനാണ് ബ്യോൺ ബോർഗ് എന്ന ടെന്നിസ് താരം. കുട്ടിക്കാലത്ത് മഹാവികൃതിയായിരുന്ന ബോർഗ് പക്ഷേ ടെന്നിസിൽ അറിയപ്പെടുന്നത് ശീതമനുഷ്യൻ എന്ന പേരിലാണ്. കളിക്കളത്തിലെ മാന്യനായി അദ്ദേഹത്തെ മാറ്റിയ ഒരു സംഭവം അറിയാം.**

ലോൺ ടെന്നിസിലെ ഇതിഹാസതാരങ്ങളിൽ ഒരാളാണു ബ്യോൺ ബോർഗ്. 1970 കളിലും 80 കളിലും ടെന്നിസ്ലോകം അടക്കിഭരിച്ചൊരു സൂപ്പർതാരം. ബോർഗ് കളിക്കളത്തിലെ മാന്യനായാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ പ്രധാന എതിരാളി ജോൺ മക്കെൻറോയാകട്ടെ വികൃതി ചെക്കനായും.

തുടർച്ചയായി അഞ്ചുതവണ വിമ്പിൾഡനും ഇടവിട്ടാണെങ്കിലും ആറുതവണ ഫ്രഞ്ച് ഓപ്പണും ജയിച്ച ബോർഗ് 1975 ൽ സ്വീഡനെ ഡേവിസ്കപ്പ് ചാമ്പ്യൻമാരുമാക്കി. ഒട്ടേറെ കിരീടജയങ്ങൾ വേറെ.

മക്കെൻറോ കോർട്ടിൽ സകല വികൃതിത്തരങ്ങളും കാണിക്കും. റാക്കറ്റ് വലിച്ചെറിയും. പന്ത് ഗാലറിയിലേക്ക് അടിക്കും. റഫറിയോടും ലൈൻസ്മാനോടും വഴക്കുണ്ടാക്കും. മറുവശത്ത് ബോർഗ് ഒരക്ഷരം മിണ്ടാതെ എല്ലാം കണ്ടും കേട്ടും ശാന്തനായി നിൽക്കും. 'ടെന്നിസിലെ ശീതമനുഷ്യൻ' എന്ന പേരും അദ്ദേഹത്തിനുണ്ട്.

എന്നാൽ ബോർഗ് ബാല്യത്തിൽ ഇങ്ങനെയല്ലായിരുന്നു. മഹാകുസൃതിയായിരുന്നു. വഴക്കാളിയുമായിരുന്നു. ബോർഗ് ശാന്തശീലനായതിനുപിന്നിൽ ഒരു കഥയുണ്ട്.

സ്വീഡനിലെ സ്റ്റോക്ക്ഹോമിന്റെ പ്രാന്തപ്രദേശമായ സോൽദെർ ടാൽജിയിൽ 1956ലാണ് ബ്യോൺ ബോർഗ് ജനിച്ചത്. അവിടെയൊരു വസ്ത്രവ്യാപാരശാലയിൽ സെയിൽസ്മാനായിരുന്നു പിതാവ് റൂണെ ബോർഗ്. റൂണെ ടേബിൾ ടെന്നിസ് ടൂർണമെന്റ് ജയിച്ചപ്പോൾ സമ്മാനമായി കിട്ടിയത് ലോൺ ടെന്നിസ് റാക്കറ്റാണ്.

ഈ റാക്കറ്റ് റൂണെ മകൻ ബ്യോണിനു സമ്മാനിച്ചു. അന്നവനു പ്രായം ഒൻപത്. അൽപ്പം വലിപ്പം കൂടിയ റാക്കറ്റുമായി ബ്യോൺ ടെന്നിസ് കളിച്ചുതുടങ്ങി. പിന്നെ അവന്റെ ആഗ്രഹമനുസരിച്ചു മാതാപിതാക്കൾ ടെന്നിസ് ക്ലബിൽ പരിശീലനത്തിനു വിട്ടു.


ബ്യോൺ ബോർഗിന്റെ സ്വഭാവം മാറ്റിയ സംഭവം 11-ാം വയസ്സിലായിരുന്നു. മത്സരത്തിനിടയിൽ ബ്യോൺ റഫറിയെ ചോദ്യം ചെയ്തു.

ദേഷ്യപ്പെട്ടു റാക്കറ്റ് വലിച്ചെറിഞ്ഞു. ക്ലബ് അഞ്ചു മാസത്തേക്കു ബ്യോണിനെ സസ്പെൻഡ് ചെയ്തുകൊണ്ട് ശിക്ഷവിധിച്ചു. അമ്മയുടെ ശിക്ഷ അതിലും കടുത്തതായിരുന്നു. സസ്പെൻഷന്റെ കാരണം അറിഞ്ഞ അമ്മ റാക്കറ്റ് വാങ്ങി അലമാരയിൽ പൂട്ടി.

അഞ്ചുമാസം ബ്യോണിനു ക്ലബിൽ മാത്രമല്ല വീട്ടിലും ടെന്നീസ് കളിക്കാൻ സാധിച്ചില്ല. ഈ ശിക്ഷ ബ്യോൺ ബോർഗിൽ വലിയ മാറ്റങ്ങൾക്കു കാരണമായി. കളിക്കളത്തിൽ മടങ്ങിയെത്തിയ കൊച്ചുബോർഗ് ആകെ മാറിയിരുന്നു. തീർത്തും ശാന്തൻ. തികഞ്ഞ അച്ചടക്കത്തോടെ പരിശീലിച്ചു. കളിച്ചു.

വളർന്നു സൂപ്പർതാരമായിട്ടും ബാല്യത്തിൽ ലഭിച്ച ശിക്ഷ മറന്നില്ല. എതിരാളികൾ പൊട്ടിത്തെറിക്കുമ്പോഴും ശാന്തത കൈവിടാതെ ശ്രദ്ധിച്ചു. വർഷങ്ങളോളം ഇതു തുടർന്നു. പക്ഷേ 1980 ലെ വിമ്പിൾഡൺ ടെന്നീസ് ടൂർണമെന്റിനിടെ ആത്മനിയന്ത്രണം അൽപ്പം കൈവിട്ടു. താൻ വരുത്തിയ പാകപ്പിഴയിൽ സ്വയം ശപിച്ചതാണ്. പക്ഷേ അതൽപ്പം ഉച്ചത്തിലായിപ്പോയി. ഞെട്ടിപ്പോയ എതിരാളി റാക്കറ്റ് താഴെയിട്ടു. എതിർകോർട്ടിൽ ബ്യോൺ ബോർഗ് തന്നെയോ എന്ന് എല്ലാവരും ആശ്ചര്യപ്പെട്ടു.

എന്നാൽ കാണികൾക്ക് അത് ഇഷ്ടപ്പെട്ടു. അവർ കൈയടിച്ചു. അടുത്ത നിമിഷം ബോർഗ് നിയന്ത്രണം വീണ്ടെടുത്തു. പിന്നെ ക്ഷമാപണം നടത്തി. പിന്നീട് ഒരിക്കലും ബ്യോൺ ബോർഗ് ടെന്നിസ്കോർട്ടിൽ സ്വയം ശപിക്കുകപോലും ചെയ്തിട്ടില്ല. 11-ാം വയസ്സിൽ ലഭിച്ച മാതൃകാപരമായൊരു ശിക്ഷ ആ താരത്തിന്റെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചുവെന്ന് ഇതിലൂടെ നമുക്കു മനസ്സിലാക്കാം.



ബോർഗ്

ഫോട്ടോ *Anefo Croes, R.C.*



ബോർഗും മക്കെൻറോയും

ഫോട്ടോ sconosciuto

നോർവീജിയൻ
നാടോടിക്കഥ

# പാവസുന്ദരി

**പുനരാഖ്യാനം : ജോൺ സാമുവൽ**

ഒലാവ് ട്രിഗ്വാസൺ രാജാവിന്റെ ഭരണകാലം മുതൽക്ക് പുരാതനനോർഗിൽ (നോർവെ) പ്രചരിച്ചിരുന്ന ഒരു വിശ്വാസമുണ്ടായിരുന്നു.

*ഡോവർ മലകൾ വീഴും വരെ*
*ഒത്തൊരുമിച്ച്.......ഒരുമയോടെ..........*

കാലമെത്ര ചെന്നാലും ഡോവർ മലനിരകൾ നിലം പൊത്തുകയില്ല. കരുത്തുറ്റ ആ വിശ്വാസം അടിസ്ഥാനമാക്കി ഒരുമിച്ചു വേണം മുന്നേറാൻ എന്ന പ്രഖ്യാപനമാണത്. ഡോവർ മലനിരകൾ ഹോർഗിന്റെ കാവലാൾ ആണെന്ന വിശ്വാസം.

അർധരാത്രിയിലെ സൂര്യന്റെ നാടായ നോർഗിലെ ജെറൻ, ടോട്ടൺ, ഓർലാണ്ടെറ്റ് എന്നീ സമതലപ്രദേശങ്ങളിലെ നാടുവാഴികളെ നയിച്ചിരുന്ന ഈ വിശ്വാസം ഡോവറിന് മാസ്മരിക പ്രഭാവമാണ് നൽകിയത്. തങ്ങളുടെ ദൈവങ്ങൾ ആ മലനിരകളിൽ കുടിയിരിപ്പുണ്ടെന്ന് നാട്ടുകാർ ഉറച്ചുവിശ്വസിച്ചു.

ബാറന്റ്സ് ഉൾക്കടലിലേക്കു നീങ്ങുന്ന നാട്ടുപാതയുടെ ചുറ്റിനുമുള്ള കൃഷിപ്പാടങ്ങളുടെ അധിപനായ നാട്ടുരാജാവിന്റെ ഇളയ മകനായിരുന്നു സിൻഡർലാഡ്. സിൻഡർലാഡിന് ജ്യേഷ്ഠന്മാരായി മറ്റു പതിനൊന്നു പേർ കൂടിയുണ്ടായിരുന്നു. ഇളയ മകനോട് രാജാവിനുള്ള സ്നേഹാധിക്യം മറ്റു സഹോദരന്മാരിൽ അസൂയ വളർത്തി. പഠിത്തമായാലും കളിയായാലും എല്ലാത്തിലും അവർ സിൻഡർലാഡിനെ ഒഴിവാക്കി. നോർഗിന്റെ വിശ്വാസത്തിനെതിരായിരുന്നു പതിനൊന്നു പേരുടെ



വര: കെ പി മുരളീധരൻ

ഈ നടപടി. ഒത്തൊരുമയുടെ കാര്യത്തിൽ പതിനൊന്നു പേർ ഒരുമിച്ച്. സിൻഡർ ലാഡ് ഒറ്റയ്ക്കും.

ഇളയവനായതുകൊണ്ട് ജ്യേഷ്ഠന്മാരുടെ ശകാര വാക്കുകൾ എപ്പോഴും കേൾക്കേണ്ടി വന്നു. പാവം സിൻഡറിനെ ഇതു വല്ലാതെ ദുഃഖിപ്പിച്ചു. പഠിത്തത്തിൽ വിമുഖത കാട്ടിയ സിൻഡറിനു കളികളിലും താല്പര്യമുണ്ടായിരുന്നില്ല.

സിൻഡറിന്റെ ദു:ഖത്തെപ്പറ്റി രാജാവ് ചോദിച്ചപ്പോഴൊക്കെ മൗനംപൂണ്ടതല്ലാതെ ഒരു പരാതിയും പറഞ്ഞില്ല. അവർ കൂടുതൽ പരുഷമായി പെരുമാറുന്നതിന് അത് ഇടയാക്കി. എന്തൊക്കെ ചെയ്താലും പരാതിപ്പെടുകയില്ലെന്ന വിശ്വാസത്തിൽ അവർ സിൻഡറിനെ കൂടുതൽ ഒറ്റപ്പെടുത്തി.

അങ്ങനെയിരിക്കെ ഒരുനാൾ രാജാവ് തന്റെ പന്ത്രണ്ട് ആൺമക്കളെയും ഒരുമിച്ചുവിളിച്ച് അസാധാരണമായ ഒരു കാര്യം അറിയിച്ചു. എല്ലാപേർക്കും ഒരുമിച്ച് വിവാഹം. കൃഷിപ്പാടങ്ങൾക്കു പുറമേയുള്ള സ്ഥലങ്ങളിലേക്കു പോയി ഓരോരുത്തരും തങ്ങൾക്കിഷ്ടപ്പെട്ട പെൺകുട്ടിയെ കണ്ടെത്തി ഭാര്യയായി കൊണ്ടുവരണം. ഒപ്പം ഒരു വ്യവസ്ഥയും വച്ചു. ഒരു ദിവസത്തിനുള്ളിൽ ഒരു കുപ്പായം നെയ്തെടുക്കാൻ തക്ക കഴിവുള്ളവരായിരിക്കണം പെൺകുട്ടികൾ. സ്വയം നെയ്തെടുക്കാൻ അറിയില്ലെങ്കിൽ അങ്ങനെയുള്ളവരെ മരുമകളായി സ്വീകരിക്കുകയില്ല.

നോർഗിന്റെ വടക്കൻ പ്രദേശമായ ഹർസ്റ്റാഡ്, കിഴക്കുഭാഗത്തുള്ള ബാറന്റസ് ഉൾക്കടൽ, തെക്കുവശത്തുള്ള ബോൻധുണ്ട് തടാകം എന്നിവിടങ്ങളിൽ പോയി പെൺകുട്ടികളെ തിരഞ്ഞു കണ്ടെത്തുന്നതിനുള്ള അനുവാദവും യാത്ര ചെയ്യുന്നതിന് ഓരോ കുതിരയെയും ആവശ്യത്തിനുവേണ്ട പണവും നൽകിയാണ് അവരെ യാത്രയാക്കിയത്.

ഇവിടെയും സിൻഡർ ലാഡിനെ ഒഴിവാക്കി മറ്റു പതിനൊന്നുപേരും സഖ്യം കൂടി. ഒന്നിനും കൊള്ളാത്തവനെന്ന് മുദ്രകുത്തിയാണ് യാത്രയിൽ ഒപ്പം കൂട്ടേണ്ടതില്ലെന്ന് അവർ തീരുമാനിച്ചത്. സിൻഡറിനെക്കൂടാതെ അവർ യാത്ര പുറപ്പെട്ടു.

**ഏകനായ സിൻഡർ തീർത്തും ദു:ഖിതനായിരുന്നു. എന്തു ചെയ്യണമെന്നോ എങ്ങോട്ടു പോകണമെന്നോ അറിയാതെ സിൻഡർ കുതിരപ്പുറത്തു നിന്ന് താഴെയിറങ്ങി. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ ധാരയായി ഒഴുകി. സ്വന്തം ജ്യേഷ്ഠന്മാർ ഒരനിയനെ ഇങ്ങനെയാണോ കരുതേണ്ടത്?**

ഏകനായ സിൻഡർ തീർത്തും ദു:ഖിതനായിരുന്നു. എന്തു ചെയ്യണമെന്നോ എങ്ങോട്ടു പോകണമെന്നോ അറിയാതെ സിൻഡർ കുതിരപ്പുറത്തുനിന്ന് താഴെയിറങ്ങി. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. സ്വന്തം ജ്യേഷ്ഠന്മാർ ഒരനിയനെ ഇങ്ങനെയാണോ കരുതേണ്ടത്?

ചോദ്യം അൽപ്പം ഉറക്കെയായിപ്പോയോ? ചോദ്യം കേട്ടെന്ന പോലെ തൊട്ടുമുന്നിലെ പുൽത്തകിടിയിൽ ഒരനക്കം. കൂട്ടത്തിൽ ഒരു പുൽനാമ്പിന് ജീവൻ വെക്കുന്നതുപോലെ. അതു ശരിയായിരുന്നു. സിൻഡറെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആ പുൽനാമ്പ് വളരുവാൻ തുടങ്ങി. ഒടുവിൽ അതൊരു സുന്ദരിപ്പെൺകുട്ടിയായി മാറി. തീരെ ചെറിയ പെൺകുട്ടി. പുൽക്കൊടിയുടെ വലുപ്പം മാത്രം.

പെൺകുട്ടി സിൻഡറിന്റെ അടുത്തേക്കു ചെന്നു. ഹൃദ്യമായി ചിരിച്ചുകൊണ്ട് ചോദിച്ചു.

''എന്റെ കൊച്ചു പാവക്കുട്ടിയെ കാണാൻ വരുന്നോ! ഞാൻ കൊണ്ടുപോകാം.''

സിൻഡറിന് സന്തോഷമായി. ഒടുവിൽ സ്നേഹപൂർവം സംസാരിക്കുന്നൊരു സുഹൃത്ത്. സിൻഡർ ചാടിയെഴുന്നേറ്റ് പെൺകുട്ടിക്കൊപ്പം പോയി.

അവരെത്തിയത് ഒരു ചെറിയ ഗുഹയ്ക്കടുത്തായിരുന്നു. ചുറ്റും പുല്ലു മേഞ്ഞ ചുവരുകൾ. ഗുഹയുടെ വാതിൽക്കൽ ഒരു ചെറിയ കസേരയിൽ വളരെ ചെറിയ ഒരു പാവക്കുട്ടി. സുന്ദരിയും ചുണക്കുട്ടിയുമായ ജീവനുള്ള പാവക്കുട്ടിയായിരുന്നു അത്. സിൻഡറിനെ കണ്ടതോടെ പാവക്കുട്ടിയുടെ മുഖം വികസിച്ചു. സിൻഡറിന്റെ മുഖം വാടിയിരിക്കുന്നത് എന്തുകൊണ്ടെന്ന് പാവക്കുട്ടി ചോദിച്ചു.

താൻ ഒറ്റപ്പെട്ടു പോയ കഥ പാവസുന്ദരിയോട് സിൻഡർ പറഞ്ഞു. തന്റെ ജ്യേഷ്ഠന്മാരായ പതിനൊന്നു പേരും അവരുടെ ഭാര്യമാരാകേണ്ടുന്ന പെൺകുട്ടികളെ

കണ്ടെത്താൻ പോയിരിക്കുകയാണ്. തന്നെ അവർ കൂടെ ക്കൂട്ടിയില്ല. എങ്ങോട്ടാണ് പോകേണ്ടതെന്ന് തനിക്ക് അറിയുകയുമില്ല. രണ്ടും കൽപ്പിച്ച് സിൻഡർ പാവസുന്ദരിയോടു പറഞ്ഞു.

''എന്റെ ഭാര്യയായി എന്നോടൊപ്പം വരാമെന്ന് ഉറപ്പു നൽകിയാൽ ഞാനെങ്ങോട്ടും പോവില്ല. ഇപ്പോൾ ത്തന്നെ മറുപടി തരണം.''

പാവസുന്ദരി ചിരിച്ചു. അവളുടെ മുഖത്ത് നാണം വിരിഞ്ഞു. തന്റെ സുഹൃത്തിനെ നോക്കി ചിരിച്ചുകൊണ്ട് പാവസുന്ദരി സിൻഡറിന്റെ വധുവാകാമെന്ന്

**ഒരു വെള്ളിക്കരണ്ടിയായിരുന്നു പാവസുന്ദരിയുടെ വാഹനം. അതു വലിച്ചുകൊണ്ടു പോകുന്നത് വെളുത്ത രണ്ടു കുഞ്ഞെലികളും. പാവസുന്ദരി കരണ്ടിക്കുള്ളിൽ കയറിയിരുന്നു. അതു വലിച്ചുകൊണ്ട് വെളുത്ത എലിക്കുഞ്ഞുങ്ങളും. മുന്നിലായി അൽപ്പം വശം ചേർന്നാണ് സിൻഡർ കുതിരയെ തെളിച്ചിരുന്നത്.**



സമ്മതിച്ചു.

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ഗുഹയ്ക്കുള്ളിൽ ഉണ്ടായിരുന്ന നെയ്ത്തുതറിയിൽ നൂൽകൊരുത്ത് ഒന്നാംതരമൊരു കുപ്പായം പാവസുന്ദരി ഞൊടിയിടയിൽ നെയ്തെടുത്തു. അതു വളരെ ചെറിയ ഒന്നായിരുന്നുവെന്നു മാത്രം. എങ്കിലും ഏറെ ഭംഗിയുള്ളതും.

സിൻഡർ ഭംഗിയുള്ള കുപ്പായവുമായി കുതിരപ്പുറത്തേറി കൊട്ടാരത്തിലേക്കു പാഞ്ഞു. ചെറിയ കുപ്പായം കാണിക്കാൻ വിമുഖതയുണ്ടായിരുന്നെങ്കിലും തന്റെ ഭാര്യയാകാൻ പോകുന്ന പെൺകുട്ടി നെയ്തെടുത്തതല്ലേ, അതുമതി എന്ന ചിന്തയോടെ കുപ്പായം രാജാവിനെ കാണിച്ചു. മറ്റു സഹോദരന്മാർ എത്തുന്നതിനു മുൻപ് രാജാവിന്റെ നിർദേശം നടപ്പിലാക്കുവാൻ തനിക്ക് സാധിച്ചുവല്ലോ എന്ന ആഹ്ലാദവും സിൻഡറിനുണ്ടായിരുന്നു.


രാജാവ് ഏറെ അത്ഭുതത്തോടെയും കൗതുകത്തോടെയുമാണ് കൊച്ചുകുപ്പായം തിരിച്ചും മറിച്ചും നോക്കിയത്. ഇത്ര ഭംഗിയായി, ഇത്രയും ചെറിയ കുപ്പായം നെയ്തെടുത്തതാരെന്ന ചോദ്യത്തിനുള്ള സിൻഡറിന്റെ മറുപടി കേട്ട രാജാവ് ആ പെൺകുട്ടിയെ ഭാര്യയായി കൊട്ടാരത്തിലേക്കുകൊണ്ടുവരാൻ ആവശ്യപ്പെട്ടു.

സിൻഡർ അത്യാഹ്ലാദത്തോടെ തന്റെ പ്രണയിനിക്കടുത്തേക്ക് ഓടിയെത്തി. അവളെ കുതിരപ്പുറത്തേറ്റി കൊട്ടാരത്തിലേക്കു കൊണ്ടുപോവുകയാണെന്നറിയിച്ചപ്പോൾ പാവസുന്ദരി പറഞ്ഞു.

''അങ്ങ് കുതിരപ്പുറത്തേറി കൊട്ടാരത്തിലേക്കു പൊയ്ക്കോളൂ. ഞാൻ എന്റെ വാഹനത്തിൽ അങ്ങയെ പിന്തുടർന്നോളാം.''

ഒരു വെള്ളിക്കരണ്ടിയായിരുന്നു പാവസുന്ദരിയുടെ വാഹനം. അതു വലിച്ചുകൊണ്ടു പോകുന്നത് വെളുത്ത രണ്ടു കുഞ്ഞെലികളും. പാവസുന്ദരി കരണ്ടിക്കുള്ളിൽ കയറിയിരുന്നു. അതു വലിച്ചുകൊണ്ട് എലിക്കുഞ്ഞുങ്ങളും. മുന്നിലായി അൽപ്പം വശം ചേർന്നാണ് സിൻഡർ കുതിരയെ തെളിച്ചിരുന്നത്. കുതിരയുടെ കാലെങ്ങാനും തട്ടി കരണ്ടിവാഹനം മറിഞ്ഞ് പാവസുന്ദരിക്ക് അപകടം പറ്റാൻ പാടില്ലല്ലോ.

കൊട്ടാരത്തിലേക്കുള്ള വഴിക്കരികിലായിരുന്നു മീൻതടാകം. തടാകത്തിനു സമീപത്തുകൂടി പോകുമ്പോൾ



വെള്ളത്തിലെ ഇളക്കം കണ്ട് സിൻഡറിന്റെ കുതിര വിരണ്ടു. പെട്ടെന്നാണ് കുതിര വഴിക്കു കുറുകെ ചാടിയത്. ഒപ്പം കുതിരയുടെ കാൽ തട്ടി കരണ്ടിവാഹനവും എലിക്കുഞ്ഞുങ്ങളും പാവസുന്ദരിയും തടാകത്തിനുള്ളിൽ തല കുത്തി വീണു.

സിൻഡർ പരിഭ്രാന്തനായി തടാകത്തിലേക്കു നോക്കി. ഒന്നും കാണാനില്ല. എല്ലാം തടാകത്തിന്റെ ആഴങ്ങളിൽ അപ്രത്യക്ഷമായിരിക്കുന്നു. തന്നെ പിന്തുടരുന്ന ശാപമോർത്ത് സിൻഡർ പൊട്ടിക്കരഞ്ഞുപോയി. ഡോവർ മലകളിലെ ദൈവങ്ങൾക്ക് തന്നോട് ഇത്ര നീരസമോ? നിറഞ്ഞ കണ്ണുകളുമായി അടക്കാനാവാത്ത സങ്കടത്തോടെ നിൽക്കവെ ജലപ്പരപ്പിൽ ഒരനക്കം.....

അതാ ഒരു മത്സ്യകന്യക! വെള്ളത്തിൽനിന്നു പൊന്തിവന്ന മത്സ്യകന്യകയുടെ ചുമലിൽ അതിസുന്ദരിയായ ഒരു പെൺകൊടി. മാലാഖമാരെപ്പോലും അതിശയിപ്പിക്കുന്ന സൗന്ദര്യം. സിൻഡർ സൂക്ഷിച്ചുനോക്കി. മുഖം എവിടെയോ കണ്ടിട്ടുള്ളതു പോലെ.....

അതെ, പാവസുന്ദരിയുടെ മുഖം. പാവസുന്ദരി തന്നെ. പൂർണവളർച്ചയെത്തിയ യുവതിയായി മാറിയിരിക്കുന്നു പാവസുന്ദരി. മത്സ്യകന്യകയോടു യാത്ര പറഞ്ഞ് പെൺകുട്ടി സിൻഡറിനടുത്തേക്ക് ഓടിയെത്തി.

പെൺകുട്ടിയെ കുതിരപ്പുറത്തു കയറ്റി സിൻഡർ കൊട്ടാരത്തിലേക്കു പാഞ്ഞു. അപ്പോഴേക്ക് പതിനൊന്നു സഹോദരന്മാരും അവിടെയെത്തിയിരുന്നു. ഓരോരുത്തർക്കുമൊപ്പം അവർ കണ്ടെത്തിയ പെൺകുട്ടികളും. രാജാവിന്റെ മുന്നിൽ എല്ലാവരും നിരന്നുനിന്നു. അവർ നെയ്തുകൊണ്ടുവന്ന കുപ്പായങ്ങൾ പരിശോധിച്ച രാജാവ് സിൻഡർ നൽകിയ കുപ്പായം ഒഴികെ മറ്റെല്ലാം വലിച്ചെറിഞ്ഞു. പതിനൊന്നു കുപ്പായങ്ങളും ഭംഗിയില്ലാത്തതും പഴയതും വൃത്തിഹീനവുമായിരുന്നു. തന്നെ കബളിപ്പിക്കാൻ ശ്രമിച്ച പതിനൊന്നു പേരെയും രാജാവ് കൊട്ടാരത്തിൽനിന്ന് പുറത്താക്കി.

തൊട്ടടുത്ത ദിവസം തന്നെ കൊട്ടാരത്തിൽ ഒരു ഗംഭീരവിവാഹം നടന്നു. വരൻ സിൻഡർലാഡും വധു പാവസുന്ദരിയും.

പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു. ഇതിനകം മരിച്ചിട്ടില്ലെങ്കിൽ ഡോവറിന്റെ സമതലങ്ങളിൽ എവിടെയെങ്കിലും അവർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടാവും.

സുഗതകുമാരി

അടുത്തൊരു പുലരിയിൽ ഗംഗാതീരത്ത് കിഴക്കുനോക്കി കൈപൊക്കിത്തൊഴുത് ജപിച്ചുകൊണ്ട് നിൽക്കുന്ന കർണൻ ആരോ പിന്നിലുണ്ടെന്നറിഞ്ഞു തിരിഞ്ഞുനോക്കി. തന്റെ വസ്ത്രത്തിന്റെ നിഴലിൽ വെയിൽതട്ടാതെ ഒതുങ്ങി നിൽക്കുന്ന തേജസ്വിനിയായ വൃദ്ധമാതാവിനെക്കണ്ട് കർണൻ ആദരവോടെ വന്ദിച്ചു. വാടിയ താമരപ്പൂവുപോലെ വെയിലത്തു നിൽക്കുന്ന ദേവീരൂപിണിയായ ആ മാതാവിനോട് വിനയാന്വിതനായ കർണൻ ചോദിച്ചു.

'ദേവീ, രാധേയനായ കർണൻ അവിടുത്തെ പ്രണമിക്കുന്നു, പറഞ്ഞാലും, ഞാനെന്താണ് ചെയ്യേണ്ടത്?'

മത്രേ. അവ അനുസരിച്ചാൽ നിനക്ക് ശ്രേയസ്സുണ്ടാകും.'

എന്നിട്ടും സ്വധർമനിഷ്ഠനും അഭിമാനിയുമായ കർണന്റെ മനസ്സിളകിയില്ല. കണ്ണീരൊഴുക്കുന്ന അമ്മയെ നോക്കി ആ ഉപേക്ഷിക്കപ്പെട്ട മകൻ ഇങ്ങനെ പറഞ്ഞു. 'ദേവീ, പാണ്ഡവമാതാവേ, ക്ഷമിച്ചാലും, അവിടുത്തെ വാക്ക് എനിക്ക് അനുസരിക്കാനാവില്ല, ക്ഷത്രിയസ്ത്രീ ധർമമാർഗമാണ് കാട്ടിത്തരേണ്ടത്. അവിടുന്ന് എന്നോട് കാട്ടിയത് വലിയ അപരാധമാണ്. ക്ഷത്രിയനായ ഞാൻ അതിന്റെ ക്രിയകളൊന്നുംചെയ്യാതെ വളർന്നു. ദാസ്യഭാവത്തിൽ ജീവിച്ചു. എന്നും നിന്ദയനുഭവിച്ചു. ആ അപമാനങ്ങളിൽ നിന്ന്



# അമ്മയും മകനും


ഏറെപ്പണ്ട് ജലത്തിൽ ഒഴുക്കിക്കളഞ്ഞതിനുശേഷം ഇത്രയുംനാൾ താൻ അകലെനിന്നു മാത്രം കണ്ടിട്ടുള്ള ബാലസൂര്യനെപ്പോലെ ശോഭിക്കുന്ന പുത്രമുഖം കണ്ണിമയ്ക്കാതെ നോക്കി ഇടറുന്ന കണ്ഠത്തോടെ കുന്തി പറഞ്ഞു. 'മകനേ, നീ രാധേയനല്ല. കൗന്തേയനാണ്. കുന്തിയുടെ മകൻ. നീ സൂതവംശജനല്ല, സൂര്യപുത്രനാണ്. കർണാ, ഞാൻ കന്യകയായിരുന്ന കാലത്ത് എന്റെ വയറ്റിൽ ജനിച്ച നിന്നെ എനിക്കു വളർത്താൻ ഭാഗ്യമുണ്ടായില്ല. ഉണ്ണീ, നീ നിന്റെ അനുജന്മാരെ അറിയാഞ്ഞാവാം ധാർത്തരാഷ്ട്രരെ സേവിക്കുന്നത്. അതിന് ഇനിയെങ്കിലും മാറ്റമുണ്ടാവട്ടെ. കർണനും അർജുനനും തമ്മിൽ ആശ്ലേഷിക്കുന്നത് അധർമികളായ കൗരവർ കാണട്ടെ. അഞ്ചു സഹോദരന്മാരുമൊത്ത് നീ ദേവരാജനെപ്പോലെ ഈ നാടുവാഴുക.' മൗനിയായി മാതൃവാക്കുകൾ കേട്ടുനിന്ന കർണന് സൂര്യമണ്ഡലത്തിൽ നിന്നും അശരീരി കേൾക്കായി.

'കർണാ, കുന്തിയുടെ വാക്കുകൾ സത്യ

രാജപദവിയും സൗഹൃദവും നൽകി എന്നെ മോചിപ്പിച്ചത് ദുര്യോധനനാണ്. യുദ്ധം തുടങ്ങാറായ ഈ വേളയിൽ അദ്ദേഹത്തെ ഞാൻ ചതിക്കുകയില്ല. അധർമമാണത്. ദുര്യോധനൻ എന്നിൽ പ്രതീക്ഷയർപ്പിച്ചിരിക്കുന്നു. അതിനാൽ ഞാൻ ദുര്യോധനപക്ഷത്തു നിന്നുതന്നെ പോരാടുന്നതാണ്.

അമ്മേ, ആദ്യമായി ഞാൻ അവിടുത്തെ അങ്ങനെ വിളിക്കുന്നു. ആദ്യമായി അമ്മ എന്നോടു ചെയ്യാൻ ഏൽപ്പിച്ച കാര്യം എനിക്കാവാത്തതാണ്.'

ഇതുകേട്ട് നിരാശയായ കുന്തി മകനോട് തന്റെ മക്കളെ കൊല്ലരുതേ എന്നു ഗദ്ഗദകണ്ഠയായി അപേക്ഷിച്ചു. കർണൻ പറഞ്ഞു. 'അമ്മേ, ഇതാ ഞാൻ വാക്കു നൽകുന്നു. യുദ്ധവേളയിൽ കുന്തീദേവിയുടെ മക്കളിൽ അർജുനനെയൊഴികെ ആരെയും അവസരം ലഭിച്ചാലും ഞാൻ കൊല്ലുകയില്ല. അമ്മേ, യുദ്ധം കഴിയുമ്പോഴും അവിടുത്തേക്ക് അഞ്ചുമക്കൾ തന്നെയുണ്ടായിരിക്കും. ഞാൻ മരിച്ചാലും അഞ്ചുപേർ. അർജുനനാണ്




വര: ജയേന്ദ്രൻ

കൊല്ലപ്പെടുന്നതെങ്കിലും ഞാനുൾപ്പടെ അഞ്ചുപേർ. അമ്മ സമാധാനമായി പോയാലും.’

ദു:ഖത്താൽ വിറച്ചുകൊണ്ട് കുന്തീദേവി നിശ്ചലം നിൽക്കുന്ന കർണനെ മാറോടണച്ച് അനുഗ്രഹിച്ചു.

‘ഉണ്ണീ, എല്ലാം ദൈവഹിതം. എന്റെ നാലുമക്കൾക്കും നീ അഭയം നൽകിയിരിക്കുന്നു. മകനേ, ഞാൻ നിനക്ക് അനാമയം നേരുന്നു. സ്വസ്തി! സ്വസ്തി!’

ആറുപോലെ അശ്രുനീർ പ്രവഹിക്കുന്ന മിഴികളുമായി ആ അമ്മയും ശിലാവിഗ്രഹം പോലെ സൂര്യനിൽ മിഴിയുറപ്പിച്ചു നിൽക്കുന്ന ആ മകനും അങ്ങനെ എന്നേക്കുമായി വേർപിരിഞ്ഞു. *(തുടരും)*

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.





വര: ഗോപു പട്ടിത്തറ

## കാറ്റൊരു സഞ്ചാരി

പറയൂ പറയൂ കാറ്റേ നീ
പായുവതെന്തേ തിടുക്കത്തിൽ?
മാടി വിളിപ്പൂ കാണാനായ്
മായുവതെന്തേ മുകിൽ പോലെ
മഞ്ഞു പുതച്ച കൊടുംകാട്ടിൽ
ആളുകൾ തിങ്ങും നഗരത്തിൽ
പൂക്കൾ ചിരിക്കും കൊമ്പത്ത്
സൂര്യനുദിക്കും മാനത്ത്
കോളിളകുന്ന സമുദ്രത്തിൽ
ആറിൻ നേരിയ വക്കത്ത്
ഞാറു നിരന്നൊരു പാടത്ത്
പായുവതെന്തേ ധൃതിയിൽ നീ?

**ആതിര ബി,**
**ക്ലാസ്സ് 7 എ, പി എം ജി യു പി എസ്,**
**പുനലൂർ.**

# പണ്ടം വാങ്ങൽ



പല പല കാലം പല പല നാട്ടിൽ
പല പല പണികൾ ചെയ്തമ്മ
കിട്ടിയ പണമതു പെട്ടിയിലാക്കി
പണ്ടം വാങ്ങാൻ സൂക്ഷിച്ചു
പെട്ടി നിറഞ്ഞു പണ്ടംവാങ്ങാൻ
പെട്ടി തുറക്കാൻ ചെന്നപ്പം
പെട്ടിയുമില്ല അച്ഛനുമില്ല
കണ്ണുകൾ നിറയുന്നമ്മയ്ക്ക്.

**ലക്ഷ്മി ഇതിഹാസ്,**
**ക്ലാസ്സ് 5, റോസ്ഡേൽപബ്ലിക് സ്കൂൾ,**
**കല്ലമ്പലം 695605.**



# കാവലാൾ

**കൃഷ്ണ എസ് രാജീവ്,**
**ക്ലാസ്സ് 7 ഡി,**
**ലേക്ഫോർഡ് സ്കൂൾ,**
**കാവനാട്, കൊല്ലം**

സ്നേഹമില്ലെന്നോട്, സ്നേഹമില്ലേ? നിൻ
വീടിനു ഞാനെന്നും കാവലല്ലേ
ഒറ്റപ്പെടുത്തിയീ കൂട്ടിലെറിഞ്ഞില്ലേ
എത്ര വിഷമമീക്കൂട്ടിൽ വാഴാൻ
കൂരിരുട്ടിൻ കാവലാളാക്കിയെന്നെയീ-
യേകാന്തതയിൽ വെടിഞ്ഞതില്ലേ?
നന്ദിയും സ്നേഹവും നിങ്ങൾക്കറിവീല
സങ്കടം കൊണ്ടു കരഞ്ഞുപോയ് ഞാൻ
എന്നെത്തനിച്ചാക്കി വാതിലടയ്ക്കുന്നു
നിങ്ങൾ സുഖമായുറങ്ങിടുമ്പോൾ
കാവലാൾ മാത്രമായെന്റെ ജന്മം, ഇതാ
വീടിനു ചുറ്റും കിതച്ചിടുന്നു.



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനു സ്വന്തം കെട്ടിടം – സർക്കാരിന്റെ പിന്തുണ





പരിമിതികളാൽ വീർപ്പുമുട്ടുന്ന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള യജ്ഞത്തിന് ബഹു. മുഖ്യമന്ത്രി പിണറായി വിജയന്റെ പിന്തുണ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 25 പുസ്തകങ്ങളുടെ പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ സർക്കാരിന്റെ ഭരണകാലയളവിൽത്തന്നെ ഇൻസ്റ്റിറ്റ്യൂട്ടിന് അഭിമാനർഹമായി ഈ നേട്ടമുണ്ടാക്കാൻ കഴിയണം. സർക്കാരിന്റെ ഭാഗത്തുനിന്നും അതിനുള്ള എല്ലാവിധ സഹായവും ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഹർഷാരവത്തോടെയാണ് സദസ്സ് ഈ വാക്കുകളെ എതിരേറ്റത്.

നമ്മുടെ ഇളംതലമുറയെ കുറിച്ച് കരുതലുള്ള എഴുത്തുകാരിൽനിന്ന് കൂടുതൽ ബാലസാഹിത്യരചനകൾ സൃഷ്ടിക്കാൻ കഴിയണം. സ്വന്തം ഭാഷയിൽ അഭിമാനിക്കാനാവാത്തവരായി നമ്മുടെ പുതുതലമുറ മാറാൻപാടില്ല. മാതൃഭാഷ ഒഴിവാക്കപ്പെടുന്ന അവസ്ഥ അനുവദിക്കാനാവില്ല എന്നു തീരുമാനിച്ചാണ് മലയാളം ഒന്നാം ഭാഷയാക്കി സർക്കാർ ഉത്തരവിറക്കിയത്.

പ്ലേ-സ്കൂളുകളിൽ മലയാളം ഒഴിവാക്കുന്നത് തടയണമെന്ന് വിശിഷ്ടാതിഥിയായിരുന്ന സുഗതകുമാരി പറഞ്ഞു. മലയാളം ഒന്നാം ഭാഷയാക്കാനും കൃഷിക്ക് പ്രാധാന്യം നൽകാനും നടപടിയെടുത്ത സർക്കാർ അഭിനന്ദനമർഹിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടമുണ്ടാവേണ്ടതിന്റെ ആവശ്യവും സുഗതകുമാരി ചൂണ്ടിക്കാണിച്ചു. വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി രവീന്ദ്രനാഥും ചടങ്ങിൽ പങ്കെടുത്തു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# പ്രകാശനം ചെയ്ത 25 പുസ്തകങ്ങൾ



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 October 2017
Regd KL/TV (N)/399/2015-2017 Published on 29-09-2017 Vol:23, Issue:10, ₹20

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




# തളിര്

കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.